# FMPB മിത്രസമാചാർ

(for private circulation only)

വാല്യം : 12 ലക്കം : 7 ജൂലൈ : 2022



**മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.**

(മത്തായി.5:16)

# ആമുഖം ...

## മിഷൻ ചിന്താഗതിയുള്ള സഭകൾ എഴുന്നേൽക്കട്ടെ!



ഇന്നു സഭയുടെ പ്രവർത്തനത്തെ സാധുക്കളെ കരുതുക, രോഗികളെ സന്ദർശിക്കുക, മുറിവേറ്റവർക്കായി പ്രാർത്ഥിക്കുക, വിവാഹം, ജനനം, മരണം തുടങ്ങിയ ജീവിതത്തിലെ പ്രധാന സംഭവങ്ങളിൽ കൂടെ നിൽക്കുക എന്നിങ്ങനെയുള്ള ശുശ്രൂഷകളിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. നിലവിലുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പരിപാലന മനോഭാവത്തിലേക്കുവഴുതി മാറുമ്പോൾ നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെ നേടുക എന്ന കാതലായ വിഷയം മറന്നുപോകുക എന്ന വലിയ അപകടത്തിലേക്കു സഭ വീഴുകയാണ്. മഹാനിയോഗത്തിന്റെ ആത്മാവ് സഭക്കു നഷ്ടപ്പെടുമ്പോൾ സഭ അതിന്റെ നിലനിൽപ്പിന്റെ കാരണം അടിയറ വെക്കുകയാണ്.

ദൈവം ഒരു മിഷനറി ദൈവമാകുന്നു എന്നതു നാം ഒരിക്കലും മറക്കരുത്.
വേദപുസ്തകം ഒരു മിഷനറി പുസ്തകം ആകുന്നു.
സുവിശേഷം ഒരു മിഷനറി സന്ദേശം ആകുന്നു.
സഭ ഒരു മിഷനറി സ്ഥാപനം ആകുന്നു.

സഭ മിഷനറി ചിന്താഗതി അവസാനിപ്പിക്കുമ്പോൾ സഭ ദൈവദത്തമായ വിശ്വാസത്തെ വഞ്ചിക്കുന്നു. നാം മിഷനറി ചിന്താഗതിയുള്ള സഭയല്ലെങ്കിൽ നമുക്കു ക്രിസ്തു കേന്ദ്രീകൃതമായ സഭയാകുവാൻ കഴികയില്ല.

അടിസ്ഥാനപരമായി സഭക്കു നിരവധി ഉത്തരവാദിത്വങ്ങൾ ഉണ്ട്, പക്ഷേ ഒരേ ഒരു ദൗത്യമേ ഉള്ളു: സകല ജാതികളെയും ശിഷ്യരാക്കുക (മത്തായി. 28:19,20). സഭക്കുള്ള ഈ മിഷനറി ആഹ്വാനം പൂർത്തീകരിക്കുവാൻ സഭക്കു മിഷൻ ഉണ്ടാകണം. സുവിശേഷം എത്തിച്ചേരാത്തവരുടെ ഇടയിൽ നേരിട്ടു സുവിശേഷം എത്തിക്കുക എന്ന അവരുടെ പ്രതിബദ്ധതയുടെ കാര്യത്തിൽ സഭകൾക്കു കുപ്രസിദ്ധമായ മോശം ചരിത്രമാണ് ഉള്ളത്. മിഷനറി പ്രവർത്തനത്താൽ സ്ഥാപിച്ച സഭകളും മിഷൻ പ്രവർത്തനം ചെയ്യുന്നതിനു സംഘടനകളെ ഉരുവാക്കി അവയെ സഹായിക്കുന്നു. സുവിശേഷം ശ്രവിച്ചിട്ടില്ലാത്തവരിലേക്കു സുവിശേഷം എത്തിക്കുക എന്ന പ്രത്യേക സാഹസിക ദൗത്യം ഏറ്റെടുക്കുന്നതിനു സഭക്കുള്ളിൽ നിന്നു പ്രചോദിതരായ വ്യക്തികളിലൂടെയാണ് മിഷനറി മുന്നേറ്റ പ്രസ്ഥാനം മുന്നോട്ടു പോകുന്നത് എന്നത് ചരിത്രപരമാണ്. ആദിമ സഭകൾ വിജയകരമായിരുന്നു കാരണം അതിലെ ഓരോ അംഗങ്ങളും ദൗത്യ നിർവഹണത്തിൽ ഏർപ്പെട്ടിരുന്നു. അതുപോലെ സഭയും മിഷനും തമ്മിലുള്ള ബന്ധം ഒരു പുതിയ നിർണ്ണായകമായ മിഷനറി യുഗത്തിനു തുടക്കമിടും, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ നിന്നു പ്രത്യേക ശുശ്രൂഷക്കായി ആത്മിക വരദാനങ്ങളുള്ള വ്യക്തികളെ വേർതിരിച്ചു അയക്കുന്നതിൽ സഭകൾ പങ്കു ചേരുന്നു. എല്ലാ വിശ്വാസികളും മിഷൻ വയലിലേക്കു പോകുവാൻ വിളിക്കുന്നില്ല, എന്നാൽ എല്ലാ വിശ്വാസികൾക്കും രണ്ടു വിധത്തിൽ മിഷനറി പ്രവർത്തനത്തിൽ പങ്കാളികളാകാം: (1) മിഷനറിമാർക്കായി പ്രാർത്ഥിക്കുന്നതിലൂടെ (2) മിഷനറിമാരെ സാമ്പത്തികമായി സഹായിക്കുന്നതിലൂടെ

ലോകത്തെ സുവിശേഷീകരിക്കുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ നാം ദൈവസഭയിലെ അംഗങ്ങൾ മിഷൻ പ്രവർത്തനത്തിനു വേണ്ടി പ്രാർത്ഥിക്കുവാനും സഹായിക്കുവാനും മടിക്കുമ്പോൾ നാം നേരിട്ടു ദൈവഹിതത്തെ എതിർക്കുകയല്ലേ? നാം മിഷനിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരാണോ? അതോ മിഷനെ സഹായിക്കുന്നവരാണോ? ക്രിസ്ത്യാനികൾ മിഷൻ സംഘടനക്കും സഭക്കും കൂടുതൽ ഊന്നൽ കൊടുക്കുന്നത് അവസാനിപ്പിച്ച് സുവിശേഷത്തിനു ഊന്നൽ നൽകിയാൽ സഭയും മിഷനും തമ്മിലുള്ള സംഘർഷം ഇല്ലാതാകും. തത്ഫലമായി നിത്യ രക്ഷ നൽകുന്ന യേശുക്രിസ്തുവിന്റെ സുവിശേഷം ശ്രവിച്ചിട്ടില്ലാത്തവരും സ്പർശിച്ചിട്ടില്ലാത്തവരുമായ ശേഷിക്കുന്ന ജനത്തെ നേടുന്ന വെല്ലുവിളി ഏറ്റെടുക്കുവാൻ ഉചിതമായ മാർഗ്ഗത്തിലൂടെ സഭക്കും മിഷനും ഒരുമിച്ചു ചേരാനാകും.

- ജെ. ജെ. ഹാരീസ് (കമ്യൂണിക്കേഷൻ വിഭാഗം)

നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശതത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിഷാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. (1പത്രൊസ് 2:9)

“സഭ ‘ക്രിസ്തുവിൽ‘ ആകുന്നുവെങ്കിൽ, അവൾ ദൗത്യ നിർവഹണ ത്തിൽ ഏർപ്പെട്ടിരിക്കും. അവളുടെ മുഴുവൻ ആസ്തിത്വത്തിനും ഒരു മിഷനറി സ്വഭാവം ഉണ്ട്. അവളുടെ പെരുമാറ്റവും വാക്കുകളും അവിശ്വാസികളെ ബോധവൽക്കരിക്കുകയും അവരുടെ മൂഢത്വവും അജ്ഞതയും ഇല്ലാതാക്കുകയും ചെയ്യും” – ഡേവിഡ് ബോഷ്

കൊയ്ത്തു വളരെ ഉണ്ടു സത്യം; വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോടു തന്റെ കൊയ്ത്തിനു വേലക്കാരെ അയക്കേണ്ടതിനു അപേക്ഷിപ്പിൻ. (ലൂക്കോസ്. 10:2)

“സഭയും മിഷനും ചേർന്നു പരസ്പരപൂരകമായി സമൂഹത്തിൽ വിപുലമായ തോതിൽ പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യതക്കു ഊന്നൽ നൽകിക്കൊണ്ട് ദൈവം പെന്തക്കൊസ്തനാളിൽ സഭയുടെയും മഷന്റെയും ഉത്ഘാടനം ഒരുമിച്ചു നിർവഹിച്ചു”. – സാം കമലേശൻ

- മിത്രസമാചാർ FMPB യുടെ ഔദ്യോഗിക പത്രികയാണ്.
- FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു
- ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.
- വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.
- സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, ചൂരക്കുഴിയിൽ,
മക്കപ്പുഴ. പി. ഒ, റാന്നി, പത്തനംതിട്ട
Mob: 9495 309 335; 90740 03768
E-mail: sajifmpb@gmail.com



*Publisher & Editor*
Rev. **സുദർശൻ തോമസ്**

മിത്രസമാചാർ

***FMPB*** യുടെ പ്രതിമാസ സൂനം


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

Layout and Preparation:
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



**സു**വിശേഷം ശ്രവിക്കാത്ത ഇന്ത്യക്കാരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സർവ്വശക്തിയുള്ള നാമത്തിൽ സ്നേഹവന്ദനം.

നമ്മുടെ വിശ്വാസത്തിന്റെയും ആത്മീക വളർച്ചയുടെയും ജീവശ്വാസം ദൈവ വചനം ആകുന്നു. പരിശുദ്ധാത്മാവ് ദൈവമക്കളുടെ ഉള്ളിൽ ദൈവവചനത്തിനായുള്ള ദാഹം ഉരുവാക്കുന്നു. എന്നാൽ ദൈവവചനം ആഴത്തിൽ വായിക്കുന്നതിനും ധ്യാനിക്കുന്നതിനും പകരം അവിടെയും ഇവിടെയും ഒക്കെ വായിച്ചും മറ്റു വല്ലവരുടെയും വാക്കുകൾ ശ്രദ്ധിച്ചും സംതൃപ്തിയടയുന്നു. ആമോസ് എട്ടാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിൽ പറയുന്നത് "അന്ന് അവർ സമുദ്രം മുതൽ സമുദ്രം വരെയും വടക്കു മുതൽ കിഴക്കു വരെയും ഉഴന്നു ചെന്നു യഹോവയുടെ വചനം അന്വേഷിച്ചു അലഞ്ഞു നടക്കും; കണ്ടു കിട്ടുകയില്ല താനും". അനേക ദുരുപദേശങ്ങളും സിദ്ധാന്തങ്ങളും പരക്കുന്ന ഈ നാളുകളിൽ സത്യസുവിശേഷത്തിൽ ഉറച്ചു നിൽക്കുന്നതിനു ജാഗ്രതയോടെ വചനം അന്വേഷിക്കേണ്ടതു അത്യാവശ്യമായിരിക്കുന്നു. കർത്താവിന്റെ നാളിൽ നാം എല്ലാവരും ദൈവസന്നിധിയിൽ കളങ്കമില്ലാത്തവരായി നിൽക്കുമാറാകട്ടെ.

മെയ്, ജൂൺ മാസങ്ങളിലെ FMPB യുടെ ശുശ്രൂഷ വളരെ ഉല്പാദനക്ഷമവും അനുഗ്രഹീതവുമായിരുന്നു.

## ഗുജറാത്തിലെ കവാന്തിലുള്ള വസ്തുവിന്റെ രജിസ്ട്രേഷൻ

ഗുജറാത്തിൽ കവാന്തിലുള്ള ഭീൽ ജാതിക്കൂട്ടത്തിലെ കുട്ടികൾക്കായുള്ള ബാലഭവനം വാടകക്കെട്ടിടത്തിലാണ് അനേക വർഷങ്ങളായി നടത്തി വന്നിരുന്നത്. ദീർഘ നാളുകളായുള്ള നമ്മുടെ പ്രാർത്ഥനയുടെ ഫലമായി ഈ നിർധനരായ കുട്ടികൾക്കായി ഒരു ബാലഭവനം പണിയുന്നതിനു വാങ്ങിയ വിശാലമായ വസ്തുവിന്റെ രജിസ്ട്രേഷൻ പൂർത്തീകരിക്കുവാൻ ദൈവം സഹായിച്ചു. ജൂൺ മാസത്തിൽ ഈ വസ്തു FMPB യുടെ പേരിൽ രജിസ്ട്രർ ചെയ്തു. ഈ വസ്തു വാങ്ങുന്നതിനു FMPB യുടെ പ്രാദേശിക ഭീൽ സഭകൾ 25 ലക്ഷം രൂപ സംഭാവനയായി നൽകി.

## തമിഴ്നാട് വാർഷിക കൺവൻഷൻ 2022

തമിഴ്നാട് വാർഷിക കൺവൻഷൻ ജൂൺ 2 രാവിലെ ആത്മീക തീക്ഷ്ണതയോടെ ആരംഭിച്ചു. ഈ സമ്മേളനത്തിന്റെ ഉത്ഘാടനം സിഎസ്ഐ തിരുനെൽവേലി മഹായിടവക ബിഷപ്പ് Rt. Rev. ARGST. ബർന്നബാസ്. നിർവഹിച്ചു. നമ്മുടെ പ്രതീക്ഷക്കപ്പുറമായി 2957 പേർ ഈ സമ്മേളനത്തിൽ പേര് രജിസ്ട്രർ ചെയ്തു സംബന്ധിച്ചു. സുവിശേഷം എത്തിയിട്ടില്ലാത്ത മേഖലകളിൽ സുവിശേഷം എത്തിക്കുന്നതിന്റെ ആവശ്യകത നമ്മുടെ മിഷനറിമാരും വിശ്വാസികളും അവതരിപ്പിച്ചു. ജൂൺ 3 ന് നടത്തിയ ഉപവാസ പ്രാർത്ഥന വലിയ അനുഗ്രഹമായിരുന്നു. ഉപവാസ പ്രാർത്ഥന ദിനം കുട്ടികൾക്കു ഭക്ഷണം നൽകിയെങ്കിലും 60 കുട്ടികൾ ഉപവാസത്തോടെ പ്രാർത്ഥനയിൽ സംബന്ധിച്ചു.

## അമൃത്സർ മഹായിടവക കൗൺസിൽ

മഹായിടവക കൗൺസിൽ യോഗത്തിൽ സംബന്ധിക്കുന്നതിനു FMPB യെ അമൃത്സർ മഹായിടവക ബിഷപ്പ് Rt. Rev. P. K. സാമന്തറായ് ക്ഷണിച്ചു. വാർഷീക കൺവൻഷനിൽ സംബന്ധിക്കേണ്ടിയിരുന്നതിനാൽ എനിക്കു പകരം FMPB യെ പ്രതിനിധികരിച്ച് നോർത്ത് വെസ്റ്റേൺ സോണൽ സെക്രട്ടറി റവ. ജോൺ കുമാർ സംബന്ധിക്കുകയും ജനറൽ സെക്രട്ടറിയുടെ ആശംസകൾ വായിക്കുകയും ചെയ്തു.

## ആത്മീക സമ്മേളനം

കുടുംബത്തോടൊപ്പം വർഷത്തിൽ ഒരിക്കൽ ആത്മീക നവോന്മേഷത്തിനായി സോണൽ തലത്തിൽ ഒരുമിച്ചു കൂടുന്നതിനു FMPB എല്ലാ മിഷനറിമാരെയും ഉത്സാഹിപ്പിക്കുന്നു. ഈ യോഗങ്ങൾ വിവിധ സ്ഥലങ്ങളിലായി സംഘടിപ്പിക്കുന്നു. ജമ്മുവിലെ ഹിൽ സെന്ററിൽ ജൂൺ 7,8 തീയിതികളിൽ ക്രമീകരിച്ച നോർത്ത് വെസ്റ്റേൺ സോണൽ മിഷനറിമാരുടെ സമ്മേളനത്തിൽ ഞാൻ പങ്കെടുത്തു. മൂന്നണി പോരാളികളായ നമ്മുടെ മിഷനറിമാരുടെയും അവരുടെ മക്കളുടെയും കൂടെയുള്ള കൂട്ടായ്മ വളരെ സന്തോഷകരമായിരുന്നു.

## അഭിമുഖവും ഓറിയന്റേഷനും

ജൂൺ 14 ന് ചെന്നയിൽ വെച്ചു നടത്തിയ അഭിമുഖത്തിൽ 26 പേർ സംബന്ധിച്ചതിൽ നിന്നു 16 പേരെ തിരഞ്ഞെടുത്തു. മുമ്പ് ആറു പേരെ തിരഞ്ഞെടുത്തിരുന്നു. ഈ വർഷം ഇതുവരെയായി 20 മിഷനറിമാരെ ദൈവം നൽകി. കൊയ്ത്തിന്റെ യജമാനനോടു തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ അയക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## നേർത്തേൺ ഇവാൻജലിക്കൽ ലൂഥറൻ സഭ മോഡറേറ്ററുടെ അഭിഷേക ശുശ്രൂഷ

Rt. Rev. ഇശിലാഷ് ബസുമതരിയെ NELC യുടെ ആറാമത്തെ മോഡറേറ്ററായി ജൂൺ 15 ന് ജാർഖണ്ഡിലെ ദുംകയിൽ വെച്ചു അഭിഷേകം ചെയ്തു. ഈ സഭയുമായി FMPB ക്കു ആഴമായ ബന്ധമുണ്ട്. സ്ഥാനം ഒഴിയുന്ന മോഡറേറ്റർ Rt. Rev. ബജേൽ മുർമ്മുവിന്റെ സമയത്തു സഭയുമായുള്ള നമ്മുടെ പങ്കാളിത്വം വലിയ തോതിൽ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ജാർഖണ്ഡിലെ സന്താൾ മേഖലയിൽ പ്രവർത്തിക്കുന്ന നമ്മുടെ മിഷനറിമാർ ഈ അഭിഷേക ശുശ്രൂഷയിൽ സംബന്ധിക്കുകയും ജനറൽ സെക്രട്ടറിയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു. മോഡറേറ്റർക്കായും സഭക്കായും FMPB പ്രർത്ഥിക്കുന്നതാണ്.

## ദാവർ ഇന്റർനാഷണൽ

ദാവർ ഇന്റർ നാഷണലിന്റെ പ്രതിനിധികൾ ജൂൺ 11 ന് നമ്മുടെ ആഫീസ് സന്ദർശിച്ചു. നമ്മുടെ വിശ്വാസികളുടെ ഉപയോഗത്തിനായി തിരുവചനത്തിന്റെ ശബ്ദരേഖ അവരുടെ ഉന്നത നിലവാരത്തിലുള്ള സ്റ്റുഡിയോയിൽ റിക്കേർഡു ചെയ്യുന്നതിനെ സംബന്ധിച്ചു ചർച്ചകൾ നടത്തി. തുടക്കത്തിൽ ആറുഭാഷകൾ റിക്കേർഡിംഗിനായി തിരഞ്ഞെടുത്തു.

## UESI യോഗങ്ങൾ

യൂണിയൻ ഇവാൻജലിക്കൽ സ്റ്റുഡന്റ്സ് ഓഫ് ഇന്ത്യയുടെയും FMPB യുടെയും നേതാക്കന്മാർ ജൂൺ 15 ന് യോഗം ചേരുകയും ബന്ധപ്പെട്ട ബോർഡുകളുടെ അംഗീകാരത്തിനു ശേഷം ഒപ്പു വെക്കേണ്ട പരിഷ്കരിച്ച ധാരാണ പത്രത്തിനു അന്തിമരൂപം നൽകി.

ജൂലൈ മാസത്തെ പ്രോഗ്രാമുകൾക്കും യോഗങ്ങൾക്കുമായുള്ള നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയെ ഞാൻ അഭിനന്ദിക്കുന്നു. ജൂലൈ നടക്കുവാൻ പോകുന്ന ചില യോഗങ്ങളുടെ വിവരം രേഖപ്പെടുത്തുന്നു.

ട്രിച്ചി – തഞ്ചാവൂർ മഹായിടവകയുടെ ജൂലൈ 8,9 തീയതികളിൽ നടത്തുന്ന മിഷൻ കൺവൻഷനിൽ പ്രസംഗിക്കുവാൻ എന്നെ ക്ഷണിച്ചിട്ടുണ്ട്. അതിനെ തുടർന്നു ജൂലൈ 13 – 20 വരെ ജാർഖണ്ഡിലുള്ള മിഷൻ വയലുകൾ സന്ദർശിക്കുന്നതാണ്. 15 –ാം തീയതി

# ദൗത്യ നിർവഹണത്തിനായി സഭ എഴുന്നേൽക്കട്ടെ!



"അല്ലയോ, സഭയെ എഴുന്നേൽക്കുക," എന്നത് ഇന്നിന്റെ ആഹ്വാനമാകുന്നു. സങ്കീർത്തനക്കാരൻ കർത്താവിങ്കലേക്കു നോക്കി സങ്കടത്തോടെ ചോദിക്കുന്നു, നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? (സങ്കീ.85:6). സങ്കീർത്തനക്കാരന്റെ പ്രത്യാശ എന്താകുന്നു? "യഹോവേ, നീ നിന്റെ ദേശത്തെ കടാക്ഷിച്ചിരിക്കുന്നു";... (സങ്കീ. 85:1) ... "വീണ്ടും ജീവിപ്പിക്കണമേ" (സങ്കീ.85:6). പ്രീതിയും പുനർജ്ജീവനവുമാണ് പ്രഥമിക ശ്രദ്ധ. അവരുടെ ജീവിതം പുനർജ്ജീവിപ്പിക്കുക എന്നതാണ് ശ്രദ്ധാകേന്ദ്രം. പുർജ്ജീവിപ്പിക്കുക എന്നത് ഇവിടെ അർത്ഥമാക്കുന്നത് 'ആദ്യത്തെ സമർപ്പണത്തിലേക്കും മഹത്വത്തിലേക്കും മടക്കി കൊണ്ടുവരിക' എന്നാകുന്നു. നമ്മൾ, അതായത് സഭ ഉണർവ്വ് പ്രാപിക്കണമെങ്കിൽ നാം ജീവനുള്ള സഭയായി എഴുന്നേൽക്കണം. ഞങ്ങളുടെ പ്രാർത്ഥന ഇതാകുന്നു, "കർത്താവേ ഞങ്ങൾക്കു ജീവൻ നൽകണമേ." നിർജ്ജീവ അവസ്ഥയിൽ നിന്നു ഉന്നതമായ ജീവനുള്ള നിലയിലേക്കു നമുക്കു എഴുന്നേൽക്കാം. ഞങ്ങളിൽ ഉണ്ടാകുന്ന ഉയർന്ന തലത്തിലുള്ള നവീകരണം ആസ്വദിക്കുന്നതിനുള്ള പദവി ഞങ്ങൾക്കു തരിക.

വീണ്ടും ജനനം പ്രാപിച്ച ഓരോ വിശ്വാസിയുടെയും ഉണർവ്വിന്റെ അനുഭവം വിശ്വാസികളുടെ സംഘത്തിന്റെ അതായത് സഭയുടെ പുനർജ്ജീവനത്തിന്റെ ചാലക ശക്തിയായി മാറുമെന്നു ഞങ്ങൾ കരുതുന്നു. ഇതു കൂടാതെ, ഓരോ വ്യക്തിയുടെ നവോത്ഥാന അനുഭവവും വിശ്വാസികളുടെ ഏകീകൃത നവോത്ഥാന ദർശനമായി മാറും. അതു മാത്രമല്ല ദൈവരാജ്യത്തിലേക്കു ചേരുന്നതിനു ജനകോടികളെ ഒന്നിപ്പിക്കുന്ന ചലനാത്മക ശക്തിയായി ഇത് വളരും. ഇതു കൂടാതെ, അതു വളർന്നു യേശുക്രിസ്തുവാകുന്ന സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദർശനമുള്ള മുന്നേറ്റ പ്രസ്ഥാനമെന്ന ഘട്ടത്തിലേക്കു ഇതു വളരും.

സഭയിലെ നമ്മുടെ ജീവിതത്തെയും സ്ഥാനത്തെയും കുറിച്ചുള്ള ആദ്യവരികളുടെ വെളിച്ചത്തിൽ നമുക്കു നമ്മെത്തന്നെ പരിഗണിക്കാം. നമ്മുടെ കാലഘട്ടത്തിൽ മഹത്തായ നവോത്ഥാനത്തിനായി വിശ്വാസികൾ എങ്ങനെ എഴുന്നേറ്റു പ്രകാശിക്കും? താഴെ പറയുന്ന രണ്ടു അടിസ്ഥാന വീക്ഷണത്തിലൂടെ നമുക്കു നോക്കാം.

---

പുതുതായി ചുമതലയേറ്റെടുത്ത NELC മോഡറേറ്ററുമായി കൂടിക്കാഴ്ച ക്രമീകരിച്ചിരിക്കുന്നു.

ജൂലൈ മാസത്തിന്റെ ഒടുവിൽ മിഷൻ വയലിലുള്ള സോണൽ സെക്രട്ടറിമാരുടെ മൂന്നു ദിവസത്തെ യോഗം നാഗപ്പൂരിൽ ക്രമീകരിച്ചിരിക്കുന്നു. നമ്മുടെ രാജ്യത്തെ നേടുന്നതിനു നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

കർത്താവിന്റെ ദൗത്യ നിർവഹണത്തിൽ നിങ്ങളുടെ സഹയാത്രികൻ



റവ. ജോൺ ബർലിൻ എസ്.

## 1. ദൈവവചനം

ഒന്നാമതായി ഒരു വ്യക്തിയുടെ ജീവിത ശൈലിയിൽ ഗതിനിയന്ത്രണ ചക്രമായി ദൈവവചനം പങ്കുവഹിക്കുന്നു, അവനിൽ മാനസാന്തരം (ഗതി മാറ്റം) ഉണ്ടാക്കുന്നതിനൊപ്പം ദൈവസഭയുടെ കൂട്ടായ്മയിലുള്ള മറ്റു വിശ്വാസികളുടെ ജീവിതങ്ങളിലും മാനസാന്തര അനുഭവം ഉളവാക്കുന്നു. കർത്താവിനായി എഴുന്നേറ്റു പ്രകാശിക്കുന്നതിനു വിശ്വാസികൾക്കു നവോത്ഥാനവും ചലനാത്മശക്തിയും ദൈവവചനം നൽകുന്നു. വേദപുസ്തകം പറയുന്നു, "അവർ (ബരോവയിലുള്ളവർ) തെസ്സലോനീക്കയിലുള്ളവരേക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു" (അ.പ്ര. 17:11). തീർച്ചയായും ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ ശുശ്രൂഷയിൽ വേദപഠനക്കൂട്ടത്തിന്റെ പ്രവർത്തനത്തിനു പ്രധാന സ്ഥാനമുണ്ട്. ഇത്, യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിയിട്ടില്ലാത്തവരിലേക്കും എത്തിക്കുന്നതിനും മിഷൻ വയലിന്റെ പശ്ചാത്തലത്തിൽ പ്രാദേശിക സഭകളിൽ ഉണർവ്വ് ഉരുവാക്കുന്നതിനും കാരണമായി തീർന്നു.

ജാർഖണ്ഡിലെ സന്താൾ ഗോത്രവർഗ്ഗ വിശ്വാസികളുടെ ജീവിതവും ശുശ്രൂഷയും ജീവനില്ലാത്ത മനുഷ്യരെ ജീവദായക ശക്തിയായ കർത്താവായ യേശുക്രിസ്തുവിങ്കലേക്കു നയിക്കുന്നതിന്റെ വിശേഷവും ശ്രേഷ്ഠതയുമേറിയ ഉദാഹരണങ്ങളിൽ ഒന്നാകുന്നു. സന്താൾ ഗോത്രം ദൈവവചനത്തിന്റെ ശക്തി തിരിച്ചറിയുകയും അവരോടു ചേർന്നു കിടക്കുന്ന 'തേലി' ഗോത്രത്തിൽ സുവിശേഷം പങ്കുവെക്കുകയും ചെയ്തു. സുവിശേഷ പ്രഘോഷണം നൂറു കണക്കിനു തേലി വർഗ്ഗക്കാരെ യേശുക്രിസ്തുവിന്റെ രക്ഷാവലയത്തിലാക്കുകയും ആയിരകണക്കിനു ജനങ്ങൾ ദൈവസഭയിൽ ചേരുകയും ചെയ്തു. ഈ തേലി ഗോത്ര വർഗ്ഗ വിശ്വാസികൾ ജീവനുള്ള കർത്താവായ യേശുക്രിസ്തുവിന്റെ ഉത്തമ സാക്ഷികളായി ഇന്നും നിലനിൽക്കുന്നു.

അതിനാൽ, സന്താൾ ഗോത്രവർഗ്ഗ വിശ്വാസികളുടെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും വെളിച്ചത്തിൽ നമുക്കു നമ്മുടെ ജീവിതങ്ങളെ പരിശോധിക്കാം. നാം നമ്മുടെ ഉള്ളിൽ ജീവൻ അനുഭവിക്കുന്നുണ്ടോ? ജീവദായകനായ കർത്താവിനെ സമൂഹത്തിലെ ജീവനില്ലാത്ത ജനങ്ങളെ പരിചയപ്പെടുത്തുന്നുണ്ടോ? ദൈവവചനത്തിലൂടെ നമ്മിലുണ്ടായ ജീവൻ, അത്മാക്കളെ ആദായപ്പെടുത്തുന്ന ശുശ്രൂഷ ചെയ്യുന്നതിനും സഭയിൽ ആത്മീക ഉണർവ്വു കൊണ്ടുവരുന്നതിനു ചില ശ്രമങ്ങൾ നടത്തുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നുണ്ടോ?

## 2. കർത്താവിനോടുള്ള അനുസരണം

രണ്ടാമതായി സഭകളിലെ നവോത്ഥാനത്തിന് വ്യക്തികളും സംഘടിത മേഖലകളിലെ ആളുകൾക്കും അനുസരണ ജീവിതമെന്ന സദ്ഗുണം അനിവാര്യമായ ഘടകമാകുന്നു. സഭക്ക് അതിന്റെ ആലസ്യത്തിൽ എഴുന്നേറ്റു ഈ ലോകത്തിൽ കർത്താവിനു വേണ്ടി പ്രകാശിക്കുന്നതിനുള്ള രോഗശാന്തി തത്വമാകുന്നു അനുസരണം. രണ്ടു വ്യത്യസ്തമായ തലങ്ങളിലൂടെ അനുസരണം മനസ്സിലാക്കുവാൻ സാധിക്കും അത് ഇപ്രകാരമാണ്:

A. വ്യക്തിഗത ജീവിതത്തിലെ അനുസരണം വ്യക്തിപരമാകുന്നു.

B. സഭയിലെ വിശ്വാസികളുടെ സംഘടിത (ഏകികൃത) ജീവിതത്തിലെ അനുസരണം.

ഇതു നമുക്കു വിശദമായി പരിശോധിക്കാം.

## A. വ്യക്തിഗത ജീവിതത്തിലെ അനുസരണം വ്യക്തിപരമാകുന്നു.

ഒരു വ്യക്തിയുടെ വ്യക്തപരമായ ജീവിതത്തിലെ അനുസരണത്തിന് പരിധിയോ അതിരുകളോ അവസാനമോ ഇല്ല. വേദപുസ്തകത്തിൽ സുപ്രധാനമായി രേഖപ്പെടുത്തിയിരിക്കുന്ന യേശുക്രിസ്തുവിന്റെ ജീവിതം ഇതിനു ഉത്തമ ഉദാഹരണമാകുന്നു. "... (യേശുക്രിസ്തു) മരണത്തോളം ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിരുന്നു" (ഫിലി.2:8). മാത്രമല്ല, "(യേശുക്രിസ്തു) പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു" (എബ്രാ.5;8). ലോകത്തിൽ മാതൃകയുള്ള ജീവിതം നയിച്ചു. വേദപുസ്തകം കർക്കശമായി നമ്മെ പഠിപ്പിക്കുന്നു, "യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവെക്കു പ്രസാദകരമാകുമോ?"(1.ശമു.15:22).

അപ്പൊസ്തലനായ പൗലൊസിന്റെ ഉന്നതമായ സമർപ്പണവും സത്യസന്ധമായ അനുസരണവും ഒന്നാം നൂറ്റാണ്ടിൽ അനവധി സഭകളും ആരാധനക്കൂട്ടങ്ങളും ഉരുവാക്കുന്നതിനു ഇടയാക്കി. വില്യം കേറിയുടെ സമ്പൂർണ്ണ സമർപ്പണം ഒരു മിഷനറിയായി ഇന്ത്യയിലേക്കു പ്രവേശിക്കുന്നതിനും പശ്ചിമ ബംഗാളിൽ സെറാമ്പൂർ കോളജ് സ്ഥാപിക്കുന്നതിനും കാരണമായി. മാത്രമല്ല ദൈവ ശബ്ദത്തോടുള്ള അദ്ദേഹത്തിന്റെ അനുസരണം മൂലം നിരവധി ഭാഷകളിൽ വേദപുസ്തകം പരിഭാഷപ്പെടുത്തി. ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലെ ആരംഭകാല മിഷനറിമാരുടെ ചോദ്യം ചെയ്യാതെയുള്ള അനുസരണവും സമർപ്പണവും അനവധി ജാതിസമൂഹങ്ങളെ ദൈവീക പരിജ്ഞാനത്തിലേക്കു കൊണ്ടുവന്നു. ആ മഹത്വകരമായ ശുശ്രൂഷയുടെ ചരിത്രം ഇന്ത്യൻ സഭാ ചരിത്രത്തിൽ സ്വർണ്ണ ലിപികളാൽ രേഖപ്പെടുത്തിയിരിക്കുന്നു. അവ ഒരു സാഹചര്യത്തിലും മറ്റാർക്കും മാറ്റുവാൻ കഴികയില്ല. എല്ലാ മഹത്വവും ദൈവത്തിനു മാത്രം

## B. സഭയിലെ/ പ്രാർത്ഥനക്കൂട്ടത്തിലെ വിശ്വാസികളുടെ സംഘടിത (ഏകികൃത) ജീവിതത്തിലെ അനുസരണം.

സഭയിലെ വിശ്വാസികളുടെ സംഘടിത ജീവിതശൈലിയിലെ അനുസരണത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാകുന്നു ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലെ ഊർജ്ജസ്വലമായ പ്രാർത്ഥനക്കൂട്ടങ്ങൾ. വിശ്വാസികളെല്ലാവരും ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചു പോന്നു എന്ന് വേദപുസ്തകം രേഖപ്പെടുതത്തിയിരിക്കുന്നു (അ.പ്ര.1:14). ആദിമ സഭയിലെ പുതിയ വിശ്വാസികൾ പ്രാർത്ഥനക്കായി ഒരുമിച്ചു കൂടിയിരുന്നു (അ.പ്ര.2:42). ഒരുമിച്ചു കൂടുക അല്ലെങ്കിലൽ ഐക്യത എന്നത് അനുസരണത്തിന്റെ ബാഹ്യമായ അടയാളമാകുന്നു. യിസ്രായേൽ ജനം മോശെയോടു പ്രതികരിച്ചു പറഞ്ഞു, "യഹോവ കല്പിക്കുന്ന സകലകാര്യങ്ങളും ഞങ്ങൾ ചെയ്യും എന്നു ജനമൊക്കെയും ഏകശബ്ദത്തോടെ ഉത്തരം പറഞ്ഞു" (പുറ.24:3). ഇവിടെ **ഞങ്ങൾ ചെയ്യും** എന്ന വാചകം സംഘടിത സമൂഹം നേതാവിനെ അനുസരിക്കും എന്നതാണ് അർത്ഥമാക്കുന്നത്. ഇത് പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഉദാഹരണമാകുന്നു.

ഇന്ത്യൻ സഭാ ചരിത്രത്തിന്റെ താളുകളിൽ നിന്നുള്ള ഒരു ഉദാഹരണം കർത്താവായ യേശുക്രിസ്തുവിന്റെ മഹാനിയോഗത്തിനായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ച ഒരു കൂട്ടം വിശ്വാസികൾ 1959 ഡിസംബർ 26 മുതൽ 30 വരെ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചു. അന്ന് ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ഉദയം ചെയ്തു. ഇന്ന് ഇത് ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ മിഷനറി പ്രസ്ഥാനങ്ങളിൽ ഒന്നായിരിക്കുന്നു.

സംഘടനയിലെ വിശ്വാസികളുടെ ഐക്യജീവിതം ഇന്ത്യയിലെ അനേക ജനവിഭാഗങ്ങളിലേക്കു യേശുക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിനു വിശാലമായ വാതിലുകൾ തുറന്നിരിക്കുന്നു. മഹാനിയോഗത്തോടുള്ള അനുസരണത്തോടു കൂടിയ പ്രാർത്ഥനക്കൂട്ട സംഘാംഗങ്ങളുടെ സാക്ഷ്യജീവിതം രാജ്യത്താകമാനമുള്ള സഭകളെ ആത്മാക്കളെ നേടുന്നതിന് പരിഗണന നൽകുക, മിഷനറി വേല ചെയ്യുന്നതിനു ഭാരമുള്ളവരായിരിക്കുക, മിഷനറിമാർക്കു വേണ്ടി പ്രാർത്ഥിക്കുക, അവരെ സ്പോൺസർ ചെയ്യുക തുടങ്ങിയ മഹത്തായ ആശയം പഠിപ്പിച്ചു.

ഇപ്പോൾ, പ്രാർത്ഥനക്കൂട്ടത്തിലെ അംഗങ്ങൾ സഭയുടെ വാതിലുകളിൽ മുട്ടിവിളിച്ച് ഇന്ത്യയിലെ സുവിശേഷം ശ്രവിച്ചിട്ടില്ലാത്ത ജനങ്ങളിൽ സുവിശേഷം എത്തിക്കുക എന്ന ആദ്യകാല ദർശനത്തിലേക്കു സഭയെ എഴുന്നേൽപ്പിക്കേണ്ട സമയമാകുന്നു. പ്രാർത്ഥനക്കൂട്ടങ്ങൾ എഴുന്നേറ്റു പ്രകാശിക്കട്ടെ, - ജീവൻ പകർന്നു നൽകി, സുവിശേഷം എത്തിച്ചു ജനങ്ങളെ നേടുക എന്ന കർത്താവിന്റെ ഹൃദയമിടിപ്പ് പങ്കുവെക്കാം. അതാതു സ്ഥലത്തെ/പ്രദേശത്തെ/ ജില്ലയിലെ/ സംസ്ഥാനത്തെ പ്രാദേശിക സഭകളിൽ പ്രാർത്ഥനക്കൂട്ടത്തിലെ അംഗങ്ങൾ ഈ അതുല്യമായ ദർശനം ആശയവിനിമയം നടത്തട്ടെ. താഴെ പറയുന്ന ഗാനത്തന്റെ വരികളിലൂടെ മിഷനറി ദർശനം പ്രകാശിതമാകുന്നു. നമ്മുടെ തളർന്ന കരങ്ങൾ ശക്തമാകട്ടെ... നമ്മുടെ ക്ഷീണിച്ച കാലുകൾ ബലപ്പെടട്ടെ... ലക്ഷ്യത്തിലേക്കു മുന്നേറാം. ഈ വാക്കുകൾ നമുക്കു ജീവൻ നൽകട്ടെ. യേശുക്രിസ്തുവിന്റെ സുവിശേഷം ശ്രവിച്ചിട്ടില്ലാത്ത ജനക്കൂട്ടങ്ങളെ നേടുക എന്ന ലക്ഷ്യത്തിലേക്കു നമ്മെ തള്ളി വിടട്ടെ. നമ്മുടെ സഭകൾ/ പ്രാർത്ഥനക്കൂട്ടങ്ങൾ നമ്മുടെ സമൂഹത്തിലെ ജീവിത നവോത്ഥാനത്തിന്റെയും പുതുക്കത്തിന്റെയും പരിവർത്തനം വളരെയധികം അനുഭവിക്കട്ടെ.

അതെ, ഇന്ത്യയിലെ സുവിശേഷം ശ്രവിക്കാത്ത ജനങ്ങളെ നേടുന്നതിനു സഭയുടെയും പ്രാർത്ഥനക്കൂട്ടത്തിന്റെയും ഉണർവ്വ് നിരസിക്കുവാൻ കഴിയാത്ത യാഥാർത്ഥ്യം ആകുന്നു. ഇടവിടാതുള്ള പ്രാർത്ഥന ജീവിതം സഭയിൽ സമ്പൂർണ്ണത കൊണ്ടുവരുന്നു. സഭകളുടെയും പ്രാർത്ഥനക്കൂട്ടങ്ങളുടെയും ഉണർവ്വിന്റെയും വളർച്ചയുടെയും മറഞ്ഞിരിക്കുന്ന വേരുകൾ വേദപഠനക്കൂട്ടവും വേദാന്വേഷക സംഘവും ആകുന്നു. ജീവനുള്ള കർത്താവുമായുള്ള വ്യക്തിഗത ബന്ധം നവീകരിക്കപ്പെടണം. സഭകളിലെയും പ്രാർത്ഥനക്കൂട്ടങ്ങളിലെയും നവോന്മേഷം പ്രാപിച്ച വിശ്വാസികൾ അവരുടെ തൊഴുത്തിനു വെളിയിലുള്ളവരെയും ദൈവരാജ്യ ഗണത്തിലേക്കു സ്വാഗതം ചെയ്യും.

നമ്മുടെ പ്രാർത്ഥനക്കൂട്ടങ്ങൾ പ്രാർത്ഥിക്കുന്ന സഭയോടു ചേർന്നു വിശ്വാസികളുടെ കൂട്ടായ്മയോടു കൈകോർത്തു വെല്ലുവിളികളുടെ കാഹളം മുഴക്കി നമ്മുടെ രാജ്യത്തു പുതിയ ആരാധനക്കൂട്ടങ്ങൾ സ്ഥാപിക്കുമാറാകട്ടെ. “ഓരോ വീട്ടിൽ നിന്നും ഒരു വ്യക്തി” എന്ന വാചകം നമ്മുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ആത്മീക ഉണർവ്വിന്റെയും ഉന്മേഷത്തിന്റെയും വെല്ലുവിളി നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും ഉളവാക്കട്ടെ. ദൈവത്തിന്റെ ഉന്നതമായ പദ്ധതികൾക്കായി നമുക്കു കരംകോർക്കാം. ദൈവത്തിന്റെ ഉന്നതപദ്ധതിയായ സുവിശേഷത്തിന്റെ പങ്കാളികളും പങ്കുകാരുമായി തീരാം. നമ്മുടെ കർത്താവായ യേശുക്രിസ്തു സകലത്തിനും ഉപരിയായ ദൈവമായ കർത്താവാകുന്നു എന്ന് നമ്മുടെ രാജ്യത്തെ ജനത കാണുകയും അനുഭവിക്കുകയും ചെയ്യുമാറാകട്ടെ. ആമേൻ, ഹല്ലേലുയ്യാ!

**- റവ. കെ. പ്രഭാകര സാരഥി, FMPB**

# FMPB സഭയുടെ കരം



ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ഒരു സഭയോ സ്ഥാപനമോ അല്ല. ഇതു സഭയോടു ചേർന്നു പ്രവർത്തിക്കുന്ന ഒരു മുന്നേറ്റ പ്രസ്ഥാനമാകുന്നു. ഇതു ഒരു കാലത്തും ഒരു സഭയായി മാറുകയില്ല. ഇതു വിവിധ സമുദായങ്ങൾ ചേർന്നുള്ളതും പ്രകൃതത്തിൽ വ്യത്യസ്ഥ സമുദായങ്ങളോടു ചേർന്നു നിൽക്കുന്നതുമാകുന്നു. സമൂദായിക/ സഭാ വത്യാസമില്ലാതെ എല്ലാ വിശ്വാസികളോടും ചേർന്നു നിന്നു ക്രിസ്തീയ വിശ്വാസികളോ സഭകളോ ഇല്ലാത്ത ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ച് പുതിയ സഭകൾ സ്ഥാപിച്ചു ഏറ്റവും അടുത്തുള്ള സഭകളിൽ ലയിപ്പിക്കുക. വാസ്തവത്തിൽ ഇത് സഭയുടെ കരമാണ്. നമ്മുടെ കാലത്ത് ദൈവവിളിയോടുള്ള സാന്ദർഭികമായ അനുസരണമെന്ന നിലയിൽ മിഷനറി ദർശനം സഭകളിൽ പങ്കുവെച്ചു സഭയുടെ ഉണർവ്വിനായി പ്രവർത്തിക്കുന്നതിനു FMPB പ്രതിജ്ഞാബദ്ധമാകുന്നു. നാം പ്രാർത്ഥന പിന്തുണ സമാഹരിക്കുന്നതിനൊപ്പം ഇന്ത്യൻ വിഭവങ്ങളും സമാഹരിക്കുന്നു അതുവഴി സമൂഹത്തിനു ഉള്ളിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ട് സഭയെ സേവിക്കുവാൻ പുരുഷന്മാരെയും സ്ത്രികളെയും പ്രാപ്തരാക്കുന്നു. യേശുക്രിസ്തുവിനായും ദൗത്യനിർഹണത്തിനായും സമർപ്പിതരായ യൗവ്വനക്കാരെ വിളിച്ച് അവരെ പരിശീലിപ്പിച്ച് സുവിശേഷം കേൾക്കാത്ത ജനങ്ങളെ നേടി അവരെ പഠിപ്പിച്ച് ശിഷ്യന്മാരാക്കി തീർത്ത് സഭയെ സേവിക്കുന്നതിനു FMPB ശ്രമിക്കുന്നു.

FMPB ക്കു രണ്ട് ലക്ഷ്യങ്ങൾ: (1) സഭയുടെ ഉണർവ്വ് (2) സുവിശേഷം കേൾക്കത്തവരെ സുവിശേഷത്താൽ നേടുക. വാസ്തവത്തിൽ ഇതു സഭയോടുള്ള ദൗത്യവും സഭയുടെ ദൗത്യവും നിറവേറ്റുന്നു. പ്രാദേശിക സഭയെ സേവിക്കുക എന്നത് FMPB യുടെ ആഴമായ സമർപ്പണമാകുന്നു. അതിന്റെ പ്രാഥമിക വിളി പൂർത്തീകരിക്കുവാൻ FMPB സഭകളുമായി പങ്കാളിത്തം സ്ഥാപിക്കുന്നു. സഭയുടെ ചരിത്രപരമായ വികസനങ്ങളിലും പങ്കാളികളാകുന്നതിനൊപ്പം താഴെ വിവരിക്കുന്ന വിധത്തിൽ സഭയുടെ വിളിക്കു സംഭാവനകൾ നൽകുന്നു.

## പ്രാർത്ഥന മുന്നേറ്റം

പ്രാർത്ഥനക്കൂട്ടങ്ങൾ FMPB യുടെ അടിസ്ഥാന ഘടകമാകുന്നു. സംഘടനയെ മുന്നോട്ടു നയിക്കുന്നതിനുള്ള ഇന്ധനം ഇതു നൽകുന്നു. ഈ പ്രസ്ഥാനം പ്രാർത്ഥനയിൽ ജനിച്ചതാണെന്നത് വാസ്തവമാകുന്നു. പൂർണ്ണ മനസ്സോടും പൂർണ്ണ ഹൃദയത്തോടും കൂടെ ദൈവത്തെ പിൻപറ്റുന്നതിനും ഈ ഭൂമിയിൽ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിനും സമർപ്പിതരായ ദൈവം തിരഞ്ഞെടുക്കപ്പെട്ട യൗവ്വനക്കാരെ 1950 കളുടെ ആരംഭത്തിൽ പ്രാർത്ഥന ഒരുമിപ്പിച്ചു. നശിച്ചു പോകുന്ന ലോകത്തിനും ദേശത്തിനും വേണ്ടി ദിനംതോറും പ്രാർത്ഥിച്ചു. നശിച്ചു പോകുന്ന ആത്മാക്കളെ കുറിച്ചുള്ള ഭാരം ദൈവം അവരുടെ ഉള്ളിൽ പകർന്നു. ഇതേ കാഴ്ചപ്പാടുള്ള യൗവ്വനക്കാർ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചു. തത്ഫലമായി 1959 ൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ജന്മം എടുത്തു.

## പ്രാർത്ഥനക്കൂട്ട നേതാക്കന്മാർ

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ജനങ്ങളെ പ്രാർത്ഥിക്കുന്നതിനു ഉത്സാഹിപ്പിക്കുകയും പ്രാർത്ഥന പിന്തുണ സമാഹരിക്കുകയും ചെയ്തു. ഈ പ്രാർത്ഥനക്കൂട്ടത്തിൽ ചേരുന്നതിനും നേതാവാകുന്നതിനും ചില നിബന്ധനകൾ ആരംഭകാല നേതാക്കന്മാർ ഉരുവാക്കി.

- പ്രാർത്ഥനക്കൂട്ട അംഗത്തിന്/നേതാവിന് വീണ്ടും ജനന അനുഭവം നിർബന്ധമായും ഉണ്ടായിരിക്കണം.
- നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ നേടണമെന്ന അഭിനിവേശം ഉണ്ടായിരിക്കണം.
- അവർ പ്രാർത്ഥനക്കു മുൻഗണന നൽകണം. വ്യക്തിപരമായ പ്രാർത്ഥനക്കും സംഘം ചേർന്നുള്ള പ്രാർത്ഥനക്കും സമയം വേർതിരിക്കണം.
- ദൈവത്തിന്റെ ദൗത്യം പൂർത്തീകരിക്കുന്നതിനായി അവരുടെ ശരീര ആത്മദേഹിയെ സമ്പൂർണ്ണമായി സമർപ്പിക്കണം.

അങ്ങനെ പ്രാർത്ഥന സമാഹരിക്കുന്നതിനും പ്രാർത്ഥന പോരാളികളെ ഉരുവാക്കുന്നതിനുമായി അംഗത്വ സമാഹരണത്തിനു FMPB യുടെ ആദ്യകാല നേതാക്കന്മർ ഊന്നൽ നൽകി. 1960 കളിൽ പ്രാർത്ഥനക്കൂട്ടങ്ങൾക്കു ഇന്ധനം പകരുന്നതിനായി 'അറൈക്കുവൽ' എന്ന തമിഴ് മാസിക പ്രസിദ്ധീകിരിക്കുവാൻ തുടങ്ങി. നേതാക്കന്മാർ പ്രാർത്ഥന പോരാളികളെ തിരിച്ചറിഞ്ഞ് അവരെ പ്രാർത്ഥനക്കൂട്ടത്തിന്റെ നേതാക്കന്മാരാക്കി. അവർ ആഴ്ച തോറും പ്രത്യേകമായ സ്ഥലത്തും സമയത്തും ജനങ്ങളെ കൂട്ടിവരുത്തി പ്രാർത്ഥനയോഗങ്ങൾ നടത്തി. അങ്ങനെയുള്ള കൂട്ടങ്ങളിൽ ആരാധന, പാട്ട്, ഹൃസ്വമായ വചന ശുശ്രൂഷ, പ്രാർത്ഥന എന്നിവ നടത്തിയിരുന്നു. വെറുതെ സംസാരിച്ചിരുന്നു സമയം കളയാതെ കൂടുതൽ സമയം പ്രാർത്ഥനക്കായി ചിലവിടുന്നതിൽ അവർ ഏറെ ശ്രദ്ധിച്ചിരുന്നു.

## പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെ ജീവിതവും കടമയും

- അവരുടെ ജീവിതം മാതൃകയുള്ളതായിരിക്കണം. (മത്തായി.5:16).
- അവൻ/അവൾ അച്ചടക്കമുള്ള പ്രാർത്ഥന യോദ്ധാവായിരിക്കണം.
- അവൻ/അവൾ തന്റെ കുടുംബത്തിലും മറ്റുള്ളവരുടെ മദ്ധ്യത്തിലും മാതൃകയുള്ള ജീവിതം നയിക്കണം. (1 തിമൊ.3:2-5)
- അവൻ/അവൾ ദൈവത്തിന്റെ പണം കൈകാര്യം ചെയ്യുന്നതിനാൽ സാമ്പത്തീക വിഷയത്തിൽ സത്യസന്ധതയും വിശ്വസ്തതയും ഉള്ളവരായിരിക്കണം.
- പുറത്തുള്ള ആളുകളോടു നല്ല സാക്ഷ്യം പ്രാപിച്ചവർ ആയിരിക്കണം. (1.തിമൊ.3:7)
- അവൻ/അവൾ ദൈവത്തോടും മനുഷ്യരോടും കണക്കു ബോധിപ്പിക്കണം. മനസ്സിൽ ഐക്യവും ഏകത്വവും കാത്തു സൂക്ഷിക്കേണം.
- ഒരു പ്രാർത്ഥനക്കൂട്ട നേതാവ് FMPB യെ മറ്റു വിശ്വാസികൾക്കു പരിചയപ്പെടുത്തി കൊടുക്കണം.
- എല്ലാ ആഴ്ചയിലും മിഷനറിമാർക്കായി പ്രാർത്ഥന സംഘടിപ്പിക്കണം.
- പുതിയ അംഗങ്ങളെയും സ്പോൺസറന്മാരെയും ദാതാക്കളെയും കണ്ടെത്തണം.

- യുവജനങ്ങൾ, കുട്ടികൾ സ്ത്രീകൾ തുടങ്ങിയവർക്കായുള്ള പ്രത്യേക യോഗങ്ങളും ക്യാമ്പുകളും സംഘടിപ്പിക്കണം..
- സമാഹരിക്കുന്ന പണം സമയത്തു തന്നെ ആസ്ഥാന മന്ദിരത്തിലേക്കു അയച്ചു കൊടുക്കണം.
- എല്ലാ വിഭാഗത്തിലുമുള്ള പ്രാദേശിക സഭകളുമായി നല്ല ബന്ധം കാത്തു സൂക്ഷിക്കുക. സാധ്യമായ എല്ലാ വഴികളിലും അവരെ സഹായിക്കുവാൻ തയ്യാറാകുക.
- പ്രാദേശിക സഭയുടെ ആത്മീക ഉണർവ്വിനായി പ്രാർത്ഥിക്കുക, പദ്ധതികൾ തയ്യാറാക്കുക, പ്രവർത്തിക്കുക.
- അച്ചന്മാരെയും പാസ്റ്ററന്മാരെയും സഭാമൂപ്പന്മാരെയും സന്ദർശിച്ചു ശുശ്രൂഷ അവരുമായി പങ്കുവെക്കുക.
- അച്ചന്മാരും പാസ്റ്ററന്മാരും സഭാമൂപ്പന്മാരുമായി നല്ല ബന്ധം സ്ഥാപിക്കുകയും അവരെ മിഷൻ വയൽ സന്ദർശിക്കുന്നതിനായി ക്ഷണിക്കുക.
- സഭയുടെ സുവിശേഷീകരണ പ്രവർത്തനത്തിലും ശുശ്രൂഷയിലും പങ്കെടുക്കുക.
- സഭാ രാഷ്ട്രീയത്തിൽ ഇടപെടാതെ സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യുക. പ്രാർത്ഥനക്കൂട്ട നേതാവെന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഉള്ളതിനാൽ സഭയുടെ ഔദ്യോഗികമായ നേതൃസ്ഥാനങ്ങൾ ഒഴിവാക്കുക.
- സഭയുടെ എല്ലാ പ്രോഗ്രാമിലും FMPB യുടെ പ്രവർത്തനത്തെ പരിചയപ്പെടുത്തുന്ന ഒരു സ്റ്റാൾ പ്രാവർത്തീകമാക്കുക.
- പ്രാർത്ഥനയിലൂടെയും മിഷൻ വെല്ലവിളി ഉയർത്തുന്ന യോഗത്തിലൂടെയും ഫിലിം പ്രദർശനത്തിലൂടെയും പുതിയ വിശ്വാസികളുടെയും സാക്ഷ്യത്തിലൂടെയും സഭയിൽ ഉണർവ്വു കൊണ്ടുവരുവാൻ ശ്രമിക്കുക.
- മിഷൻ പ്രവർത്തനത്തിനായി വെല്ലുവിളി ഉയർത്തുന്ന യോഗങ്ങളിലും ക്യാമ്പുകളും യൗവ്വനക്കാരെ പങ്കെടുപ്പിക്കുന്നതിനു ഉത്സാഹിപ്പിക്കുക.
- യൗവ്വനക്കാരെ മിഷൻ വയൽ സന്ദർശിക്കുന്നതിനു ഉത്സാഹിപ്പിക്കുക.
- മിഷനറിമാരുടെ ജീവചരിത്രം വായിക്കുന്നതിനു വിശ്വാസികളെ ഉത്സാഹിപ്പിക്കുക.
- മിഷൻ പ്രവർത്തനത്തോടു താൽപര്യമുള്ള ആളുകളെ ഒരുമിച്ചു ഒരു ഭവനത്തിലോ പൊതു സ്ഥലത്തോ ഒരുമിച്ചു കൂട്ടി മിഷനറിമാരുടെ സാക്ഷ്യം കേൾക്കുന്നതിനു അവസരം ഒരുക്കുക.

ഒരു പ്രാർത്ഥനക്കൂട്ട നേതാവെന്ന നിലയിൽ ദൈവത്തിന്റെ മഹാനിയോഗം നിറവേറ്റുന്നതിനു സഭയോടും സഹവിശ്വാസികളോടും കരം കോർത്തു സുപ്രധാന പങ്കുവഹിക്കുവാൻ സാധിക്കും. അങ്ങനെ സുവിശേഷം ശ്രവിക്കാത്ത ജനത്തെ സുവിശേഷത്താൽ നേടി ദൈവനാമ മഹത്വത്തിനായി രൂപാന്തരപ്പെട്ട സമൂഹത്തെ ഉരുവാക്കാം.

## FMPB യും സഭയും

മിഷനറി പ്രവർത്തനത്തിന്റെ പ്രാഥമിക ലക്ഷ്യം സഭയുടെ വളർച്ചയാണെന്നു FMPB ശക്തമായി വിശ്വസിക്കുന്നു. സഭയുടെ ഘടനകളെ ശക്തീകരിക്കുന്നത്

സുവിശേഷം എത്തിയിട്ടില്ലാത്ത മേഖലകളിലെ മിഷനറി ആരാധനക്കൂട്ടങ്ങളുടെ ഘടനകളെ ശക്തീകരിക്കുക എന്നതാകുന്നു. സഭകളുടെ ആത്മീക വളർച്ച FMPB യുടെ പ്രാഥമിക ലക്ഷ്യമാകയാൽ FMPB എല്ലാ വിഭാഗങ്ങളിലുള്ള സഭകളുമായി നല്ല ബന്ധം പുലർത്തുന്നു. അവരുടെ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിലാണ് അതിന്റെ എല്ലാ ഫലങ്ങളും ഉണ്ടാകുന്നത്. വിവിധ മഹായിടവകളിൽ നിന്നും FMPB ക്കു ഔദ്യോഗികമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. FMPB യുടെ യുവ സഭകളെ അടുത്തുള്ള മഹായിടവകളുമായി സമന്വയിപ്പിക്കുന്ന നിസ്വാർത്ഥമായ ശൈലി നിരവധി സഭ നേതാക്കന്മാരെ ആകർഷിപ്പിച്ചു. അതിനാൽ അവർ നമ്മുടെ ശുശ്രൂഷക്കു പൂർണ്ണ പിന്തുണ നൽകുന്നു. FMPB യുടെ ശുശ്രൂഷയെ അംഗീകരിച്ചതിന്റെ ഭാഗമായി ഉത്തരേന്ത്യയിലെ സഭാ നേതാക്കന്മാർ FMPB യിലെ അനേക മിഷനറിമാർക്കു പ്രിസ്ബിറ്റേറിയൻ പട്ടത്വം നൽകി ആദരിച്ചു.

ഇന്ത്യയിലെ അഞ്ചു ശതമാനം ക്രിസ്തീയ സംഘടനകൾ മാത്രമേ ഇതര സംസ്കാരത്തിലുള്ളവരുടെ മദ്ധ്യേ മിഷനറി പ്രവർത്തനം നടത്തുന്നുള്ളൂ. അതുകൊണ്ട് ഇതര സംസ്കാരത്തിലുള്ളവരുടെ മദ്ധ്യത്തിലുള്ള മിഷനറി പ്രവർത്തനം അടിയന്തിര ആവശ്യമായിരിക്കുന്നു. അതിനാൽ സഭയും മിഷനും പരസ്പരം സഹായിച്ച് സഭയുടെ ഘടനകളെ ശക്തീകരിക്കണം. അതെ പോലെ നമ്മുടെ രാജ്യത്തുള്ള സുവിശേഷം ശ്രവിച്ചിട്ടില്ലാത്തവരെ നേടുന്നതിനു പൂർണ്ണ ശ്രദ്ധയും ചെലുത്തണം.

**– റവ. ഡോ. ഇ. രാജൻ, FMPB**

# മിഷനറി ജീവചരിത്രം



## സഹോദരി. പുഷ്പലത

(1958 - 2012)

നാഗർകോവിലിൽ ശ്രീ. സെസിലിന്റെയും ശ്രീമതി. രത്തിനത്തിന്റെയും മൂന്നാമത്തെ മകളായി 1958 മെയ് 22 ന് സഹോദരി പുഷ്പലത ജനിച്ചു. ഈ കുടുംബം സാമ്പത്തീകമായി പിന്നോക്കമായിരുന്നെങ്കിലും ആത്മീകമായി സമ്പന്നരായിരുന്നു. ദൈവഭയവും അർപ്പണ ബോധവുമുള്ള കുടുംബമായിരുന്നു.

പൈതൽ പ്രായം മുതൽ തന്നെ പുഷ്പലത ആത്മാർത്ഥതയുള്ള ഒരു ക്രിസ്തീയ വിശ്വാസിയായി മുടക്കമില്ലാതെ ആരാധന യോഗങ്ങളിൽ സംബന്ധിക്കുമായിരുന്നു. അവൾ സണ്ടെസ്കൂളിലും സഭയുടെ ഇതര ശുശ്രൂഷകളിലും പങ്കെടുത്തിരുന്നു. അവൾ താൽപര്യപൂർവ്വം വേദപുസ്തകം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമായിരുന്നു. പതിനാറാമത്തെ വയസ്സിൽ അവൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. FMPB യിൽ ചേരുന്നതതിനു മുമ്പ് ട്രൈബൽ മിഷനോടു ചേർന്നു പ്രവർത്തിച്ചിരുന്നു.

## മിഷൻ പ്രവർത്തനത്തിനായുള്ള ദൈവവിളി

1976 ൽ നാഗർകോവിലിൽ നടത്തിയ ഒരു മിഷൻ കൺവൻഷനിൽ സഹോദരി പുഷ്പലത സംബന്ധിച്ചിരുന്നു. ഇതര സംസ്കാരത്തിലുള്ളവരുടെ ഇടയിലെ ശുശ്രൂഷയെ കുറിച്ചും വ്യത്യസ്ത ജാതികളുടെ ഇടയിൽ ദൈവം ചെയ്യുന്ന പ്രവർത്തനത്തെ കുറിച്ചും മിഷനറിമാരിൽ നിന്നു നേരിൽ കേൾക്കുകയുണ്ടായി. ഒരു മിഷനറിയായി ഇതര സംസ്കാരത്തിലുള്ളവരുടെ മദ്ധ്യെ പ്രവർത്തിക്കുവാൻ ദൈവം അവളെ വിളിച്ചു. ഒരു സ്ത്രീയായിരുന്നിട്ടും ഒട്ടും മടിക്കാതെ മിഷനറിയായി പോകുന്നതിനു അവൾ മുന്നോട്ടു കടന്നു വന്നു.

1983 ൽ ഡാനീഷ്പേട്ടിലെ ബഥേലിൽ വെച്ചു നടന്ന FMPB യുടെ വാർഷീക യോഗത്തിൽ സംബന്ധിക്കുന്നതിനു അവൾക്കു അവസരം ലഭിച്ചു. ഉത്തരേന്ത്യയിൽ നിന്നു കടന്നു വന്ന അനേക മിഷനറിമാർ അവരുടെ ശുശ്രൂഷ അനുഭവങ്ങൾ പങ്കുവെച്ചത് അവളിൽ വെല്ലുവിളി ഉയർത്തി. സഹോദരി പുഷ്പലത തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു ആവശ്യമുള്ള ഇടത്തു ഒരു മിഷനറിയായി പോകുവാൻ അവളുടെ സമർപ്പണത്തെ വീണ്ടും പുതുക്കി. മിഷനറിയായി ചേരുന്നതിനു FMPB യിൽ അപേക്ഷ നൽകി. FMPB യുടെ അഭിമുഖത്തിൽ സംബന്ധിച്ചു. അലഹബാദിലെ കാൽവറി ബൈബിൾ സ്കൂളിലേക്കു അവളെ ഒരു വർഷത്തെ പരിശീലനത്തിനായി 1985 ൽ അയച്ചു. അതിനെ തുടർന്നു അവളെ ഗുജറാത്തിലുള്ള ആദിവാസികളായ കുക്ന, വസാവ എന്നീ ജാതി സമൂഹത്തിന്റെ മദ്ധ്യെ മിഷനറിയായി അയച്ചു.

## ഇതര സംസകാരത്തിലെ ശുശ്രൂഷ

ഗുജറാത്തിലെ കുക്ന, വസാവ, ചൗദരി തുടങ്ങിയ ജാതികളുടെ മദ്ധ്യത്തിൽ ആത്മീക ഉണർവ്വ് ആരംഭിച്ചിരുന്നു. നൂറു കണക്കിനു ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിവിധ ആരാധനക്കൂട്ടങ്ങളിലായി കർത്താവായ യേശുവിനെ ആരാധിച്ചിരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിലെ പ്രവർത്തനത്തിനു പ്രധാന പങ്കുവഹിച്ചു. ഗുജറാത്ത് സംസ്ഥാനത്ത് 20 വർഷത്തോളം പ്രവർത്തിച്ച് അനേക സ്ത്രീകളെയും യുവതികളെയും കുഞ്ഞുങ്ങളെയും ക്രിസ്തുവിനായി നേടി. അവരെ ക്രിസ്തീയ വിശ്വാസത്തിലും ദൈവവചനത്തിലും പരിപോഷിപ്പിച്ചു വളർത്തി.

## മൊബലൈസേഷൻ ശുശ്രൂഷ

2007 മുതൽ ഗുജറാത്തിലുള്ള ക്രിസ്ത്യാനികളുടെ മദ്ധ്യെ പ്രവർത്തിച്ചു, അർക്കു FMPB യെ പരിചയപ്പെടുത്തി. അവൾ ഗുജറാത്തിലെ ക്രൈസ്തവരെ മിഷനറിമാർക്കായി പ്രാർത്ഥിക്കുന്നതിനും കൊടുക്കുന്നതിനും മിഷനറിമാരായി പോകുന്നതിനും ഉത്സാഹിപ്പിച്ചു. അവൾ ധാരാളം പ്രാർത്ഥനക്കൂട്ടങ്ങൾ ഉരുവാക്കി. അനേക പ്രാർത്ഥനക്കൂട്ട നേതാക്കന്മാരെയും കണ്ടെത്തി നിയോഗിച്ചു..

## അന്ത്യനാളുകൾ

2010 ൽ സഹോദരി പുഷ്പലത വളരെ ക്ഷീണിതയായി. വൈദ്യ പരിശോധനയിൽ കാൻസർ രോഗബാധിതയാണെന്നു കണ്ടെത്തി. FMPB കുടുംബത്തിലുള്ള എല്ലാവർക്കും ഈ വാർത്ത വലിയ ആഘാതമായിരുന്നു. അവിവാഹിതയായി നിന്നു കൊണ്ട് അവൾ കർത്താവിനു വേണ്ടി കഠിനാദ്ധ്വാനം ചെയ്തു ഫലകരമായ ജീവിതം നയിച്ചു. വിദഗ്ദ ചികിത്സക്കായി സഹോദരിയയെ വെല്ലൂർ CMC യിൽ കൊണ്ടു വന്നു. 18 മാസത്തെ ചികിത്സയിൽ അവളുടെ ആരോഗ്യം സാവധാനത്തിൽ മെച്ചപ്പെട്ടു. അവളുടെ സ്വന്ത ഗ്രാമത്തിലേക്കു പോയി വിശ്രമ ജിവിതം നയിച്ചു. 2011 ൽ നാഗർകോവിലിൽ വന്നു മൊബലൈസേഷൻ പ്രവർത്തനത്തെ സഹായിച്ചു. ഒരു വർഷത്തിനുള്ളിൽ

# പിന്തുടരേണ്ട കാൽപാടുകൾ

## മനോഹരമായ പാദങ്ങൾ


റീനിയസ്

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ചർച്ച് മിഷൻ സൊസൈറ്റി, ഇന്ത്യയിൽ തരംഗമ്പാടിയിലുള്ള ഡാനിഷ് മിഷനിലുള്ള ഡോ. ജോൺ സ്കൂളിൽ പ്രവർത്തിക്കുന്നതിനായി ഒരു മിഷനറിയെ തിരയുകയായിരുന്നു. മൂന്നോട്ടു കടന്നുവന്നവരിൽ നിന്ന് റീനിയസ്, ഷ്നാരെ എന്നിവരെ തിരഞ്ഞെടുത്തു മിഷൻ പ്രവർത്തനത്തെ കുറിച്ചു പഠിക്കുന്നതിനായി 18 മാസത്തേക്കു ഇംഗ്ലണ്ടിലേക്കു അയച്ചു. മിഷനറിമാർക്കു ഇന്ത്യയിലേക്കു പ്രവേശിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകുന്ന ഒരു നിയമം ബ്രിട്ടീഷ് പാർലമെന്റ് 1813 ൽ പാസ്സാക്കി. 1814 ൽ രണ്ടു പേർക്കും കപ്പലിൽ സീറ്റ് കിട്ടി. റീനിയസും ഷ്നാരെയും ഇന്ത്യയിൽ എത്തിയ ഉടനെ മദ്രാസിലുള്ള ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ചാപ്ലയിനിന്റെ കൂടെ രണ്ടാഴ്ച താമസിച്ചു. അവിടെ നിന്ന് തമിഴ് ഭാഷ പഠിക്കുന്നതിനായി ട്രാൻക്വാബാറിലേക്കു പോയി.

അഞ്ചു മാസത്തെ ഭാഷ പഠനത്തിനു ശേഷം തരംഗമ്പാടിയിലെ ഡാനീഷ് മിഷനെ സഹായിക്കുന്നതിനു പകരം റീനിയസിനോടു മദ്രാസിലേക്കു തിരികെ വരുന്നതിനു ആവശ്യപ്പെട്ടു. മദ്രാസിലെ ബ്ലാക്ക് ടൗണിൽ പ്രവർത്തിക്കുന്നതിനു ബ്രിട്ടീഷ് ഗവർണ്ണർ അനുവാദം നൽകി. അവർ അവിടെ വാടക കെട്ടിടം എടുത്തു സ്കൂൾ ആരംഭിച്ചു. മദ്രാസിൽ പല സ്കൂളുകൾ ആരംഭിച്ചതിനു ശേഷം അവരുടെ മിഷനറി പ്രവർത്തനം പാലമനെർ, വന്ദവാസി എന്നിവിടങ്ങളിലേക്കു വ്യാപിപ്പിച്ചു.

1816 ൽ പാളയംകോട്ടൈ കോട്ടയിലും കന്റോൺമെന്റിലും ഇംഗ്ലീഷ് ഗാരിസണിന്റെ ചാപ്ലയിൻ ആയിരുന്നു റവ. ജയിംസ് ഹോഗ്. അദ്ദേഹം ഗ്രാമ സുവിശേഷീകരണത്തിൽ താൽപര്യമുള്ളവനായി ഒരു മിഷനറിയെ അയക്കുവാനായി ചർച്ച് മിഷനറി സൊസൈറ്റിക്കു എഴുത്ത് എഴുതി. ഹൗവിനെ സഹായിക്കുന്നതിനായി പാളയംകോട്ടൈയിലേക്കു പോകുവാൻ CMS റീനിയസിനോടു നിർദ്ദേശിച്ചു. 1820 ജൂലൈ ഏഴാം തീയതി റീനിയസ് തിരുനെൽവേലിയിൽ വന്നു. പാളയം കോട്ടയിലെ ആദ്യത്തെ CMS ആരാധനക്കൂട്ടം 1822 മാർച്ച് 10 ന് ആരംഭിച്ചു. പള്ളിയോടു ചേർന്നു പാളയം കോട്ടയിൽ അദ്ദേഹം സ്കൂളും ആരംഭിച്ചു.

പാളയംകോട്ടയിൽ താമസിച്ചു കൊണ്ട് റീനിയസ് തിരുനെൽവേലി ജില്ലിയിലാകമാനമുള്ള – ഇന്നത്തെ തുത്തുക്കുടി ജില്ലയും രാമനാഥപുരം ജില്ലയുടെ ചില ഭാഗ

---

കാൻസർ അവളുടെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു വ്യാപിക്കുകയും വളരെ ക്ഷീണിതയാകുകയും ചെയ്തു. ചികിത്സക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 2012 ജനുവരി നാലിന് അവൾ നിത്യരാജ്യത്തിലേക്കു പ്രവേശിച്ചു. അവൾ തന്റെ മുഴു ജീവിതവും കർത്താവിനായി സമർപ്പിച്ചു. ദൈവനാമ മഹത്വത്തിനായി തന്നാൽ ആവോളം അവൾ പ്രവർത്തിച്ചു. തീർച്ചയായും ദൈവം അവളുടെ കുടുംബത്തിനു പ്രതിഫലവും അനുഗ്രഹവും നൽകും.

**– റവ. ഡോ. ഇ. രാജൻ, FMPB**

ങ്ങളും അതിൽ ഉൾപ്പെടും - ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ച് ചെറിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. കുതിരമൊഴി തേരിയിലെ മണൽക്കാടുകളിലെ മരുപ്പച്ച ഗ്രാമങ്ങളിൽ ഒന്നായിരുന്നു സോളാർ കുടിയിരിപ്പു. റീനിയസ് സോളാർ കുടിയിരിപ്പു ഗ്രാമം സന്ദർശിച്ചപ്പോൾ അവിടുത്തെ മുകാന്ദാർ വേലു മുത്തു നാടാർ ആയിരുന്നു. റീനിയസ് അദ്ദേഹത്തെ ക്രിസ്തുവിങ്കലേക്കു നയിച്ചു. മെഞ്ഞാനപുരം ചുറ്റുവട്ടത്തുള്ള ആദ്യത്തെ പ്രൊട്ടസ്റ്റന്റ് വിശ്വാസി വേദ മുത്തു ആയിരുന്നു.

18 -ാം നൂറ്റാണ്ടിൽ മാനസന്തരപ്പെട്ടവർ നേരിട്ട ഉപദ്രവങ്ങൾക്കു ക്രിസ്ത്യൻ മിഷനറിമാർ സാക്ഷ്യം വഹിച്ചിട്ടുണ്ട്, ഒന്നാം തലമുറ വിശ്വാസികളിൽ അനേകരെ കുടുംബക്കാരും സമൂഹവും ഭ്രഷ്ടരാക്കി ഒറ്റപ്പെടുത്തിയിട്ടുണ്ട്. പുതിയ വിശ്വാസികളെ സംരക്ഷിക്കുന്നതിനായി റവ. സി എച്ച് ഷാർട്ടിന്റെ ശിഷ്യനായ സുന്ദരനാദം ഡേവിഡ് ക്രിസ്ത്യാനികൾക്കു മാത്രമായി സാന്തക്കുളത്തിനു സമീപം ഒരു ഗ്രാമം സ്ഥാപിച്ചു അതിനു മുതലൂർ - അതിന്റെ അർത്ഥം ആദ്യ ഗ്രാമം - എന്നു പേരിട്ടു. ഈ ഗ്രാമം പ്രാദേശിക വിശ്വാസികളുടെ അഭയകേന്ദ്രം ആയിരുന്നു. അതിനെ തുടർന്നു മുതലൂർ പോലെയുള്ള അനേക ക്രിസ്തീയ ഗ്രാമങ്ങൾ റീനിയസ് ആരംഭിച്ചു. നെലുവിളൈ (പിൽക്കാലത്ത് മെഞ്ഞാനപുരം എന്ന് അറിയപ്പെട്ടു) (1825), ഇടയൻകുളം (1827), ആശീർവാദപുരം (1828) നല്ലൂർ (1832), സുരണ്ടൈ(1833) എന്നീ ഗ്രാമങ്ങൾ ഇങ്ങനെ ആരംഭിച്ച ഗ്രാമങ്ങളിൽ ചിലതാകുന്നു.

1827 ൽ റീനിയസ് പുളിയക്കുറിച്ചിയിലുള്ള വിശ്വാസികൾക്കായി ഒരു വാസസ്ഥലം ഉണ്ടാക്കി. സ്കോളോഡിനിലെ കൗണ്ട് ദോഹ്നായിലുള്ള പ്രൂഷ്യൻ പ്രഭു നൽകിയ പണം കൊടുത്ത് വസ്തു വാങ്ങിയാണ് ഈ ഗ്രാമം ഉരുവാക്കിയത്. അതിനു ഡോണാവൂർ എന്ന പേരും നൽകി. ഈ ഗ്രാമത്തിലാണ് പില്കാലത്ത് എമി കാർമൈക്കിൾ വേശ്യാവൃത്തിയിൽ നിന്നു രക്ഷപ്പെടുത്തിയ സഹോദരിമാരെ അധിവസിപ്പിക്കുന്നതിനു ഡാണാവൂർ ഫെലോഷിപ്പ് ആരംഭിച്ചത്. തിരുനെൽവേലിയിൽ അദ്ദേഹം ചെയ്ത 15 വർഷത്തെ പ്രവർത്തനഫലമായി റീനിയസ് 371 ആരാധനക്കൂട്ടങ്ങൾ ഉരുവാക്കി. അദ്ദേഹത്തിന്റെ പ്രീയപ്പെട്ട അത്മീക മക്കളുടെ ക്ഷേമത്തിനായി കഠിനാദ്ധ്വാനം ചെയ്ത് ജോലി ഭാരത്താൽ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിക്കുവാൻ തുടങ്ങി. ഓരോരുത്തരുടെയും കരങ്ങളിൽ അവർക്കു മനസ്സിലാകുന്ന ഭാഷയിലുള്ള വേദപുസ്തകം ഉണ്ടായിരിക്കണമെന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നു. 1838 ജൂൺ മാസത്തിൽ അദ്ദേഹം ഒപ്പിട്ട ഒരു കുറിപ്പ് പാളയംകോട്ടയിലെ ജനങ്ങൾക്കു അയച്ചു. ആ കത്തിൽ ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ഒക്സിലിറിയിലേക്കു സംഭവന നൽകണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. അന്നു സന്ധ്യക്കു 7.30 ന് റീനിയസ് ഇഹലോകവാസം വെടിഞ്ഞു മഹത്വത്തിലേക്കു പ്രവേശിച്ചു.

അദ്ദേഹം മരിക്കുമ്പോൾ 48 വയസ്സായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തനം അവിസ്മരണിയമായിരുന്നു. പാളയംകോട്ടയിലെ അടൈകകാലപുരത്തു അദ്ദേഹത്തിന്റെ ഭൗതിക ശരീരം സംസ്കരിച്ചു.

അദ്ദേഹത്തിന്റെ സമ കാലികനായി യഹുദനായ മിഷനറി ഡോ. വൂൾഫ് മിഷനറി റീനിയസിന്റെ കൂടെ 1833 സെപ്റ്റംബറിൽ ഒരാഴ്ച താമസിച്ചിരുന്നു. അപ്പോസ്തലനായ പൗലൊസിനു ശേഷം പ്രത്യക്ഷപ്പെട്ട ഏറ്റവും മഹനായ മിഷനറിയായി റീനിയസിനെ ഡോ. വൂൾഫ് കണക്കാക്കി. 1978 തിരുനെൽവേലി മഹായിടവകയുടെ ദ്വിശതാബ്ദി ആഘോഷ വേളയിൽ അംഗ്ലീക്കൻ സമുദായമായ റീനിയസിന്റെ പ്രവർത്തനങ്ങളെ അനുസ്മരിച്ച് കൊണ്ട് അംഗ്ലീക്കൻ ബിഷപ്പായ സ്റ്റീഫൻ നീൽ ഉൾപ്പടെ എല്ലാ ബിഷപ്പുമാരും റവ. റീനിയസിന്റെ കല്ലറക്കു മുമ്പിൽ നിന്നു കൊണ്ട് അദ്ദഹത്തിന്റെ പാത പിന്തുടരുമെന്നു പ്രതിജ്ഞയെടുത്തു. തീർച്ചയായും സുവാർത്ത ദൂതരുടെ പാദങ്ങൾ മനോഹരമാകുന്നു.

**- സഹോ. ഡേവിഡ് ബന്നി**

# പിപ്രി സഭാ ചരിത്രം



**ആരംഭം മുതൽ ജനുവരി 2020 വരെ**

## പുക്കറായൻ മിഷൻ വയൽ കാൻപൂർ റീജിയൻ നോർത്തേൺ സോൺ

***തയ്യാറാക്കിയത് ശ്രീമതി. ആഗ്നസ് എഡ്വേർഡ്***

ഉത്തർപ്രദേശിൽ രമബായ് നഗർ ജില്ലയിലുള്ള ഭോഗ്നിപൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഗ്രാമമാകുന്നു പിപ്രി. ഈ ഗ്രാമത്തിൽ 139 കുടുംബങ്ങൾ പാർക്കുന്നു. 2011 ലെ ജനസംഖ്യ കണക്കിൻ പ്രകാരം ഈ ഗ്രാമത്തിൽ 807 പേർ താമസിക്കുന്നു. ഉത്തർപ്രദേശുമായി തുലനം ചെയ്താൽ ഈ ഗ്രാമത്തിലെ സാക്ഷരത നിരക്ക് ഉയർന്നതാണ്. ഈ ഗ്രാമത്തിലെ ജനങ്ങളിൽ ബഹു ഭൂരിപക്ഷവും പട്ടിക ജാതിയിലുള്ളവരാണ്. ഇത് പിപ്രിയിലെ ആകെ ജനസംഖ്യയുടെ 74.5% വരും. പിപ്രി ഗ്രാമത്തിൽ ഇപ്പോൾ പട്ടിക വർഗ്ഗത്തിൽ ഉള്ളവർ ആരുമില്ല. ഇവിടെ ജോലി ചെയ്യുന്ന 248 പേരിൽ 44 പേർ സ്വന്തമായോ പാട്ടത്തിനോ കൃഷി ഭൂമിയുള്ള കൃഷിക്കാർ ആകുന്നു. 15 പേർ കൂലി വേലക്കാർ ആകുന്നു.

### ശുശ്രൂഷയുടെ ആരംഭം

1979 ഡിസംബറിൽ ശ്രീ. വിക്ടർ പാക്കിയരാജും ശ്രീമതി ഡെയ്സി പാക്കിയരാജും കുടുംബമായി പിപ്രി ഗ്രാമത്തിൽ ശുശ്രൂഷ ആരംഭിച്ചു. അവർ അദ്ധ്യാപകനായ രമേശ്വറിന്റെ ഭവനത്തിൽ പാർത്തു. ജനങ്ങളുടെ സംസ്കാരം, പെരുമാറ്റ രീതികൾ, വിവാഹ രീതികൾ, സ്ത്രീസമൂഹത്തെ അടിച്ചമർത്തുന്നത് തുടങ്ങിയ വിഷയങ്ങൾ അവർ മനസ്സിലാക്കി. അവർ പ്രാർത്ഥനയോടെ രോഗികൾക്കു മരുന്നുകൾ നൽകി. ദൈവം രോഗികളെ സൗഖ്യമാക്കി. തലയിലുണ്ടായ അണുബാധയാൽ തല മുഴുവൻ പുഴുക്കൾ അരിക്കുന്ന അവസ്ഥയിൽ ഒരു ബാലനെ അവരുടെ അടുക്കൽ കൊണ്ടുവന്നു. മിഷനറി ഡെറ്റോൾ ഉപയോഗിച്ചു ബാലന്റെ തല കഴുകി. അവനു വേണ്ടി പ്രാർത്ഥിച്ചു. രണ്ടു ദിവസത്തിനുള്ളിൽ അവന്റെ മുറിവ് ഉണങ്ങി അവൻ സൗഖ്യം പ്രാപിച്ചു. മറ്റൊരു വ്യക്തി ശ്രീ. ജയറാമിനു മക്കളില്ല. അതുകൊണ്ട് അവന്റെ കുടുംബം അവനെ രണ്ടാമതു വിവാഹം കഴിപ്പിക്കുവാൻ പദ്ധതിയിട്ടു. ഒരു ദിവസം സൂതികർമ്മിണി അവളെ പരിശോധിച്ചിട്ടു അവൾക്കു മക്കളുണ്ടാകുകയില്ലെന്നു വിധിയെഴുതി. ജയറാമിന്റെ ഭാര്യയുടെ ഹൃദയം തകർന്നു. ശ്രീമതി ഡെയ്സി വിക്ടർ ആ സമയത്തു അവിടെയുണ്ടായിരുന്നു. അവളെ സാന്ത്വനിപ്പിച്ചു പറഞ്ഞു, സർവ്വശക്തനായ ദൈവം നിനക്കു ഒരു കുഞ്ഞിനെ നൽകും. ചില

നാളുകൾക്കു ശേഷം - വിവാഹ ജീവിതം ആരംഭിച്ചു എട്ടാമത്തെ വർഷം - അവൾക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. വൈദ്യ ശുശ്രൂഷയിലൂടെ മിഷനറിയും കുടുംബവും പിപ്രി ഗ്രാമക്കാരുടെ അംഗീകാരം നേടിയെടുത്തു. യൗവ്വനക്കാരായ പെൺകുട്ടികൾക്കായി അവർ വയോജന വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി.

ശ്രീ. വിക്ടർ പാക്കിയരാജും കുടുംബവും പിപ്രി ഗ്രാമത്തിൽ ആരാധന യോഗം ആരംഭിച്ചു. ധാരാളം ചെറുപ്പക്കാരും ഇതര ഗ്രാമത്തിലെ ആളുകളും ആരാധന യോഗത്തിൽ സംബന്ധിച്ചു. അനിൽ, ദ്വാരക പ്രസാദ്, സത്യ പ്രകാശ്, ഭഗീരഥ് എന്നിവരെ പോലെയുള്ള ചില ചെറുപ്പക്കാർ സുവിശേഷത്തോടു അതീവ താല്പര്യം പ്രകടിപ്പിച്ചു. സുവിശേഷീകരണ പ്രവർത്തനത്തിനു ഇവർ മിഷനറിയുടെ കൂടെ പോകുവാൻ തുടങ്ങി. അവർ സംഗീത ഉപകരണങ്ങൾ വായിക്കുമായിരുന്നു.

രാമേശ്വറിന്റെ വസ്തുവിൽ ഒരു താല്കാലിക മുറി പണിതു. മുറിയുടെ വലിപ്പം 15x8 അടിയായിരുന്നു. ചില നാളുകൾക്കു ശേഷം മിഷനറി ആ മുറിയിൽ താമസിക്കുവാൻ തുടങ്ങി.

ആദ്യവിശ്വാസിയായ ശ്രീ. അനിൽ കുമാർ തന്റെ സാക്ഷ്യം വിവരിക്കുന്നു.



“ഞാൻ പിപ്രി ഗ്രാമത്തിലെ അനിൽ കുമാർ ആകുന്നു. ശ്രീ. വിക്ടർ പാക്കിയരാജ്, ശ്രീ. ഹിൽക്കിയ, വേറെ രണ്ടു പേർ ഞങ്ങളുടെ ഗ്രാമത്തിൽ വന്നു. അവർ ഡോലക് ഉപയോഗിച്ചു പാട്ടു പാടി. ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 1979 ൽ കാൽപിയിൽ നിന്നും ശ്രീ. വിക്ടർ പാക്കിയരാജ് ഞങ്ങളുടെ ഗ്രാമത്തിൽ വന്നു താമസിക്കുവാൻ തുടങ്ങി. അതിനു മുമ്പ് ഞങ്ങൾ യേശുവിനെ കുറിച്ചു കേട്ടിട്ടു പോലുമില്ലായിരുന്നു. ആദ്യം ഞങ്ങൾ മിഷനറിമാരെ ഉപദ്രവിച്ചിരുന്നു. ഫിലിം പ്രദർശനം നടത്തിയപ്പോൾ ഞങ്ങൾ 10, 12 ചെറുപ്പക്കാർ ചേർന്നു വയർ മുറിച്ചു കളഞ്ഞു. അവരുടെ ദേഹത്തു ചെളി വാരിയെറിഞ്ഞു. എന്നാൽ അവർ ഞങ്ങളെ വഴക്കു പറഞ്ഞില്ല. ഞങ്ങൾ കൊച്ചു കുഞ്ഞുങ്ങൾ ആണെന്നു പറഞ്ഞു അവർ ക്ഷമിച്ചു. അന്നു ഞാൻ എട്ടാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. ഒരിക്കൽ ഞാൻ മറ്റൊരു ബാലനുമായി വഴക്കുണ്ടാക്കി. എനിക്കു അവനെ അടിക്കണം. അവനു എന്നെ അടിക്കണം. വിക്ടർ ഭയ്യ ഞങ്ങളോടു സംസാരിച്ചു. യേശുവിനെ കുറിച്ചു ഞങ്ങളോടു പറഞ്ഞു. എന്നിട്ടു ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി എനക്കു ഹൃദയ സമാധാനം ലഭിച്ചു. എനിക്കു ആ ബാലനോടുള്ള വൈരാഗ്യം മാറി. ചില നാളുകൾക്കു ശേഷം എതോ അജ്ഞാത രോഗത്താൽ ഞാൻ രോഗിയായി. എന്റെ ശരീരത്തിൽ ആകമാനം പരുക്കൾ ഉണ്ടായി. എന്റെ പിതാവ് ഇന്ത്യൻ റെയിൽവേയിലെ ഉദ്യോഗസ്ഥനായിരുന്നതിനാൽ അദ്ദേഹം എന്നെ ഭോപ്പാൽ കാൺപൂർ എന്നിവിടങ്ങളിലെലുള്ള ആശുപത്രികളിൽ കൊണ്ടുപോയി. എന്നാൽ എന്റെ രോഗം കണ്ടുപിടിക്കുന്നതിനു ഡോക്ടറന്മാർക്കു സാധിച്ചില്ല. ഒരു മരുന്നിനും എന്നെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. വിക്ടർ ഭയ്യ എന്റെ സൗഖ്യത്തിനായി എന്റെ ഭവനത്തിൽ ഒരു പ്രാർത്ഥന യോഗം സംഘടിപ്പിച്ചു. അടുത്ത ദിവസം മുതൽ ദൈവം എന്നെ സൗഖ്യമാക്കുവാൻ തുടങ്ങി. 15 ദിവസത്തിനുള്ളിൽ ഞാൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. എന്റെ

കുടുംബം യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. ക്രമേണ എന്റെ ശരീരത്തിലെ പാടുകളും അപ്രത്യക്ഷമായി. ഈ സംഭവത്തിലൂടെ ഞാൻ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു."

അനിൽ പിന്നീട് NSM ൽ ചേർന്നു. അദ്ദേഹം ഇപ്പോൾ ജാർഖണ്ഡിലെ ബാല ഭവനത്തിന്റെ ചുമതല വഹിക്കുന്നു. മറ്റൊരു ചെറുപ്പക്കരനായ ശ്രീ. ഭഗീരഥും സജീവമായി പ്രവർത്തിക്കുന്നു. അവൻ 1986 ൽ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. പിപ്രി സഭയിലെ ആരാധന യോഗത്തിൽ സംഗിത ഉപകരണങ്ങൾ വായിക്കുന്നത് ഇവനാണ്. ഭഗീരഥിന്റെ സഹോദരൻ ശ്രീ. ബൻസിലാൽ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് അവന്റെ പേര് യേശുകുമാർ എന്നു മാറ്റി.

## സഭയുടെ വളർച്ച

സഹോദരിമാരുടെ സഹായത്തോടെ പിപ്രി ഗ്രാമത്തിൽ വിബിഎസ് നടത്തി. വിബിഎസിനു മുഴു ഗ്രാമവും ചേർന്നു വരുമായിരുന്നു. ചൂതാട്ടക്കാരനും മദ്യപാനിയുമായ കൽക്ക പ്രസാദ് എന്ന മനുഷ്യൻ വിബിഎസസിനെ ശല്യപ്പെടുത്തി. എന്നാൽ പ്രാർത്ഥനയുടെ ഫലമായി അവന്റെ പദ്ധതികളെല്ലാം താളടിയായി.

ശ്രീ. അനിലിന്റെ ഏറ്റവും അടുത്ത ഒരു ബന്ധുവായിരുന്നു ശ്രീ. ദ്വാരക. അവനും യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. അവൻ ഇംഗ്ലീഷ് പഠിക്കുന്നതിൽ പിന്നോട്ടായിരുന്നു. അവൻ പത്താം ക്ലാസ്സിലെ പരീക്ഷ എഴുതുവാൻ പോകുന്നു. ശ്രീ. വിക്ടർ പാക്കിയരാജും കുടുംബവും അവനെ ഇംഗ്ലീഷ് പഠിക്കുവാൻ സഹായിച്ചു. അവൻ പത്താം ക്ലാസ്സ് പരീക്ഷ പാസ്സായി. അവനെ ഇന്ത്യൻ പട്ടാളത്തിലേക്കു തിരഞ്ഞെടുത്തു. അവന്റെ പരിശീലകൻ ഒരു ക്രിസ്ത്യാനിയായിരുന്നു. അതുകൊണ്ട് അവനെ ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിച്ചു. ശ്രീ. ദ്വാരക പ്രസാദ് പട്ടാളത്തിൽ ചേർന്നതിനു ശേഷവും മിഷനറിയുമായി കത്തിലൂടെ ബന്ധപ്പെട്ടു. അവന്റെ വിവാഹത്തിനു ശേഷം അവനും ഭാര്യയും 17.11.1985 ൽ സഭയിലെ അംഗങ്ങളായി തീർന്നു.

1986 ജനുവരിയിൽ ശ്രീ. വിക്ടർ പാക്കിയരാജും കുടുംബവും ബസ്തി മിഷൻ വയലിൽ നിന്നും പോയി. പുക്കറായൻ മിഷൻ വയലിന്റെ ചുമതല ശ്രീ. പി. എഡ്വിൻ ഏറ്റെടുത്തു. മധ്യവേനൽ അവധികാലത്തു ചെറുപ്പക്കാരായ ശ്രീ. ഭഗീരഥും ശ്രീ. അനിലും സന്നദ്ധ സുവിശേഷകരായി നമ്മോടു ചേർന്നു പ്രവർത്തിച്ചു. പിപ്രി ഗ്രാമത്തിലെ വിശ്വാസികൾ 1990 വരെ പുക്കറായനിലെ ആരാധന യോഗത്തിൽ സംബന്ധിച്ചിരുന്നു.

1990 മുതൽ പിപ്രി ഗ്രാമത്തിൽ ഞായറാഴ്ച ആരാധന ആരംഭിച്ചു. പല തവണ ചില പ്രശ്നങ്ങൾ നിമിത്തം ഇവിടുത്തെ ആരാധന നിർത്തേണ്ടി വന്നെങ്കിലും വീണ്ടും ആരംഭിച്ചു. 1997 ൽ ഒരു സന്ധ്യക്കു ശ്രീ രാംകുമാറിന്റെ വീടിന്റെ വരാന്തയിൽ ഞായറാഴ്ച ആരാധന പുനരാരംഭിച്ചു. പിന്നീട് ആരാധന യോഗം ശ്രീ. ജിലേന്ദറിന്റെ (ശ്രീ. ജയ് ബീർ സിങിന്റെ പിതാവ്) ഭവനത്തിലേക്കു മാറ്റി. 2005 ൽ പിപ്രിയിൽ ദൈവാലയം പണിയുന്നതു വരെ അവിടെ ആരാധന തുടർന്നു. മാർച്ച് 2017 വരെ പിപ്രി സഭയിൽ 228 വ്യക്തികൾ സ്നാനപ്പെട്ടു.

## ആരാധനക്കൂട്ടവും സമൂഹവും

തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി 1998 ൽ പിപ്രിയിലെ റെയിൽവെ ലൈനിനു സമീപമായി പിപ്രി സഭക്കായി ഒരു ഏക്കർ വസ്തു വാങ്ങി. പിപ്രിയിൽ നേതൃത്വ പരിശീലന

കേന്ദ്രം ബാലഭവനം എന്നിവ തുടങ്ങണമെന്ന പദ്ധതിയിട്ടിരുന്നു. എന്നാൽ ഇതുവരെ ആയതു യാഥാർത്ഥ്യമായില്ല. പിപ്രി, നാഗാസിയ ചന്ദപുര, സജൗർ, ഹൽദാൽപൂർ, കാൽപിസ അമരൗധ, ബാരദുലാത്പുർ, ദീർപൂർ, ഗൗർ, ഭോഗ്നിപൂർ തുടങ്ങിയ ഗ്രാമങ്ങളിൽ നിന്നുള്ളവർ പിപ്രി ഗ്രാമത്തിലെ ആരാധനയോഗത്തിൽ സംബന്ധിച്ചിരുന്നു. ഇവരെല്ലാം ചമാർ, സങ്കവാർ, ദൊഹാരെ, വാൽമികി എന്നീ ജാതിക്കൂട്ടങ്ങളിലുള്ളവർ ആകുന്നു.



ദൈവാലയത്തിന്റെ പേര് "പ്രഭു യേശുമസിഹ് സത്സാഗം ഭവൻ" എന്നാകുന്നു. പിപ്രി ദൈവാലയ നിർമ്മാണത്തിന്റെ അടിസ്ഥാന ശില 1998 ഓക്ടോബറിൽ തിരുനെൽവേലി പ്രാർത്ഥനക്കൂട്ട അംഗങ്ങളുടെ സാന്നിധ്യത്തിൽ റവ. വിൻഫ്രെണ്ട് സ്ഥാപിച്ചു. റവ. അരുൾമണിയുടെ നേതൃത്വത്തിലാണ് ഈ ശുശ്രൂഷ ക്രമീകരിച്ചത്. ഈ ദൈവാലയത്തിന്റെ വലിപ്പം 30x20 അടി ആകുന്നു. ഈ സഭയുടെ സ്പോൺസർ റവ. അസറിയ രാജ്കുമാർ ആകുന്നു. 2005 സെപ്റ്റംബർ 18 ന് പിപ്രി സഭയുടെ സമർപ്പണ ശുശ്രൂഷ നിർവഹിച്ചു. ശ്രീ. വിക്ടർ പാക്കിയരാജിനു ശേഷം 40 മിഷനറി കുടുംബങ്ങൾ ഈ മിഷൻ വയലിൽ ശുശ്രൂഷ ചെയ്തു.

വിശ്വാസികളുടെ ആത്മീക അഭിവൃദ്ധിക്കായി അവർ വിവിധ ഇടങ്ങളിൽ ചെറു പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ചു. ചെറു പ്രാർത്ഥന സംഘങ്ങൾ ചന്ദപുര, സജൗർ, കൽപി, അമരൗധ എന്നീ ഗ്രാമങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. കാൽപി ഗ്രാമത്തിലെ രണ്ടിടങ്ങളിൽ ഈ ചെറു പ്രാർത്ഥന സംഘം പ്രവർത്തിക്കുന്നു. എല്ലാ ഗ്രാമത്തിലും രണ്ടു മൂന്നു കുടുംബങ്ങൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിക്കുന്നു. എല്ലാ ആഴ്ചയിലും നടക്കുന്ന ഞായറാഴ്ച ആരാധനയിൽ 25 മുതൽ 40 പേർ വരെ പങ്കെടുക്കുന്നു. ഞായറാഴ്ച ആരാധനക്കു സുവിശേഷകരും സഭാമൂപ്പന്മാരും നേതൃത്വം നൽകുന്നു.

പിപ്രി സഭയിൽ നിന്നും ഒരാൾ ഇതര സംസ്കാരക്കാരുടെ ഇടയിൽ മിഷനറിയായി പ്രവർത്തിക്കുന്നുണ്ട്. ശ്രീ. ജയ് ബീർ സിങ് രാജസ്ഥാനിൽ മിഷനറിയായി പ്രവർത്തിക്കുന്നു. പുക്കറായനിലെ ഖിരിയൻപൂർ സഭയിൽ പ്രാദേശിക സുവിശേഷകനായി ശ്രീ. നന്ദുകിഷോർ ശുശ്രൂഷ ചെയ്യുന്നു.

### പ്രാർത്ഥനക്കായി:

- പ്രാർത്ഥനക്കൂട്ടങ്ങൾ ശരിയായ വിധത്തിൽ പ്രവർത്തിക്കേണ്ടതിനും കൂടുതൽ പ്രാർത്ഥന പോരാളികൾ എഴുന്നേൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.
- വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും അതിലൂടെ അനേകർ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക.
- ദൈവദാസന്മാരെ കർത്താവ് ശക്തീകരിക്കേണ്ടതിനായും അവർ ദൈവവചനം ശക്തിയോടെ പ്രഘോഷിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.
- വരും നാളുകളിൽ സഭയിൽ നിന്ന് കൂടുതൽ മിഷനറിമാരും സുവിശേഷകരും എഴുന്നേൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.



# FMPB
## അവതരിപ്പിക്കുന്നു സംഭാവന ശേഖരണ കമ്പ്യൂട്ടർ പ്രോഗ്രാം

പ്രാർത്ഥനയിലൂടെയും ഉദാരമായ സംഭാവനയിലൂടെയും ശുശ്രൂഷയെ സഹായിക്കുന്ന എല്ലാ പ്രാർത്ഥനക്കൂട്ട അംഗങ്ങൾക്കായും നേതാക്കൾക്കായും ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

പണം അടയ്ക്കുന്ന ഫോമുകൾ വഴിയോ ഈ മെയിൽ വഴിയോ നിങ്ങൾ നൽകുന്ന സംഭാവനകൾ സാമ്പത്തീക കാര്യാലയം  കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി നിങ്ങൾക്കു രസീതുകൾ അയച്ചു തരുന്നതാണ് നിലവിലെ സംവിധാനം. പലവിധ കാരണങ്ങളാൽ ഇതിൽ പലപ്പോഴും തെറ്റുകൾ സംഭവിക്കുന്നു. കാരണം ഒരേ പേരിൽ പലർ പണം നൽകുന്നു. അവരുടെ ഇനിഷ്യൽ അല്ലെങ്കിൽ കുടുംബ പേരും പോലും ചില സന്ദർഭങ്ങളിൽ ഒരുപോലെ ആയിരിക്കും. അങ്ങനെ വന്നാൽ ചില വേളകളിൽ തെറ്റായ ആളിനു രസിതു പോയേക്കാം. അതു മാത്രമല്ല ഓരോ സംഭാവനയും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനു കൂടുതൽ സമയവും മാനുഷ്യ പ്രയത്നം ആവശ്യമാകുന്നു.

ഇത് ഒഴിവാക്കുവാനായി നാം ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉരുവാക്കിയിരിക്കുന്നു. പതിവായി സംഭാവന നൽകുന്നവർ പ്രാർത്ഥനക്കൂട്ടത്തിന്റെ അടിസ്ഥാനത്തിൽ ഇതിൽ രജിസ്റ്റർ ചെയ്യാം. പ്രാർത്ഥഗ്രൂപ്പ് നേതാവോ, സെക്രട്ടറിയോ റജിസ്ട്രർ ചെയ്ത വ്യക്തിയിൽ നിന്നു സംഭാവന പണമായോ ചെക്കായോ ഈ ആപ്പിൽ രേഖപ്പെടുത്തി വാങ്ങുന്ന വേളയിൽ തന്നെ സംഭാവന നൽകുന്ന ആളുടെ ഫോണിൽ പണമിടപാടിന്റെ വിവരം SMS മുഖേന ലഭിക്കുന്നതാണ്. ഈ വിവരം സാമ്പത്തീക കാര്യാലയത്തിലും കാണുവാൻ സാധിക്കും. പ്രാർത്ഥനക്കൂട്ട നേതാവ് പണം FMPB യിൽ പണമായോ ചെക്കായോ ഓൺലൈൻ ട്രാൻസ്ഫറായോ അയയ്ക്കുമ്പോൾ ആ വിവരം അവർക്കു SMS മുഖേന ലഭിക്കുന്നതാണ്. ബാങ്കുമായി ഒത്തു നോക്കി പണം ലഭിച്ചു എന്ന ഉറപ്പു വരുത്തിയതിനു ശേഷം ഓരോ ദാതാവിനും മാനുഷ്യ പ്രയത്നം ഇല്ലാതെ തന്നെ ഈ ആപ്ലീക്കേഷൻ രസീത് ഉരുവാക്കും.

ഇതു നിമിത്തം മാനുഷികമായി വരുന്ന തെറ്റുകൾ ഒഴിവാക്കാം. സാമ്പത്തീക കാര്യാലയത്തിലെ മാനുഷിക ശേഷി കുറക്കാം. പ്രാർത്ഥനക്കൂട്ട നേതാവിന്റെ ഫോം പൂർപ്പിക്കുക എന്ന ജോലി ഭാരം കുറയ്ക്കാം. പ്രതിമാസ സംഭാവന ശേഖരണത്തിന്റെയും പണം അയക്കലിന്റെയും പ്രാഥമിക മാർഗ്ഗമായി ഇതു തീരും. അതിനാൽ എല്ലാ നേതാക്കളും ഇതു പ്രാവർത്തീകമാക്കണമെന്നു അഭ്യർത്ഥിക്കുന്നു. കമ്പ്യൂട്ടർ വിഭാഗം നിങ്ങളുടെ പ്രമോഷണൽ സെക്രട്ടറിയിലൂടെ പ്രാർത്ഥനക്കൂട്ട അംഗങ്ങളുടെ പേര് ഈ പുതിയ സംവിധാനത്തിൽ രജിസ്ട്രർ ചെയ്യുവാൻ നിങ്ങളെ സഹായിക്കും.




## ജന്മദിനാശംസകൾ

ഏലിയാക്കിം ജന, ദീപിക ഏലിയാക്കിം ജന,
ഹരമോഹൻ പ്രഭുദാസ്, ഹെൻറി കെ,
ജുബരാജ് ഭരതൻ, സഞ്ജയ കുമാർ ബീറോ,
പ്രിൻസസ് റോസിത എസ്,
ജോതി നിർമ്മല ബായി പുഷ്പരാജ്,
മനോജ് കുമാർ പാനി, ജഗദീശ്വരി നേതാലം,
അരുൺ ഘാന്ത, ദിനേശ് കുമാർ,
ഉർബാസി ഡിഗൽ

## ജമ്മു

### ബസോഹിൽ

**സർക്കാർ രമേശ് ബായ് & സുനിത**

എട്ടു ഗ്രാമങ്ങളിലുള്ള 750 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. മഹഷ ജാതിക്കൂട്ടം സുവിശേഷത്തോടു താൽപര്യം കാണിച്ചു. എട്ടു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറാകുന്നു.

തങ്ങളുടെ ഭവനം ആരാധനക്കായി തുറന്നു കൊടുത്തു. രണ്ടു വ്യത്യസ്ഥയിടങ്ങളിലുള്ള രണ്ടു വിശ്വാസികൾക്കായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു രാകേഷിനെയും രുസ്താമിനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സപ്ന ദേവിക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നാരോട്

**ജീവർ ജോശ്വാ & പ്രീയ ദേവി**

അഞ്ചു ഗ്രാമങ്ങളിലുള്ളള 1178 വ്യക്തികളോടു സുവിശേഷം അറിയിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എതിർപ്പിനെ തുടർന്നു നിർത്തി വെച്ച പന്തോരി ഗ്രാമത്തിലെ ഞായറാഴ്ച ആരാധന പുനരാരംഭിച്ചു.. ഗുജ്ജാർ സമുദായത്തിൽ നിന്നും രണ്ടു വ്യക്തികൾ ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നു. സക്താക്ചക്ക് ഗ്രാമത്തിലെ റാണിയുടെ കൈയ്യിലെ മുറിവ് ഓപ്പറേഷൻ ചെയ്യാതെ സൗഖ്യമാകയില്ല എന്നു ഡോക്ടറന്മാർ വിധിയെഴുതിയെങ്കിലും ശസ്ത്രക്രീയ കൂടാതെ ദൈവം സൗഖ്യമാക്കി.

വിവിധ തടസ്സങ്ങളെ അതിജീവിച്ച് മാസഹ ജനവിഭാഗങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സംസ്ഥാന വൈസ് പ്രസിഡണ്ടായ ഗ്യാൻ സിങ് പടാനിയ സുവിശേഷ പ്രവർത്തനത്തെ എതിർക്കുന്നു. നമ്മുടെ വേലക്കെതിരായുള്ള സംഘടിത ശ്രമങ്ങൾക്കു അദ്ദേഹമാണ് നേതൃത്വം നൽകുന്നത്. നമ്മുടെ വിശ്വാസികളെ വഴിതെറ്റിക്കുന്ന സ്വതന്ത്ര ദൈവവേലക്കാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തിനെതിരായി നിൽക്കുന്ന കോത്വാൾ ഗ്രാമങ്ങളിൽ രഹസ്യ യോഗങ്ങൾ നടത്തി സുവിശേഷ വേല ചെയ്യുന്നവർക്കെതിരെ കള്ള ക്കേസുകൾ കൊടുക്കുന്നതിനു ഗ്രാമീണരെ ഉത്സാഹിപ്പിക്കുന്നു. പീഡനത്തിലൂടെ കടന്നു പോയ പന്തോരി സഭയിലെ വിശ്വാസികൾ മരണപര്യന്തം വിശ്വസ്തരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 2 ഏപ്രിൽ ശനി

## ജന്മദിനാശംസകൾ

എഡ്വേർഡ് പ്രഭുദാസ്,
വസാവ ഹൻസ സാമാബായി,
ജർണ പരിച്ച ബിപിൻ

# ഹിമാചൽ പ്രദേശ്

### രാമ്പൂർ

**ദോജപായോ ഗുയിതെ & ഫ്ളോറൻസ് ലാംവങ്**

479 വ്യക്തികളോടു സുവിശേഷം അറിയിച്ചു. ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവായി സ്വീകരിച്ചു. പത്തു പുതിയ നിയമം വിതരണം ചെയ്തു. മീനയുടെ വേറെ ആരുടയോ അക്കൗണ്ടിലേക്കു ട്രാൻസ്ഫർ ചെയ്തെങ്കിലും ആ പണം വീണ്ടെടുക്കുവാൻ ദൈവം സഹായിച്ചു. വിമലയുടെ ഭർത്താവ് മദ്യപാനത്തിൽ നിന്നും മുക്തനായി. നമ്മുടെ സന്നദ്ധ സുവിശേഷകൻ ഫോണിലൂടെ പ്രാർത്ഥിച്ച വേളയിൽ ബ്രസ്തി ദേവീസിന്റെ മകൻ ലക്കി പനിയിൽ നിന്നും സൗഖ്യം പ്രാപിച്ചു.

വിശ്വാസത്തിൽ നിന്നും പിന്മാറി നാശത്തിലേക്കു പോകുന്ന ധർമ്മേന്ദ്ര വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഭിന്നശേഷിക്കാരിയായ പൈതൽ മുസ്കാൻ മാനസിക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വരുന്ന പ്രതികൂല സാഹചര്യത്തിൽ കസ്പാത്ത് ഗ്രാമത്തിലെ വിശ്വാസികൾ ഐക്യത്തോടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരത്തിൽ നീരു ബാധിച്ച പരീക്ഷ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രൊഹ്റു

**ജോൺസൺ ശങ്കർ & ജപറാണി**

മൂന്നു ഗ്രാമത്തിലുള്ള 670 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 40 പുതിയ നിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. വിഷ പ്രാണിയെ വിഴുങ്ങിപ്പോയ ഗോങ്ദു ദേവിയെ ദൈവം സൗഖ്യമാക്കി. കുടുംബാംഗങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി പിന്മാറി പോയ അബ്ലി ദേവി വിശ്വാസത്തിലേക്കു മടങ്ങി വരുന്നു. നട്ടെല്ലു സംബന്ധമായ രോഗത്താൽ ചികിത്സയിലായിരുന്ന മിഷനറി ജയറാണി ചികിത്സ പൂർത്തീകരിച്ചു. സൗഖ്യത്തോടെ മിഷൻ വയലിലേക്കു മടങ്ങിവന്നു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സന്നദ്ധ സുവിശേഷകൻ ഷേർസിങ് സുഖം പ്രാപിച്ചു. ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടായിട്ടും നിതികക്കു സുഖം പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. ഉത്തർഖാണ്ഡിലെ നായിൽ ഗ്രാമത്തിലുള്ള നാലു കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ശിവറാം, ദേവ് ചന്ദ് എന്നീ കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരകെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ദിവ്യ, ഫിഷുബ് എന്നിവർ ത്വക്കു രോഗത്തിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക പോരാട്ടം നേരിടുന്ന പുതിയ വിശ്വാസി നീമയുടെ വിടുതലിനായി പ്രാർത്ഥിക്കുക. പ്രായാധിക്യത്താൽ കഷ്ടപ്പെടുന്ന നാർ ബഹദൂർ, പാബി എന്നി ദമ്പതികൾക്കു സഹായം ലഭ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

കരുണാകരൻ കെ,
പ്രിൻസസ് നഗോമി വിക്ടർ

**അന്നി : ശങ്കർ & രൂത്ത് മേരി**

**ജിൻസ്വാം & ചോങ് ഹോയ് കിം,**

സുവിശേഷീകരണ പ്രവർത്തനത്തിലൂടെ രണ്ടു ഗ്രാമങ്ങളിലുള്ള 240 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 20 പുതിയ നിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. വീടിന്റെ മേൽക്കൂര നിർമ്മിക്കുന്ന വേളയിൽ 15 അടി ഉയരത്തിൽ നിന്നും താഴെ വീണ ദാരം ദാസിന്റെ നട്ടെല്ലിലും കാലിലും പൊട്ടലുണ്ടായെങ്കിലും ജീവൻ രക്ഷിച്ചു. പ്രാർത്ഥനയുടെ ഫലമായി സന്തോസിനു ജോലി തിരികെ ലഭിച്ചു.

ഗർഭപാത്ര കാൻസറിൽ നിന്നു സുഖ്മു ദേവിയെയും മസ്തിഷ്കത്തിൽ കാൻസർ ബാധിച്ച ചുര റാമിനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു ശിമു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചവായ്, ഡെയ്ൽസ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**കർഗോ**

**പവൻകുമാർ & പ്രഭാഷിനി ദേവി**

ഈ മിഷൻ വയലിൽ പ്രവർത്തനം ആരംഭിക്കുന്നതിനു നടത്തിയ പഠന പ്രകാരം ഇവിടെ ആരംഭിച്ച പ്രവർത്തനം വിജയകരമായിരുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും ബാഗ ഗ്രാമത്തിലെ യാമിനിയെ ദൈവം വിടുവിച്ചു. ഞായറാഴ്ച ആരാധനയിൽ രണ്ടു പുതിയ വ്യക്തികൾ സംബന്ധിക്കുന്നു. സുനി പ്രദേശത്തു നാം ആരംഭിച്ച പ്രവർത്തനത്തിലൂടെ പുതിയ സ്നേഹിതരെ ലഭിച്ചു.

പിന്മാറ്റക്കാരായ വിശ്വാസികൾ യഥാസ്ഥാനപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. കള്ളക്കേസിൽ കുടുക്കി ജയിലിൽ ഇട്ടിരിക്കുന്ന ജയറാം ജയിൽ മോചിതനാകേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ ചെയിൻ സിങ്ങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ മകളെ ആദ്യമായി സന്തോഷ വിദ്യാലയത്തിലേക്കു (ബോർഡിംഗ് സ്കൂളിലേക്കു) അയക്കുന്നു. പൈതലിനും മാതാപിതാക്കൾക്കും ഈ പിരിഞ്ഞിരിക്കലിനു ദൈവം ബലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

### അടഞ്ഞ വാതിൽ സുവിശേഷത്തിനായി തുറക്കപ്പെടുന്നു!

ഒഡിഷയിൽ റിമുലി മിഷൻ വയലിൽ റോമൻ കത്തോലിക്ക മിഷനറിമാർ ത്രിലോചന്ദപൂർ ഗ്രാമത്തിൽ മിഷനറിവേല ചെയ്തിരുന്നു. എന്നാൽ അവിടെയുണ്ടായ എതിർപ്പിനെ തുടർന്നു ചില വർഷങ്ങൾക്കു മുമ്പ് ഫാദർ മാർട്ടിൻ കൊല്ലപ്പെടുകയുണ്ടായി. അതിനാൽ അവർ ആ മിഷൻ വയലിലെ പ്രവർത്തനം നിർത്തിവെച്ചു. നമ്മുടെ മിഷനറിമാർ ഈ ഗ്രാമത്തിൽ ചെന്നു. ആ ഗ്രാമത്തിലുള്ള ദൈവാത്മാവിന്റെ പ്രവർത്തനം തിരിച്ചറിഞ്ഞു. അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഈ അവസരം ഉപയോഗപ്പെടുത്തി ആ ഗ്രാമത്തിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു. മിഷനറിമാർ നമ്മുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

## 4 ഏപ്രിൽ തിങ്കൾ

### ജന്മദിനാശംസകൾ

ലൗഡ്സി ഡൈൽസ് അരുൾമണി,
സത്യ പ്രകാശ്,
അമോജിത നായക്

## പഞ്ചാബ്

### മോഗ

**ജസ്റ്റിൻ & സരൾ ജാൻസി റാണി**

350 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ആറു വ്യക്തികൾ യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 350 ലഘുലേഖകളും അഞ്ചു പുതിയ നിയമങ്ങളും വിതരണം ചെയ്തു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു റാണിയെയും മൂലക്കുരു രോഗത്തിൽ നിന്നു പ്രവീൺ കൗറിനെയും ദൈവം സൗഖ്യമാക്കി. ഭിന്ന ശേഷിക്കാരനായ വിശ്വാസി ഗോപിയെ അപകടത്തിൽ നിന്നു ദൈവം രക്ഷിച്ചു.

പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വ്യാപനത്തിനായി അനേക മിഷനറിമാരും സുവിശേഷകരും നമ്മോടു ചേരേണ്ടതിനായി പ്രാർത്ഥിക്കുക. ദരംകോട്ട് ആരാധനക്കൂട്ടം പ്രാദേശികവത്കരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യപാനത്തിനും മയക്കു മരുന്നിനും അടിമകളായ കുടുംബങ്ങളുടെ വിടുതലിനായി പ്രാർത്ഥിക്കുക. രജനി കൗർ, ജ്യോതി, കഞ്ചൽ, അമൻ എന്നിവർക്കു അനുയോജ്യരായ ദൈവഭയമുള്ള ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നും ജസ്ബിന്ദർ സിങ് സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റിക്കി, രാസൻ, മമത, റിജാൻ, സീമ, സുക്കി കൗർ, മാൻദീപ് എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗുൽവാന്ത് സിങ്, എകംദീപ്, മാൻപ്രീത് എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. മസ്തിഷ്കത്തിൽ ട്യൂമർ ബാധിച്ച അമരിന്ദർ സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### സങ്കൂർ : ഗിമ്പാൽ ദിൽഫായ് & ജ്യോതി രജ്ജൻ

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു വേദപുസ്തകം വിതരണം ചെയ്തു. വിവാഹിതനായ മകന്റെ വേർപാടു നിമിത്തം നായെ സിങും കൃഷ്ണ ദേവിയും പിന്മാറിപ്പോയെങ്കിലും പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചതിനെ തുടർന്നു അവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിലേക്കു തിരികെ വന്നു. ഉത്തമ വിശ്വാസിയായ ഭാര്യയുടെ വേർപാട് നിമിത്തം പിന്മാറിപ്പോയ അമൻദീപ് സിങ് ചില നാളുകൾക്കു ശേഷം വിശ്വാസത്തിലേക്കു മടങ്ങിവന്നു. പ്രാർത്ഥന കേട്ടു ദൈവം വിജയ് സിങിനെ മദ്യാസക്തിയിൽ നിന്നും വിടുവിച്ചു. കാലിന്റെ സംവേദന ശേഷി നഷ്ടപ്പെട്ട വിക്കിയെ ദൈവം സൗഖ്യമാക്കി.

ഈ മിഷൻ വയലിലേക്കു സ്ഥലം മാറി വന്ന മിഷനറി എത്രയും വേഗം ഈ പ്രദേശവുമായി പരിചിതമാകേണ്ടതിനും അദ്ദേഹത്തെ ദൈവം അത്ഭുതകരമായി ഈ പുതിയ മിഷൻ വയലിൽ എടുത്തു ഉപയോഗിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. തൊണ്ടക്കു കാൻസർ ബാധിച്ച പുതിയ വിശ്വാസി സോമല, കരൾ സംബന്ധമായ രോഗത്താൽ വലയുന്ന ധാരാസിങ്, വൃക്കയിൽ മാംസ വളർച്ച കണ്ടെത്തിയ സണ്ടെ സ്കൂൾ അദ്ധ്യാപിക രജനി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പരക്കൗർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

പുഷ്പാഞ്ജലി ധ്രുബരാജ്,
നില ഹസ്ദ ഇമ്മാനുവേൽ,
മേദങ്കി രാജലക്ഷ്മി,
ദേവി റാണി ജയ്ബീർ സിങ്,
സുബില വിനു, ശിവശങ്കർ,
ദിഗുമാർത്തി പ്രശാന്തി,
കിരൺ ദേവി അഖിലേഷ്,
പ്രമീള സിങ് ലിമ്മ, ഹന്ന സിങ്

### ലഹറ് ഗാഗ

**ഐസക് എബൽ & അന്ന റോസ്ലിൻ**



അഞ്ചു ഗ്രാമങ്ങളിലുള്ള 460 വ്യക്തികളോടു സുവിശേഷം അറിയിച്ചു. അഞ്ചു പുതിയ നിയമം മൂന്നു വേദപുസ്തകം എന്നിവ വിതരണം ചെയ്തു. മൂന്നു ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം, മൂന്നു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശനം, രണ്ട് സ്ഥലങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം എന്നിവ നടത്തി. കുടുംബ പ്രശ്നങ്ങളുടെ മദ്ധ്യത്തിലും അഞ്ചു കുടുംബങ്ങൾ ക്രമമായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.



ഒരു മരണത്തെ തുടർന്നു നിർത്തിവെച്ച ജഗത്പുര ഗ്രാമത്തിലെ ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സംഘടനയെ വിട്ടു പിരിഞ്ഞു പോയ സുഖിചെയിൻ നമ്മുടെ പ്രവർത്തനത്തെ ശല്യപ്പെടുത്തുന്നതിൽ പിൻമാറേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സ്നേഹിതരായ മൂന്നു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരോടു ചേർന്നു സഭാമൂപ്പന്മാരും വിശ്വാസികളും സുവിശേഷീകരണ പ്രവർത്തനത്തിൽ ആത്മാർത്ഥമായി സഹകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസിൽ അനേക അക്രൈസ്തവ കുട്ടികൾ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബത്തിണ്ട

**സജ്ജീബ് ആനന്ദ് & പ്രസ്തുത, പ്രതാപ് രഹങ് & രശ്മി പ്രഭ**



രണ്ടു ഗ്രാമങ്ങളിലുള്ള 1130 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഗുരുതരമായ പ്രമേഹ രോഗത്താൽ വലയുന്ന ക്നാദ ബാന്ന ഗ്രാമത്തിലെ ലൗ പ്രീതിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.



ബത്തിണ്ട ഗ്രാമത്തിലെ അനവധി യൗവനക്കാർ ദൈവവേലക്കായ് തങ്ങളെ സമർപ്പിച്ചു. എയ്ഡ്സ് രോഗിയായ പൂജ കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക വിഷാദത്താൽ വലയുന്ന മാംജിത് കൗർ, പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന അവളുടെ ഭർത്താവ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ബുച്ചോ മാന്ദി, കുൽദീപ് സിങ്, സർബജിത്, കാക്കു സിങ് എന്നിവർ മദ്യാസക്തിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

**6**
**ഏപ്രിൽ**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

മേബൽ ഫ്ളോറൻസ് ശമുവേൽ,
തെങ്കം സംഗീത സുനിൽ കുമാർ,
തെങ്കം സുനിത ശ്രീനിവാസ,
ശലോമി ഹസ്ത

### ജയ്തു

**ചിത്തരഞ്ജൻ താണ്ടി &**
**തേജസ്വിത താണ്ടി**

14 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. 960 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ജാൽ കൗർ, മന്ദേർ കൗർ, ബിന്ദേർ സിങ്, സുഖ്പാൽ കൗർ, കുൽദീപ് കൗർ, സത്നാം സിങ്, സുർജിത് കൗർ, ബിട്ടു സിങ്, അമൃത്പാൽ സിങ് എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി നടത്തിയ ക്യാമ്പിൽ പങ്കെടുത്ത വിശ്വാസികൾ ഉത്സാഹിതരായി സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി സഹായിക്കുന്നു. ബിട്ടു സിങ്, രാജൻ കുമാർ, സത്നാം സിങ് എന്നിവർ മയക്കു മരുന്നിന്റെ അടിമത്വത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. പൂജ കൗർ, ഹേമലത എന്നിവർ രക്തസ്രാവത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ബാൽദേവ് സിങിന്റെ ഭവനത്തിൽ നടത്തിയ സത്സാംഗ് പ്രോഗ്രാമിൽ വെച്ചു അവനെ പൈശാചിക ബന്ധനത്തിൽ നിന്നും അതു നിമിത്തമുണ്ടായ രോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

പുതുതായി സുവിശേഷം പ്രഘോഷിച്ച റോമാന, ബർസ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷ താൽപര്യം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. ജൈത്തോ, ബസഖാന്ന എന്നീ ഇടത്താവളങ്ങളിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾക്കെതിരെ ആഭിചാര ക്രിയ ചെയ്ത് സുവിശേഷ വേലയെ എതിർക്കുന്ന ദുർമന്ത്രവാദി മാൻപ്രീത് സിങ്, അമൃതപാൽ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കുൽദീപ് സിങ്, ഗൗരി സിങ്, ഹേമരാജ് സിങ് എന്നിവർ മദ്യാസക്തിയിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബട്ടാല

**വാൽവി നേതാജി & കൽപന**

ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 1000 വ്യക്തികൾ ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. ഒരു വ്യക്തി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നും വിക്കി സൗഖ്യം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ശരത്രാജിനെ ദൈവം വിടുവിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നും നവ്നീത് കൗർ, ബിന്ദോ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും രേണു സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തിളച്ച വെള്ളത്തിൽ വീണു ശരീരത്തിൽ പൊള്ളലേറ്റ കൊച്ചു പെൺകുട്ടി ഹർമാനിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

ജയിൻ ഇരൈപിച്ചൈ,
ചിത്തരജ്ഞൻ താണ്ടി,
ദീപാർത്ഥന, ദീപിക റാണി പാനി

## ഹരിയാന

### ജീവൻ നഗർ

**എലിയാക്കിം ജന & ദീപിക ജന**

395 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 66 പുതിയ നിയമവും രണ്ടു വേദപുസ്തകവും വിതരണം ചെയ്തു. 40 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 12 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സഭയിൽ അംഗങ്ങളായി. ദാബവാലി സെന്ററിലുള്ള ഉന്നതകുല ജാതരിൽ നിന്നുണ്ടായ എതിർപ്പിൽ നമ്മുടെ വിശ്വാസികളെയും സുവിശേഷകനെയും കുടുംബത്തെയും ദൈവം പരിപാലിച്ചു. അവരെ പ്രതിരോധിക്കുന്നതിനുള്ള ദൈവീക പരിജ്ഞാനവും നൽകി. ദാബവാലി ഇടത്താവളത്തിലുള്ള എട്ടു സ്ഥലങ്ങളിൽ സഹോദരിമാരുടെ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ചു.

സുവിശേഷം ശ്രവിച്ചവരും ആരാധന യോഗത്തിൽ സംബന്ധിക്കുന്നവരുമായവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ അടിമത്വത്തിൽ നിന്നു ബുദിയ ഗ്രാമത്തിലെ സത്പാൽ സിങ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു ഹർപ്രീത് കൗർ മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### കാലൻവാലി

**വിജയകുമാർ & ജബല**

200 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 14 പുതിയ നിയമം വിതരണം ചെയ്തു. ഒരു വ്യക്തി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. 23 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. മിഷൻ വയൽ തലത്തിൽ നടത്തിയ യുവജന യോഗത്തിൽ 25 യുവജനങ്ങൾ പങ്കെടുത്തു. പൈശാചിക ബന്ധനത്തിൽ നിന്നു കുക്കൻ വാലി ഗ്രാമത്തിലെ ദർശൻ സിങിനെയും കുടുംബത്തെയും ദൈവം പ്രാർത്ഥനയാൽ വിടുവിച്ചു.

കാൻസർ രോഗത്തിൽ നിന്നും മുക്തയായ കാലൻവാലി ഗ്രാമത്തിലെ ബിന്ദർ അണുബാധയാലും മുഖത്തുള്ള വേദനയാലും കഷ്ടപ്പെടുന്നു. അഞ്ചു വാരിയെല്ലുകളിൽ പൊട്ടലുണ്ടായ മോതിറാമിന്റെയും സൗഖ്യത്തിനും മദ്യാസക്തിയിൽ നിന്നും അവൻ വിടുതൽ പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഒരു വയസ്സായ ഹർജിത് സിങിന്റെ ഹൃദയത്തിലുള്ള സുഷിരം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ അടിമത്വത്തിൽ നിന്നും കാലൻവാലി മാണ്ടി ഗ്രാമത്തിലെ അനൂപിന്റെ വിടുതലിനായി പ്രാർത്ഥിക്കുക.

# 8 ഏപ്രിൽ വെള്ളി

## ജന്മദിനാശംസകൾ

ബ്രൈറ്റ് ജയകുമാർ. സി,
ബിദുഷ് കുമാർ നായക്ക്,
പ്രഭാഷിണി പവൻ കുമാർ

## ഉത്തർഖാണ്ഡ്

### നാനക്മാട്ട

**ശിവകുമാർ & ശുശീല മാരാക്**

എട്ടു ഗ്രാമങ്ങളിലുള്ള 104 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 30 പുതിയ നിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. മൂന്നു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഹർദാസ്പൂർ ഗ്രാമത്തിലുള്ള വിശ്വാസികൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഗുർണാം സിങ് തളർവാതത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു.

കുടുംബാംഗങ്ങൾ യേശുവിൽ വിശ്വസിക്കുന്നതിനെ റിങ്കുവിന്റെ പിതാവ് എതിർക്കുന്നു. നടക്കുവാൻ ശേഷിയില്ലാത്ത മൂന്നു വയസ്സുള്ള പെൺകുഞ്ഞിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സംസാര ശേഷിയില്ലാത്ത അന്നുത് കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സത്നാം സിങിന്റെ കുടുംബത്തിലുള്ള അഞ്ചു പേർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇസ്ലാം നഗറിലുള്ള അമൃത് സിങിനു ദൈവഭയമുള്ള ഒരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദിനേശ്പൂർ

**രാമസ്വാമി ജറോം**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 60 പേർ സുവിശേഷം ശ്രവിച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു മാസം മുമ്പ് ഭർത്താവ് വേർപെട്ട വേദനയിൽ ഇരിക്കുന്ന രാജാറാണിക്കു മൂന്നു പ്രാവശ്യം ഹൃദയ സ്തംഭനമുണ്ടായി. അവൾ ഇപ്പോൾ ഹൃദയ ശസ്ത്രക്രീയക്കു വിധേയ ആയി. കൊടുങ്കാറ്റിൽ അനേക കെട്ടിടങ്ങൾ തകർന്നു പോയെങ്കിലും ലക്ഷ്മണന്റെ ടിൻ ഷീറ്റ് തകർന്നു പോയില്ല. ഇതു അവന്റെ പ്രാർത്ഥനയുടെ ഫലമാകുന്നു. മാച്ച്ലി രാജ്പൂട്ടിന്റെ അലർജി പ്രശ്നം പരിഹരിക്കപ്പെട്ടു.

യേശുവിലൂള്ള വിശ്വാസം ഏറ്റുപറയുന്നതിനു മിച്ച്ലിയും കുടുംബവും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനടിമയായ ഭർത്താവ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ പിന്മാറിപ്പോയ കൃഷണ യഥാസ്ഥാനപ്പെടുന്നതിനായി പ്രാർത്ഥിക്കുക. ഹോട്ടലായും അടുക്കളയായും ഉപയോഗിച്ചിരുന്ന കുടിലു നഷ്ടപ്പെട്ട പോയ അമർസിങ്, ബാബ്ലു, ദിത്തൻ എന്നിവർ നിരാശപ്പെടാതെ ഉത്സാഹിതരാകുന്നതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു ഒരു യോഗവും നടത്തരുതെന്നു ഭീഷണിപ്പെടുത്തുകയും മുന്നറിയിപ്പു നൽകുകയും ചെയ്ത കൃഷ്ണ കോളനിയിലെ രാഹുൽ തിവാരിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിവാഹത്തിനായി ഒരുങ്ങുന്ന മുസ്കാൻ തൈറോഡിനാൽ കഷ്ടപ്പെടുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇതുനിമിത്തം അവളുടെ കഴുത്തിൽ മുഴയുണ്ട്.

**9**
**ഏപ്രിൽ**
**ശനി**

# ഡൽഹി

## പ്രതാപ്ഗഞ്ച്

**പി ജി ക്രിസ്റ്റോഫർ & മേബൽ**



219 വ്യക്തികൾക്കു സുവിശേഷ പ്രതികൾ നൽകി. 56 പുതിയ നിയമവും 16 വേദപുസ്തകവും വിതരണം ചെയ്തു. 435 വ്യക്തികളോടു സുവിശേഷം പങ്കു വെച്ചു. 119 പേരെ വ്യക്തിഗതമായി കണ്ടു സുവിശേഷം അറിയിച്ചു. മഞ്ജു ഞായറാഴ്ച ആരാധനയിലും പ്രാർത്ഥനയിലും സംബന്ധിക്കുവാൻ തുടങ്ങിയതിനെ തുടർന്നു അവളുടെ ഭർത്താവിനു നല്ല ജോലി ലഭിച്ചു. ത്രിലോക പുരി ആരാധനക്കൂട്ടം 43 -ാം വാർഷീകം ആഘോഷിച്ചു. ഇവിടെ വന്നു കഷ്ടം സഹിച്ചു വിശ്രമമില്ലാതെ അദ്ധ്വാനിച്ച് സുവിശേഷം അറിയിച്ചു ആത്മാക്കളെ നേടിയ സീനിയർ മിഷനറിമാർക്കായി ദൈവത്തെ സ്തുതിച്ചു. കൃഷ്ണവേണി പൂർണ്ണ സമയ സുവിശേഷവേലക്കായ് സ്വയം സമർപ്പിച്ചു. ഡൽഹി പോലിസ് ഉദ്യോഗസ്ഥനായ സന്ദീപിനു പ്രമോഷൻ ലഭിച്ചു.



ദൈവം നിർമ്മിക്കുന്നതിനും നാം പദ്ധതിയിടുന്ന സാജവൻ നഗർ കോളനി, സിജിയാർസിസ ബാൽവന്ത് നഗർ എന്നീ ഗ്രാമങ്ങളിൽ നടക്കുന്ന ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി സാമുദായിക കലഹമുണ്ടാകുന്ന പട്പർഗഞ്ച് പ്രദേശത്തു സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. നിരോധിച്ച വസ്തുക്കൾ നിയമ വിരുദ്ധമായി കച്ചവടം നടത്തുന്ന ജനങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഒരു രക്ഷിതാവു മാത്രമുള്ള പെൺകുട്ടികൾ, അർദ്ധ അനാഥരായ പെൺകുട്ടികളുടെ സുരക്ഷിതത്വത്തിനും അവർ ബാലഭവനങ്ങളിൽ പ്രവേശനം ലഭിച്ചു പഠനം തുടരേണ്ടതിനുമായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന രാംകിഷോർ, മഹേന്ദർ, ദേവന്ദർ, ദാവമണി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗിയായ 17 വയസ്സുള്ള ബാലൻ, കൃഷ്ണന്റെ കാൻസർ രോഗിയായ മാതാവ്, നട്ടെല്ലു സംബന്ധമായ പ്രയാസം അനുഭവിക്കുന്ന സോനു ഏബ്രഹാം എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗൗരി, ലത, സുശീല, മഞ്ജു, ആശ, സർവേശ്, ജയലക്ഷ്മി, രുക്മണി, എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഉപദ്രവത്താൽ പുതിയ ഭവനം

ഛത്തീസ്ഘട്ടിൽ ബന്ധെ മിഷൻവയിലിലെ കുദും ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസികളെ ഗ്രാമത്തിലെ മറ്റുള്ളവർ ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കുന്നതിനായി പലവിധത്തിൽ ബുദ്ധിമുട്ടിച്ചു. വരോധികൾ നമ്മുടെ വിശ്വാസിയുടെ ഭവനത്തിന്റെ മേൽക്കൂര എടുത്തു കളഞ്ഞു. എന്നിട്ടും അവർ ക്രിസ്തീയ വിശ്വാസത്തിൽ ഉറെച്ചു നിന്നു. പ്രാർത്ഥനയുടെ ഫലമായി അവർക്കു പുതിയ ഭവനം പണിയുന്നതിനു സർക്കാർ അനുവാദവും ധനസഹായവും ലഭിച്ചു.

**10**
**ഏപ്രിൽ**
**ഞായർ**

## ജന്മദിനാശംസകൾ

ദേവിക കൃപ കുളു, ബനിത് ടോപ്പോ പൗലൊസ്
മോഹന ടൈറ്റസ്,
മല്ല വിദ്യാസാഗർ, ജഗമോഹൻ സിങ്

## രാജസ്ഥാൻ

### ഹനുമാൻഘട്ട്

**രാജുനായക് & ജാൻസി ബായ്**

രണ്ടു ഗ്രാമങ്ങളിലുള്ള 243 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഏഴു പുതിയ നിയമവും നാലു വേദപുസ്തകവും വിതരണം ചെയ്തു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തമിഴ് നാട് വാർഷീക സമ്മേളനത്തിൽ നമ്മുടെ സഭാമൂപ്പന്മാരായ കൃഷൻ സിങ്, രാജേന്ദർ കൗർ എന്നിവർ തങ്ങളുടെ അനുഭവ സാക്ഷ്യം പങ്കുവെച്ചു. മദ്ധ്യവേനൽ അവധിക്കാലത്തു നമ്മുടെ അൽവാർ ബാലഭവനത്തിലെ കുട്ടികൾ സുവിശേഷവേലയിൽ സജീവമായി പങ്കെടുത്തു. പൈശാചിക ബന്ധനത്തിൽ നിന്നും പരംജിത് കൗർ, ഗുരുദീപ് സിങ് എന്നിവർ മുക്തരായി.

ദൈവ സഭയിലെ യുവജനങ്ങൾ മാതൃകയുള്ള സാക്ഷ്യ ജീവിതം നയിക്കേണ്ടതിനും അവർക്കു നല്ല ജോലിയും ജീവിതപങ്കാളികളെയും ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നിഷയുടെ ഭർത്താവ് അവളെ സ്വീകരിച്ച് ഭവനത്തിലേക്കു കൂട്ടിക്കൊണ്ടു പോകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഉദൈപൂർ

**ആശീഷ് കുമാർ & സവിത ദേവി**

മൂന്നു ഗ്രാമങ്ങളിലുള്ള 120 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 15 പുതിയ നിയമങ്ങളും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. കോമ അവസ്ഥയിലായിരുന്ന ജീവയെ സാധാരണ നിലയിലെത്തുവാൻ ദൈവം സഹായിച്ചു. ദിനേശ്, ശ്യാം എന്നിവർക്കു സർക്കാർ ജോലി നൽകി ദൈവം അനുഗ്രഹിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നും ജൂലി, സംഗീത എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേമിക കരൾ സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭീൽ ജനങ്ങൾ അവരുടെ ദുർപരിചയങ്ങൾ ഉപേക്ഷിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### MLA യിലൂടെ ദൈവാലയം

ആന്ധ്രാ പ്രദേശിൽ മാദനപ്പള്ളി മിഷൻ വയലിലെ അദപാലമാലപ്പള്ളിയിലെ ആരാധന യോഗത്തിൽ 30 വിശ്വാസികൾ പതിവായി കൂടി വരാറുണ്ട്. സ്ഥലം എം എൽ എ അവരുടെ ഗ്രാമം സന്ദർശിക്കുന്നുണ്ടെന്നു അവർ കേട്ടു. ദൈവാലയം പണിയുന്നതിനു സർക്കാർ ഭൂമി ദാനമായി നൽകുന്നതിനു വിശ്വാസികളെല്ലാവരും ചേർന്നു എം എൽ എ ക്കു ഒരു നിവേദനം നൽകി. ദൈവത്തിന്റെ കൃപയാൽ എം എൽ എ അവരുടെ ആവശ്യം പരിഗണിച്ച് ദൈവാലയം പണിയുന്നതിനു അഞ്ചു സെന്റ് സ്ഥലം അനുവദിച്ചു നൽകി. തുടർ നടപടികൾ ചെയ്യുന്നതിനു തഹസിൽദാർക്കു ആജ്ഞയും നൽകി. സ്ഥലം അളന്നു തിരിച്ച് ദൈവാലയം നിർമ്മിക്കുന്നതിനായി നൽകിത്തന്നു. ദൈവത്തിനു സ്തോത്രം!




## ജന്മദിനാശംസകൾ

പോൾ സമ്പത്ത്

# ഉത്തർപ്രദേശ്

## റാണിയ

**മോങ്ക്വായ് ഫോം & നിഷ ഫോം**

ഒരു ഗ്രാമത്തിലുള്ള 250 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 60 പുതിയ നിയമവും ഒരു വേദപുസ്തകവും വിതരണം ചെയ്തു. പൈശാചിക ബന്ധനത്തിൽ നിന്നും ഗീത വിടുതൽ പ്രാപിച്ചു.

നമ്മുടെ ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്നവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 80 വ്യക്തികളെ രക്ഷിയിലേക്കു നയിക്കുക എന്ന ഈ മാസത്തെ ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക. 10 സ്ഥലങ്ങളിൽ നടത്തിയ വിബിഎസിൽ അനേക കുട്ടികൾ സംബന്ധിക്കേണ്ടതിനും അവരുടെ ഹൃദയങ്ങളിൽ സുവിശേഷത്തിന്റെ വിത്തുകൾ വിതെക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ദീലീപ്, ഗോഗ പ്രസാദ്, ഗീത, ചന്ദ്ര പ്രഭ, കൃഷ്ണ ദേവി എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക.

## ഗാട്ടംപൂർ

**ഹെലുൻ ജെ തൗതാങ് & ചിങ്ബോയ്**

മൂന്നു ഗ്രാമങ്ങളിലുള്ള 520 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. 25 പുതിയ നിയമവും 10 വേദപുസ്തകവും വിതരണം ചെയ്തു. 20 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സരസുൾ ആരാധനക്കൂട്ടത്തിലുള്ള നമ്മുടെ വിശ്വാസികളായ ഓം പ്രകാശ്, ഷംസീർ എന്നിവർ പാസ്റ്ററുടെ ഭവനം പണിയുന്നതിനു നമ്മെ സഹായിക്കുന്നു. ചില്ലി പ്രദേശത്തുള്ള വിമല പൈശാചിക ബന്ധനത്തിൽ നിന്നു മുക്തനായി. കഠിനമായ ചൂടിൽ നിന്നും സുവിശേഷവിരോധികളുടെ കരങ്ങളിൽ നിന്നും മിഷനറിമാരെ ദൈവം അത്ഭുതകരമായി പരിപാലിച്ചു.

ഇവിടുത്തെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ബാൽമികി, പാസ്വാൻ എന്നീ ജാതി സമൂഹങ്ങളിൽ നിന്നും സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾ അവരുടെ അക്രൈസ്തവ സ്നേഹിതരെയും സ്വന്തക്കാരെയും സുവിശേഷത്താൽ നേടുന്നതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ ഈ ദിവസങ്ങളിൽ സജീവമായിരിക്കുന്ന സുവിശേഷ വിരോധികളിൽ നിന്നും ദൈവം നമുക്കു സുരക്ഷിതത്വം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ഗാട്ടംപൂർ, ബാവൻ എന്നീ ദൈവാലയങ്ങളിൽ കുഴൽ കിണർ നിർമ്മാണം വേഗത്തിൽ പൂർത്തികരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**12**
**ഏപ്രിൽ**
**ചൊവ്വ**

## ജന്മദിനാശംസകൾ

ജസിയ്യ ഹാരിസ്,
കുപ്പുസ്വാമി പി,
ബിദ്യുത് കുമാർ സിങ്

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷൻസ്

**എൻ രാജദുരൈ & പ്രേമ**

എഴു യൗവ്വനക്കാർ മിഷനറി പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു. മൂന്നു ഗ്രാമങ്ങളിൽ ലഘുലേഖ വിതരണത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു. കഠിനമായ വേനൽ ചൂടിൽ മിഷനറിയെയും പരിശീലനാർത്ഥികളെയും ദൈവം അത്ഭുതകരമായി പരിപാലിച്ചു.

വാരന്ത്യ ശുശ്രൂഷക്കു പുതിയ ഗ്രാമങ്ങളിൽ തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജൂലൈ ആദ്യ ആഴ്ചയിൽ പുതിയ ബാച്ച് മിഷനറി പരിശീലനാർത്ഥികൾ കടന്നു വരും. സന്ദർശകരായ അദ്ധ്യാപകർ സമയത്തു കടന്നു വന്നു അവരുടെ ഭാഗം പഠിപ്പിച്ചു പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കൈംഗഞ്ച്

**എബനേസർ ജി സാം & ജപറാണി**

വിബിഎസിനു ആവശ്യമായ കാര്യങ്ങൾ തയ്യാറാക്കി. ബിൽഹൂർ ഗ്രാമത്തിൽ ക്ലസ്റ്റർ തലത്തിൽ നടത്തിയ വിബിഎസ് പരിശീലനത്തിൽ 50 പേർ പങ്കെടുത്തു. അവരിൽ രണ്ടു പേർ പൂർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിച്ചു. പത്തു വർഷത്തോളം അലർജി രോഗത്താൽ കഷ്ടപ്പെട്ട ശശി സുഖം പ്രാപിച്ചു.

സുവിശേഷം ശ്രവിച്ച പാൽ സമൂഹത്തിലെ രാമ, റീത, റീനു എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനും ആത്മീക വളർച്ച പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മളുമായി സമ്പർക്കിത്തിലായവർ സാമൂഹ്യ ഭയം, ശൈശവ വിവാഹം തുടങ്ങിയ സാമൂഹ്യ തടസ്സങ്ങളെ അതിജീവിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാമ്പിൽ ഗ്രാമത്തിലെ ഉർമ്മിള കുടുംബം, വന്ദന, സാർദ, ബാത്പുര ഗ്രാമത്തിലെ മാണിക്യചന്ദ് കുടുംബം, ശിവാം, പ്രിത്വി ദർവാജ ഗ്രാമത്തിലെ രോഷ്നി, ചാന്ദിനി, മോനു, ഫത്തെഗാട് ഗ്രാമത്തിലെ പ്രതാപ് കുടുബം, ഷാനു, രോഷ്നി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഭാഗ്യനഗർ ദിവ്യപൂർ

**മാത്യു & ശ്യാമൾ**

രണ്ടു ഗ്രാമങ്ങളിലുള്ള 300 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. 100 പുതിയ നിയമം വിതരണം ചെയ്തു. അപകടത്തിൽ നിന്നും നമ്മുടെ മിഷനറിയെ ദൈവം രക്ഷിച്ചു. ക്ലസ്റ്റർ തലത്തിൽ വിബിഎസ് പ്രോഗ്രാം നടത്തി. ദീലീപിന്റെ ശരീരത്തിലുള്ള പരുക്കൾ പ്രാർത്ഥനയുടെ ഫലമായി സൗഖ്യമായി.

ഷക്കീന, നീതു എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയ പരിസരത്തു അനേകർ അതിക്രമിച്ചു കയറി മദ്യപാനവും അനാശാസ്യ പ്രവർത്തനവും നടത്തുന്നതിനാൽ ദൈവാലയത്തിനു ചുറ്റുമതിൽ പണിയേണ്ടതു അത്യാവശ്യമായിരിക്കുന്നു.

## 13
## ഏപ്രിൽ
## ബുധൻ

ഉപവാസ
പ്രാർത്ഥന ദിനം

# ജന്മദിനാശംസകൾ

ബനിൽഡ ദയാസിങ്

### പുക്കാറായൻ

**ശാന്തകുമാർ & ജിൻസി**

മൂന്നു ഗ്രാമങ്ങളിലുള്ള 600 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 450 പുതിയ നിയമവും ആറു വേദപുസ്തകവും വിതരണം ചെയ്തു. ഒരാൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കൽപി പ്രദേശത്തു ധാരാളം പേർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നമ്മുടെ പ്രാർത്ഥനയുടെ ഫലമായി അനേക യുവ വിശ്വാസികൾ എല്ലാ ആഴ്ചയിലും പിപ്രി സഭയിൽ ആരാധനയിൽ പങ്കെടുക്കുന്നു.

നമ്മുടെ ശിശു പരിപാലന കേന്ദ്രത്തിൽ പഠിക്കുന്ന 110 കുട്ടികൾ ആത്മീകമായും ഭൗതികവുമായി വളരേണ്ടതിനായി പ്രാർത്ഥിക്കുക. മിഷൻ തലത്തിലുള്ള പരിശീലന കേന്ദ്രത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വിബിഎസിലൂടെ കുഞ്ഞുങ്ങളുടെ ഹൃദയങ്ങളിൽ വിതെച്ച ദൈവവചനം വളർന്നു സഫലമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### തുണ്ട്‌ല

**പച്ചിയബായ് ഫോനബായ് & സിവതബൻ**

ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. 50 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. അഞ്ചു പുതിയ നിയമം വിതരണം ചെയ്തു. തന്മായി, ദൗരാസി, നാഗ്‌ല എന്നീ ഗ്രാമങ്ങളിൽ വസിക്കുന്ന വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ലീല ദേവി, ശാന്തി ദേവി, ശ്രീമതി എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൽപുര, നാഗ്‌ല, കല്യാൺ, ദൗരാസി എന്നീ ഗ്രാമങ്ങളിലെ ആരാധന ക്രമമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന അന്വേഷക ക്യാമ്പ്, സുവിശേഷീകരണ യജ്ഞം, അനുധാവന പ്രവർത്തനം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ബസ്തി

**പുംസോൻചിൻ & ലുൻചിങ്**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു 140 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 19 പുതിയ നിയമവും നാലു വേദപുസ്തകവും വിതരണം ചെയ്തു. കഠിനമായ ചൂടിൽ നിന്നും സുവിശേഷ വിരോധികളിൽ നിന്നും ദൈവം നമ്മെ പരിപാലിച്ചു. ഒട്ടു അനുകൂലമല്ലാത്ത സാഹചര്യത്തിൽ പ്രവർത്തിക്കുന്ന പുതുതായി നിയോഗിതരായ സുവിശേഷകർക്കായി ദൈവത്തെ സ്തുതിക്കാം.

ഈ കാലഘട്ടത്തിൽ സജീവമായിരിക്കുന്ന സുവിശേഷ വിരോധികൾക്കായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തുള്ള സുവിശേഷീകരണ പ്രവർത്തനം നിർത്തുന്നതിനു അവർ ശ്രമിക്കുന്നു. നടക്കുവാനോ സംസാരിക്കുന്നതിനോ കഴിവില്ലാത്ത മുശ്കാന്ത്, ബേസാമ്പി, വിനോദ് എന്നിവർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാത രോഗിയായ ചുമ്മി ലാലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**14**
**ഏപ്രിൽ**
**വ്യാഴം**

## ജന്മദിനാശംസകൾ

ബൻഹൂർ വൈ, ജിക്കി എഡ്വേർഡ്

## മദ്ധ്യപ്രദേശ്

### മോരേന

**ജപകുമാർ & ജയന്തി ഗ്രേസ്**

56 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 10 പുതിയ നിയമവും മൂന്നു വേദപുസ്തകവും വിതരണം ചെയ്തു. കൊടുങ്കാറ്റിൽ വീടിന്റെ ടിൻ ഷീറ്റ് മേൽക്കൂര പറന്നുപോയ വേളയിൽ മഹേഷിനെയും കുടുംബത്തെയും ദൈവം പരിപാലിച്ചു.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച നവാൽ സിങ്ങും കുടുംബവും വിശ്വാസത്തിൽ പതറുന്നു ഇവർ വിശ്വാസത്തിൽ ഉറച്ചു നിന്നു വളരേണ്ടതിനായി പ്രാർത്ഥിക്കുക. വിബിഎസിൽ പങ്കെടുത്ത കുട്ടികൾ കുട്ടികളുടെ ക്ലാസ്സുകളിൽ തുടർന്നും പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഹേഷ് പൊതുജനങ്ങളിൽ തന്റെ കമ്പനിക്കു വേണ്ടി പണം പിരിച്ചെടുത്തെങ്കിലും ചില രാഷ്ട്രീയ പ്രശ്നങ്ങൾ നിമിത്തം അതു തിരികെ നൽകുവാൻ സാധിക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചെറു ബാലനായ സൈമണിന്റെ നെഞ്ചിൽ ഉണ്ടായ മുഴ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### നേപ നഗർ

**ജുബരാജ് ഭരതൻ &**
**ഷീബ ജാസ്മിൻ**

എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിലുള്ള 736 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 55 പുതിയ നിയമവും നാലു വേദപുസ്തകവും വിതരണം ചെയ്തു. മാണ്ടി ഗ്രാമത്തിലെ ജമ്പായിയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. ഉറക്കം നഷ്ടപ്പെടുത്തിയ മുറിവിനാൽ കഷ്ടപ്പെട്ട സംഗീതയെ ദൈവം സൗഖ്യമാക്കി.

ഘാട്ലി ഗ്രാമത്തിലെ പ്യാരിബായി മാറിടത്തിലുള്ള മുഴയാൽ അതി വേദനപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദുൽക്കോട്ടിലെ ചില പ്രദേശങ്ങളിൽ എതിർപ്പിനെ തുടർന്നു നിർത്തിവെച്ച യോഗങ്ങൾ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടങ്ങളിൽ പ്രശ്നങ്ങളുണ്ടാക്കുവാൻ കാരണക്കാരായ വ്യക്തികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സഭാമൂപ്പൻ സോനാർബായയി വീണ്ടും മദ്യപിക്കുവാൻ തുടങ്ങിയതിനാൽ അദ്ദേഹത്തിന്റെ ഭവനത്തിലെ യോഗങ്ങൾ നടക്കുന്നില്ല. അദ്ദേഹം മദ്യാസക്തിയിൽ നിന്നും പൂർണ്ണ മുക്തി പ്രാപിക്കേണ്ടതിനും ഭവനത്തിലെ കൂട്ടായ്മ പുനരാരംഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. രോജ്ദി ഗ്രാമത്തിലെ 70 വയസ്സുള്ള ചുദ്രി മോട്ടർ സൈക്കിളിൽ നിന്നു വീണതിനെ തുടർന്നു ഗുരുതരമായി മുറിവേറ്റു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 15 ഏപ്രിൽ വെള്ളി

### ജന്മദിനാശംസകൾ

കരോളിൻ വില്യം,
ജിത്തേന്ദ്ര ദിഗാൾ,
പദ്വി സോമാലിയ ബായി,
സുഗുണ അരുൾ ആശീർ,
വാൽവി നേതാജി ഡാഡു,
റൗത്ത് ആശ കോങ്കാണി സമ്പത്

### നിവാലി

**ചന്നമല്ലപ്പ & രൂപ**

മൂന്നു ഗ്രാമങ്ങളിലുള്ള 263 വ്യക്തികളളോടു സുവിശേഷം പങ്കുവെച്ചു. അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 16 പുതിയ നിയമവും നാലു വേദപുസ്തകവും വിതരണം ചെയ്തു. 10 ഗ്രാമങ്ങളിൽ വിബിഎസ് സംഘടിപ്പിച്ചു. രണ്ടു ഗ്രാമങ്ങളിൽ ഫിലം പ്രദർശനം നടത്തി.

ഘോലിയബപാനി ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മനിഷിനു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നും സംഗീത സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭയിലെ വിശ്വാസികളെല്ലാവരും സുവിശേഷീകരണ യജ്ഞത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകനു ഗ്രാമത്തിൽ പാർക്കുന്നതിനു നല്ലൊരു വീട് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബാഗ്‌ലി

**വിൽസൺ ഡി & രാസ്മിത വിൽസൺ**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 236 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 24 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായയി സ്വീകരിച്ചു. 12 പുതിയ നിയമവും എട്ടു വേദപുസ്തകവും വിതരണം ചെയ്തു. ഭിൽ ഗ്രാമങ്ങളിൽ സുവിശേഷത്തിന്റെ വാതിലുകൾ തുറന്നു. ഓൺലൈനിൽ സുവിശേഷം പ്രസംഗിച്ച ദുരുപദേശകന്റെ സ്വാധീനത്താൽ നാശത്തിലേക്കു പോയ ആറു വിശ്വാസികൾ തങ്ങളുടെ തെറ്റു മനസ്സിലാക്കി ദൈവസന്നിധിയിലേക്കു മടങ്ങിവന്നു.

ഭീൽ ജനങ്ങൾ പാർക്കുന്ന തഗടി, സിയാനി, ഗാർഡ് എന്നീ ഗ്രാമങ്ങൾ സുവിശേഷം കേൾക്കുന്നതിനു തയ്യാറായി. വൈദ്യുതിയോ കുടിവെള്ളത്തിന്റെ സൗകര്യമില്ലാതെ ജീവിക്കുന്ന ഈ ജനം ദുർപരിചയങ്ങൾക്കും അന്ധ വിശ്വാസങ്ങൾക്കും അടിമകളാകുന്നു. പ്രതീക്ഷകൾ അസ്തമിച്ച ഇവരിൽ അനേകരും ഭിന്നശേഷിക്കാരാകുന്നു. ജ്യോതി ബന്നിനു തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുഷ്ഠ രോഗിയായ എമ്മു ബായി, ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന രമാബായി, നടക്കുന്നതിനോ സംസാരിക്കുന്നതിനോ കഴിവില്ലാത്ത ചെറു ബാലനായ പയസ്സ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**16**
**ഏപ്രിൽ**
**ശനി**

## ജന്മദിനാശംസകൾ

വിനോദിനി ജോൺസൺ,
ബർന്നബാസ് എ,
സുനന്ദ ബല്ലി

**ഖർഗോൺ**

**ഐസക് & സീത ഐസക്**

29 ഗ്രാമങ്ങളിലുള്ള 744 വ്യക്തികളോടു സുവിശേഷം അറിയിച്ചു. മാനസിക രോഗത്താൽ മറ്റുള്ളവരെ കല്ലെറികയും മോഷ്ടിക്കയും ചെയ്യുന്ന പത്കിയ എന്ന പെൺകുട്ടിയെ കർത്താവ് സൗഖ്യമാക്കി. സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നു ദൈവം നമ്മുടെ സുവിശേഷകന്റെ കുടുംബത്തെ രക്ഷിച്ചു.

കുഷ്ഠരോഗത്തിൽ നിന്നു പ്രാർത്ഥനയുടെ ഫലമായി സുഖം പ്രാപിക്കുന്ന ദിനേശിനെ ഭാര്യ അഞ്ചു മക്കളോടു കൂടെ ഉപേക്ഷിച്ചു പോയി. അരയ്ക്കു താഴെ പൊള്ളലേറ്റ കമലയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകന്റെ ഭാര്യ ഗായത്രി വിഷാദ രോഗത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ചിറിയ**

**ഏകലവ്യൻ ജയിംസ് & ബറിൽ**

സുവിശേഷീകരണ പ്രവർത്തനത്താൽ 24 ഗ്രാമത്തിലെ 307 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. കൈകാലുകളിൽ നീരു ബാധിച്ച സാമൽക്കോട്ട് ഗ്രാമത്തിലെ ലളിത ബാഗനെ കർത്താവ് സൗഖ്യമാക്കി. മാൽ സിങിന്റെ പശു രോഗം നിമിത്തം തീറ്റ തിന്നാതെ മൂന്നു ദിവസം കിടന്നു. വിശ്വാസികൾ അതിനു വേണ്ടി പ്രാർത്ഥിച്ചപ്പോൾ അതു തീറ്റ തിന്നുവാൻ തുടങ്ങി. വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി ബലിറാം കാൻസർ രോഗത്തിൽ നിന്നു സുഖം പ്രാപിച്ചു.

സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നു പ്രാദേശിക സുവിശേഷകൻ സുരക്ഷിതനായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു ദൈവഭയമുള്ള ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്നുവിനു കേൾവി ശക്തി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയരോഗത്തിൽ നിന്നു പാത്തൻ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പ്രാർത്ഥനയാൽ പശു സൗഖ്യമായി

മദ്ധ്യപ്രദേശിൽ നേപ്പാനഗർ മിഷൻ വയലിലുള്ള പാലാമ്പൂർ ഗ്രാമത്തിലെ സോനാ ബായി നമ്മുടെ വിശ്വാസിയാകുന്നു. 2022 മെയ് 18 ന് അവരുടെ പശു പുല്ലിനൊപ്പം മറ്റെന്തോ തിന്നു. അതിനെ തുടർന്നു അതിന്റെ വയർ വീർത്തു. അതിന്റെ വയറിളകാനും ശർദ്ദിക്കുവാനും തുടങ്ങി. പശുവിനു അസുഖമാണെന്നു സോനാബായിക്കു മനസ്സിലായി. അവൾ പശുവിന്റെ മേൽ എണ്ണപുരട്ടി പ്രാർത്ഥിച്ചു. അതെ ദിവസം തന്നെ പുൽസാർ ഗ്രാമത്തിൽ ഒരു പ്രത്യേക ഉപവാസ പ്രാർത്ഥന സംഘടിപ്പിച്ചിരുന്നു. വിശ്വാസികളും മിഷനറിയും ആ പശുവിനു വേണ്ടി പ്രാർത്ഥിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ അന്നു സന്ധ്യക്കു തന്നെ പശു സൗഖ്യമായി പുല്ലു തിന്നുവാൻ തുടങ്ങി. ഹല്ലെലുയ്യ!

**17**
**ഏപ്രിൽ**
**ഞായർ**

## ജന്മദിനാശംസകൾ

ദേവദാസ് എസ്,
കുമാർ ജി,
അഗസ്റ്റിൻ ബിജി

## ജാർഖണ്ഡ്

### നോനിഹാട്

**എൽ ബയ്തെ & എം ബൻഹൂർ**

17 വ്യക്തകൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കുക്കി ഗ്രാമത്തിൽ നടത്തിയ സൗഖ്യദായക ശുശ്രൂഷയിൽ അനേകർ രോഗസൗഖ്യം പ്രാപിച്ചു. സുസ്കുരമിനിയെ മരണ ശയ്യയിൽ നിന്നും ദൈവം വിടുവിച്ചു. അവളും കുടുംബവും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. പക്ഷാഘാതത്തിൽ നിന്നും പ്രമിള സൊറനെ കർത്താവ് സൗഖ്യമാക്കി.

മാനസിക രോഗത്തിൽ നിന്നും ജിരേദാഹ ഗ്രാമത്തിലെ കിസ്കു, ബുധ്‌ലാൽ സൊറൻ, റൂബിലാൽ കിസ്കു എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബൊക്കോ ഗ്രാമത്തിലെ ദാനിയേൽ കിസ്കു മദ്യാസക്തിയിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. പിങ്കി, മായാക്കു, മാറാണ്ടി, ധൊൻമുനി ടുഡു, രാസ്മുനി ടുഡു എന്നിവരെ രക്ത സ്രാവത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറി ബൻഹൂറിനെ ദൈവം ഈ മിഷൻ വയലിൽ ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഭാദരിയ

**അഗസ്റ്റിൻ ബിജി & മന്ന രാജ വിദ്യ**

പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കുന്നതിനു ശലോമി മാൾട്ടോക്കു ദൈവം ധൈര്യം നൽകി. അവൾ പഞ്ചായത്തംഗമായി. കിർലോക്കിലെ ദാനിയേൽ മാൾട്ടോ പഞ്ചായത്ത് പ്രസിഡണ്ടായി. നമ്മുടെ വിശ്വാസികളിൽ അനവധിയാളുകൾ ത്രിതല പഞ്ചായത്തിലെ വിവിധയിടങ്ങളിൽ മത്സരിക്കുന്നതിനു മുന്നോട്ടു വന്നു.

ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ ഉപദ്രവിക്കുന്ന ഗ്രാമത്തലവന്മാരായ സുനിലാൽ, മിതിലേശ്, പൂജാരിയായ സിമ്ര എന്നിവരുടെ ജീവിതത്തിൽ ദൈവം ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക. കുടിയേറി പോകുന്ന വിശ്വാസികൾക്കു തങ്ങളുടെ സ്വദേശത്തു തന്നെ നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർന്നു പോയ ബഞ്ചമിൻ, അപസ്മാര രോഗികളായ സുമൻ, ഗാലേബ്, മൂന്നു വർഷമായി ശയ്യവലംബയായി കിടക്കുന്ന കുഞ്ഞു പൈതൽ മൈശ പഹാടിയ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**18**
**ഏപ്രിൽ**
**തിങ്കൾ**

## ജന്മദിനാശംസകൾ

ബൻഹുർ എം,
അമീർ കാന്ത ദിഗൽ,
അരുൾരാജ് എബനേസർ ഡി,
സാം പോൾ എ

### പത്തന

**കെന്നടി സിങ് & ലിന്തോബി**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു ഗ്രാമങ്ങളിലുള്ള 3000 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 1500 ലഘുലേഖകളും നാലു വേദപുസ്തകവും വിതരണം ചെയ്തു. ചുച്ചി ദൈവാലയത്തിലെ മണ്ഡൽ കിസ്കുവിനെ ഗ്രാമ മുഖ്യനായി തിരഞ്ഞെടുത്തു.

കലധാർ, ലഖൻപൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള എതിർപ്പ് ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. വിനോദ് കിസ്കു, ശമുവേൽ മറാണ്ടി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന ദിനേശ് കർമാക്കരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കകുക. കൊക്കാരോ, രങ്ക, ജുമുർ, സിമൽദെപ് എന്നീ ഗ്രാമങ്ങളിൽ ദൈവാലയങ്ങൾ നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ മഹിമ, അപസ്മാര രോഗിയായ സമുറു ടുഡു, കാൻസർ രോഗിയായ മാർട്ടിന ടുഡു, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന മനുവേൽ അമന്ദ, തളർവാതത്താൽ വലയുന്ന രാംങ്കു മുർമ്മു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അന്ധരായ കിഷൻ ബായ്, ഹെറുബൻ എന്നിവരുടെ ത്വക്കുരോഗം (വെള്ളപാണ്ട്) സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### യഹോവ യിരെ ബോയ്സ് ഹോസ്റ്റൽ

**സോൻപു സിങ്സൺ & തിങ്നെ യ്നെങ് സിങ്സൺ**

12-ാം ക്ലാസ്സിലെ പരിക്ഷ വേളയിൽ അപസ്മാര രോഗം ബാധിച്ച ചാൾസ് സുർജകുമാർ അതിൽ നിന്നും മുക്തനായി പരീക്ഷ എഴുതി പൂർത്തീകരിക്കുവാൻ ദൈവം സഹായിച്ചു. ബാലഭവനത്തിലെ പാചകക്കാരി വാസന്തിക്കു ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. എന്നാൽ ആ കുഞ്ഞ് ICU വിൽ ആകുന്നു.

മഴക്കാലത്തുണ്ടായ കാറ്റിലും ഇടിമിന്നലിനും ബാലഭവനത്തിലെ കെട്ടിടങ്ങൾ, പ്രവർത്തകർ, വൈദ്യുതി കണക്ഷൻ എന്നിവയെ ദൈവം പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചന്തയിൽ നിന്നു ഭവനത്തിലേക്കു മടങ്ങിവരുന്ന വേളയിലുണ്ടായ അപകടത്തിൽ തലക്കു മുറിവുണ്ടായ ബാലഭവനത്തിലെ സോണിയ ചാന്ദുവിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**19**
**ഏപ്രിൽ**
**ചൊവ്വ**

**ലിട്ടിപാട : എബനേസർ ശാമുവേൽ & മേബിൾ ഫ്ളോറൻസ്**

13 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിചച്ചു. 503 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കുടുംബത്തോടൊപ്പം ആരാധനയിൽ സംബന്ധിക്കുന്ന മോത്തിലാൽ ടുഡു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു.

ബാത്തരിയ ദൈവാലയ നിർമ്മണം ഭംഗിയായി പുരോഗമിക്കുന്നു. നമ്മുടെ സ്വദേശ സുവിശേഷകന്റെ ഭാര്യ സ്റ്റെല്ലയുടെ വൃക്കയുടെ പ്രവർത്തനം നിലച്ചതിനാൽ അടിക്കടി രക്ത ശുദ്ധീകരണം നടത്തുന്നു. പൈശാചിക ബന്ധനത്താൽ വലയുന്ന ലിപ്സ മോഹാലിയുടെയും കുടുംബത്തിന്റെയും വിടുതലിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### റാണിഗഞ്ച്

**ധ്രുബ രാജ ബബർത്ത & പുഷ്പാഞ്ജലി**

17 ഗ്രാമങ്ങളിലുള്ള 830 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ തടസ്സങ്ങളില്ലാതെ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. സാഗർ ഡിഗി ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു ദൈവാലയങ്ങളുടെ ഭിത്തി തേക്കുന്ന വേല വിജയകരമായി പൂർത്തീകരിച്ചു.

ബുജുബിത്ത പ്രദേശത്തു സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ ആത്മാർത്ഥമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നവർക്കായി പ്രാർത്ഥിക്കുക.

**ബാലുർഘാട്: ഹരമോഹൻ & സുഷമ**

എട്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. 40 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. അഞ്ചു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. രണ്ടു പുതിയ നിയമം രണ്ടു വേദപുസ്തകം എന്നിവ വിതരണം ചെയ്തു. ജാബുർസി ഗ്രാമത്തിലെ ആനന്ദ്, ദാസോൾ ഗ്രാമത്തിലെ ശ്രീമതി എന്നിവരുടെ ജീവിതത്തിൽ നിന്നു ഭയം മാറേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിനായി ഉപയോഗിച്ചിരുന്ന താൽക്കാലിക ഷെഡ്ഡിനു മുകളിൽ ഒരു വൻമരം വീണ വേളയിൽ ദൈവം നമ്മുടെ വിശ്വാസികളെ എല്ലാം പരിപാലിച്ചു.

ഈ പ്രദേശത്തെ സുവിശേഷ വേലക്കായി ഒരു സന്നദ്ധ സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജന യോഗം, വിബിഎസ്, സുവിശേഷീകരണ പ്രവർത്തനം, ഫിലിം പ്രദർശനം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. മിഷനറിമാർ ലക്ഷ്യം വെക്കുന്ന 19 ഗ്രാമങ്ങളിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**20**
**ഏപ്രിൽ**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

റെജിനി തോമസ്,
തോട്ച്ചുയോ ഷിംറാജ്,
അലക്സ് പ്രഭു, രമേശ് ബാബു കെ,
ബാബുജി മുർമ്മു

### പക്കുഹാട്

**രാമകൃഷ്ണ @ എലിയ & അഞ്ജലി**

എഴു ഗ്രാമങ്ങളിലുള്ള 500 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. പത്തു പുതിയ നിയമവും നാലു വേദപുസ്തകവും വിതരണം ചെയ്തു. വിശ്വാസികളെ ഉപദ്രവിക്കുന്ന നിമദങ്ക പ്രദേശത്തുള്ള വിശ്വാസികൾ ധൈര്യപൂർവ്വം ഞായറാഴ്ച ആരാധനയിൽ സംബന്ധിച്ചു. വേദന നിർഭരമായ സാഹചര്യത്തിൽ കഴിയുന്ന നമ്മുടെ വിശ്വാസികളായ വകീൽ ഹെബ്രവും സാഫോൾ ഹെബ്രവും ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു.

മോങ്കൽ ഹെബ്രം, പൽതോൻ ഹസ്താക് എന്നിവർ പ്രവചനത്തിലൂടെ വിശ്വാസികളെ വഞ്ചിക്കുകയും വഴിതെറ്റിക്കുകയും ചെയ്യുന്നു. സൽബോനിയിലുള്ള വസ്തുവിലേക്കുള്ള വഴി പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ചുർക്കി ടുഡു, ഗണേഷ് മുർമ്മു, സിരൻജിത് സൊറൻ, സുനിൽ ഹസ്താക് എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തിസ്ഘട്ട്

**ബസ്തർ : ബാബുജി മുർമ്മു & വയലറ്റ് ഹസ്ത, റോസൻ മട്ടാമി & ഛായ മട്ടാമി**

ഒരു ഗ്രാമത്തിലുള്ള 380 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 10 പുതിയ നിയമം വിതരണം ചെയ്തു. കോവാച്ചി ഗ്രാമത്തിലെ ദലബായിയെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. പേടി സ്വപ്നം കാണുന്നതിൽ നിന്നു ഡേവിഡ് ടിർക്കിയെ ദൈവം വിടുവിച്ചു. കൈ വേദനയിൽ നിന്നും നീരിൽ നിന്നും സുസമ്മ എക്കയെ ദൈവം വിടുവിച്ചു.

ഹെറ്റർകാസ് ദൈവാലയത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേല ചെയ്യുന്നതിനായി കൂടുതൽ പ്രാദേശിക സുവിശേഷകരെ ആവശ്യമായിരിക്കുന്നു.

### തകർന്ന നട്ടെല്ലുമായി ക്രിസ്തുവിങ്കലേക്കു വന്നു!

പഞ്ചാബിലെ മോഗ മിഷൻ വയലിലെ ജഗദീപ് രണ്ടാം നിലയിൽ നിന്നു വീണതിനാൽ നടക്കുവാൻ കഴിയുന്നില്ല. അവന്റെ നട്ടെല്ലിനു ക്ഷതം സംഭവിച്ചു. സൗഖ്യമാകുമെന്നു ഒരു ഉറപ്പുമില്ലാത്ത ഒരു ശസ്ത്രക്രീയ ഡോക്ടറന്മാർ വിധിച്ചു. മിഷനറിമാരുമായി ബന്ധപ്പെടുവാൻ അയാളുടെ ഭാര്യയെ അയൽക്കാരൻ ഉപദേശിച്ചു. മിഷനറിയുടെ പ്രാർത്ഥനയുടെ ഫലമായി അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. അവൻ ഇപ്പോൾ ദൈവത്തിന്റെ അത്ഭുത പ്രവർത്തിയെ കുറിച്ചുള്ള സാക്ഷ്യം പറയുന്നു. ദൈവത്തിനു മഹത്വം.




## ജന്മദിനാശംസകൾ

പൊൻമലർ ജ്ഞാനശാന്തി,
പോൾരാജ് ആർ

**ചാമ്പ**

**വിനോദ് കുമാർ സിങ് &
പ്രവതി മാനി സിങ്**


150 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. അഞ്ചു പുതിയ നിയമവും മൂന്നു വേദപുസ്തകവും വിതരണം ചെയ്തു. സഹിം ദൈവീക സ്പർശനത്താൽ തളർവാതത്തിൽ നിന്നു വിടുതൽ പ്രാപിച്ചു. അജയ് മൽഹോത്ര, രാധ മൽഹോത്ര എന്നിവർ രോഗത്തിൽ നിന്നും മുക്തരായി. ഇപ്പോൾ അവർ ഞായറാഴ്ചയിലെ ബിസിനസ്സ് നിർത്തി. ഞായറാഴ്ച ആരാധന നടത്തുന്നതിനായി തങ്ങളുടെ ഭവനം തുറന്നു നൽകി.


സാമൂഹ്യപരവും കുടുംബപരവുമായ ഭയത്താൽ ഭുന്ദ് റാമും പുനി റാമും യേശുവിൽ വിശ്വസിക്കുന്നതിനും ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനും മടിക്കുന്നു. സത്നാമി, ജംഗീർ, യാദവ്, പട്ടേൽ എന്നീ ജാതി സമൂഹങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്നതിനു ഒരു ഇടത്താവളം ആരംഭിക്കുന്നതിനായി നല്ല ഭവനം മിഷനറിക്കു താമസിക്കുന്നതിനു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ചു വർഷത്തോളമായി പൈശാചിക ബന്ധനത്തിൽ കഴിയുന്ന രത്നാമി, അഗ്നി എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ ഇളയ മകൻ ശിഫാ സ്പീച്ച് തെറാപ്പിക്കു വിധേയനാകുന്നു. അവനു നല്ല ബുദ്ധി വളർച്ചയുണ്ടാകേണ്ടതിനും സംസാരിക്കുന്നതിനും ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രക്ഷിക്കുന്ന വിശ്വാസം!

മഹാരാഷ്ട്രയിൽ സർഗണ മിഷൻ വയലിലുള്ള സൊങ്കീർ ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസി മീനാക്ഷിബൻ രോഗിയായി കാൽ നീരു വന്നു വീർത്തു. കഴിഞ്ഞ അഞ്ചു മാസമായി അവൾക്കു നടക്കുവാനോ ഇരിക്കുവാനോ കഴിയാത്ത അവസ്ഥയായി. അവൾ ചികിത്സക്കായി പല ആശുപത്രികളിലും പോയി ധാരാളം പണം ചിലവഴിച്ചു. ഗ്രാമത്തിലുള്ളവർ സൗഖ്യത്തിനായി മറ്റു പല മാർഗ്ഗങ്ങളും നിർദ്ദേശിച്ചു. എന്റെ യേശു മറ്റെല്ലാത്തിനെക്കാളും ഉന്നതനാകുന്നു എന്ന് അവൾ അവരോടു ഉറപ്പോടെ പറഞ്ഞു. അവൾ യേശുക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ചു. അവളുടെ വിശ്വാസത്താൽ കാലിലെ നീര് പൂർണ്ണമായി മാറി. ഈ അത്ഭുതത്തെ തുടർന്ന് അവളുടെ ഭവനത്തിൽ ഒരു രാത്രി യോഗം ക്രമീകരിച്ചു ഗ്രാമത്തിലുള്ളവരോടു അവളുടെ സാക്ഷ്യവും സുവിശേഷവും പങ്കുവെച്ചു. ഈ യോഗത്തിൽ നൂറലധികം പങ്കെടുത്തു സുവിശേഷം ശ്രവിച്ചു.

## 22
## ഏപ്രിൽ
## വെള്ളി

### ജന്മദിനാശംസകൾ

ധർമ്മരാജ് ആർ. ആർ,
എബനേസർ ശമുവേൽ

## ഒടിഷ

### റിമുലി

**ശങ്കർ & ജലിൻ**

15 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 600 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. രണ്ടു വിശ്വാസികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. 40 പുതിയ നിയമവും മൂന്നു വേദപുസ്തകവും വിതരണം ചെയ്തു. ഏഴു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. വിശ്വാസികളെ കുറിച്ചു അന്വേഷിക്കുവാൻ വന്ന പ്രാദേശിക നേതൃത്വത്തിന്റെ കണ്ണിൽ വിശ്വാസികൾക്കു ദയ ലഭിച്ചു. തുടർന്നുള്ള പ്രവർത്തനത്തിനു അവരുടെ എല്ലാ വിധ സഹായവും വിശ്വാസികൾക്കു വാഗ്ദത്തം ചെയ്തു. എതിർപ്പുകളുടെ മദ്ധ്യത്തിൽ എട്ടു കുടുംബം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. പൈശാചിക പോരാട്ടത്താലും വിവിധ രോഗങ്ങളാലും കഷ്ടപ്പെട്ട ലിമ്പു മുണ്ടയോടു സുവിശേഷം പങ്കുവെച്ചു. അവൻ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങിയ ഉടനെ ദൈവം അവനെ സൗഖ്യമാക്കി. അതിനെ തുടർന്നു ദൈവത്തെ ആരാധിക്കുവാൻ അവൻ തന്റെ ഭവനം തുറന്നു നൽകി.

സുവിശേഷത്തെ വിരോധിക്കുന്ന കോൻകാന, കമൽപൂർ, ജോടിപാട, സന്നൈയോൻഡാഗ് എന്നീ ഗ്രാമങ്ങളിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മട്ടിസാഹി മദ്യാസക്തിയിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. അനവധി തവണ ഗർഭസ്ഥ ശിശുക്കൾ നഷ്ടപ്പെട്ട ഗുല്ലി, മാത എന്നിവർ വിണ്ടും കുഞ്ഞുങ്ങൾക്കു ജന്മം നൽകുന്നതിനു ഒരുങ്ങുന്നു. അവിനാശ്, ആശ, മോത്തില എന്നിവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജമിതി ദൈവാലയത്തിന്റെ അറ്റുകുറ്റ പണി നടത്തേണ്ടതിനും ബരമന്ദി, ആർസാല എന്നീ ഗ്രാമങ്ങളിൽ താൽകാലിക ദൈവാലം പണിയേണ്ടതിനായും പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### മോസ്ദ

**പോൾരാജ് & കോയിൽപുഷ്പം**

മൂന്നു ഗ്രാമങ്ങളിലുള്ള 170 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. അഞ്ചു വേദപുസ്തകം വിതരണം ചെയ്തു. 120 കുട്ടികൾ വിബിഎസിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. തകോദ മിഷൻ വയലിലെ വിശ്വാസിയായ അബൈബസിങിന്റെ ട്രാക്ടർ ഓടി ഒരു കല്ലിന്റെ പുറത്തു കയറി തലകീഴയി മറിഞ്ഞ വേളയിൽ ദൈവം അവനെ അത്ഭുതകരമായി രക്ഷിച്ചു.

പങ്കാം ഗ്രാമത്തിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രായമായ വിശ്വാസി സുമിയെ ശയ്യാവസ്ഥയിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സക്കാദി ഗ്രാമത്തിലെ തൈടിയബായിയെ അധരത്തിലുള്ള കാൻസറിൽ നിന്നു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

തോമസ് സൊറാൻ

### കൊരമ്പ

**രമേശ് ജി ക്രിസ്റ്റ്യൻ & റെയ്ച്ചൽ**

ഒരു ഗ്രാമത്തിലുള്ള 200 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ആറു പുതിയ നിയമം വിതരണം ചെയ്തു. പിതാവ് ആത്മഹത്യ ചെയ്തതിനെ തുടർന്നു പൈശാചിക ബന്ധനത്തിൽ സെമിത്തേരിയിൽ പാർത്തിരുന്ന യൂസഫിനെ കർത്താവ് സൗഖ്യമാക്കി. മൂക്കിൽ നിന്നു രക്തവും പഴുപ്പും വന്നിരുന്ന സരിത്തിനെ കർത്താവ് സൗഖ്യമാക്കി.

കസാവ് സഭയിലെ ആരാധനയിൽ ക്രമമായി പങ്കെടുക്കുന്ന യുവവിശ്വാസികളെ കർത്താവ് എടുത്തു ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹത്തിനു മുമ്പ് മിഷനറിയായിരുന്ന ഇമ്മാനുവേൽ തന്റെ ഭാര്യയോടു ചേർന്നു ദൈവവേല തുടർന്നു ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ ഹാവേലി

### സിൽവാസ

**അഖിലേശ് കുമാർ & കിരൺ ദേവി**

തിസ്കാടി ഗ്രാമത്തിൽ യുവജനയോഗം സംഘടിപ്പിച്ചു. ഒരു യുവാവ് സുവിശേഷവേലക്കായി സ്വയം സമർപ്പിച്ചു. മൂന്നു പേർ സണ്ടേ സ്കൂൾ നടത്തുന്നതിനു തയ്യാറായി. രണ്ടു വർഷമായി നടക്കുവാൻ കഴിയാതിരുന്ന ലാസിയബായി പ്രാർത്ഥനയുടെ ഫലമായി നടക്കുവാൻ ആരംഭിച്ചു. നാലു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ചിക്കാലി ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാന്ധ ബാലഭവനത്തിൽ പുതുതായി 41 കുട്ടികൾ ചേർന്നു.

അധരത്തിൽ കാൻസർ ബാധിച്ച മുൽജീബായി, നാക്കിൽ കാൻസർ ബാധിച്ച പ്രഭാബായി, ബാബുഭായി, തളർവാതത്താൽ കഷ്ടപ്പെടുന്ന വൻസുബായി, ഈശ്വർബായി, ബാഗിബൻ, ജിനുബൻ, ജിനുബായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലളിതബൻ, ശാന്തിബൻ, നൈനബൻ, ഭാരതിബൻ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മൂക്കിൽ നിന്നു ഇരുമ്പുണ്ട നീക്കം ചെയ്തു!

കർണ്ണാടകയിൽ ഷിഗ്ഗൗൺ മിഷൻ വയലിലുള്ള പത്തു വയസ്സുള്ള സച്ചിൽ കളിക്കുന്നതിനിടയിൽ ഇരുമ്പുണ്ട എടുത്തു മൂക്കിൽ ഇട്ടു. അവനെ ആശുപത്രിയിൽ കൊണ്ടുപോയി. അതു ഗുരുതരമായ അവസ്ഥയിലായതിനാൽ അതെടുക്കുന്നതിനു ഡോക്ടറന്മാർ തയ്യാറായില്ല. തുടർന്നു അവർ ബാലനെ ദൈവാലയത്തിൽ കൊണ്ടു വന്നു. സഭ അവനു വേണ്ടി പ്രാർത്ഥിച്ചു. പിന്നീട് അവനെ മറ്റൊരു ഡോക്ടറുടെ അടുക്കൽ കൊണ്ടുപോയി. ആ ഡോക്ടർ അവന്റെ മൂക്കിൽ നിന്നു ഇരുമ്പുണ്ട നീക്കം ചെയ്തു. ബാലൻ ഇപ്പോൾ സൗഖ്യത്തോടിരിക്കുന്നു.

**24**
**ഏപ്രിൽ**
**ഞായർ**

## ജന്മദിനാശംസകൾ

ആൽബർട്ട് ശമുവേൽ,
സതീഷ് റ്റി.

## മഹാരാഷ്ട്ര

### അല്ലപ്പള്ളി

**കുൽദീപ് സിങ് & ഗുരുപ്രീത് കൗർ**

അഞ്ചു ദിവസം സംഘടിപ്പിച്ച നാടക പ്രോഗ്രാമിലൂടെ മൂന്നു ഗ്രാമങ്ങളിലുള്ള 3045 പേർ സുവിശേഷം ശ്രവിച്ചു. 51 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 19 പുതിയ നിയമവും നാലു വേദപുസ്തകവും വിതരണം ചെയ്തു. കഠിനമായ ഉദര വേദനയിൽ നിന്നും ചന്ദ്രകലയെ ദൈവം സൗഖ്യമാക്കി. തങ്ങളുടെ ഭവനത്തിലുണ്ടായിരുന്ന പൈശാചിക സ്വാധീനത്തിൽ നിന്നു ദുഷൻ വാങ്കറെയും കുടുംബത്തെയും ദൈവം വിടുവിച്ചു അവരുടെ ഭവനത്തിൽ സമാധാനം സ്ഥാപിതമായി.

ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്ന പുതിയ കുടുംബങ്ങൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനും ക്രിസ്തേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ജന്മനടക്കുന്നതിനോ സംസാരിക്കുന്നതിനോ കഴിയാത്ത ചെറു ബാലൻ അർപ്പന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നു ദീവാക്കർ ചൗദരി, സല്ലു മാധവി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അരിവാൾ രോഗത്തിൽ നിന്നു അങ്കുഷ് ഹിച്ചാമി, ഡിമ്പാൾ ഹിച്ചാമി, സാനിയ മിശ്രാം എന്നിവരുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക.

### ധാന്ദബാര

**ബാലാജി നേടാലം & ജഗദീശ്വരി**

മൂന്നു ഗ്രാമങ്ങളിൽ 700 വ്യക്തികളോടും സുവിശേഷം പ്രഘോഷിച്ചു. 30 പുതിയ നിയമവും രണ്ടു വേദപുസ്തകവും വിതരണം ചെയ്തു. പത്തു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം ചെയ്തു. ഇവിടെ നടത്തിയ വിബിഎസിൽ 40 കുട്ടികൾ സംബന്ധിച്ചു. ഹെഡ് നേഴ്സായ ഹർഷക്കു ധാന്തബാര പ്രദേശത്തുള്ള പാൽസുവിലേക്കു സ്ഥലം മാറ്റം ലഭിക്കുന്നതിനു ദൈവം സഹായിച്ചു.

ഹിജഗൗൺ ഗ്രാമത്തിലുള്ള രൂപാലിയും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും അവരുടെ ഭവനം ആരാധന നടത്തുന്നതിനായി തുറക്കപ്പെടേണ്ടതിനായും പ്രാർത്ഥിക്കുക. വേലാർപാവ്ല, കലിമ്പ, കെർവ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സംഘടനയിൽ നിന്നും മാറിപ്പോയ നവ്ലി, കൊൽവിഹീർ, ബോട എന്നീ ആരാധനക്കൂട്ടങ്ങൾ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. മോഗിയുടെ ഭർത്താവ് അവളോടു ചേർന്നു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മരഗതമണി രൂബൻ,
മണിമാരൻ ഡി, ആനന്ദൻ എം

**ദിണ്ടോരി : അലക്സ് പ്രഭു & പ്രീയ**


എതിർപ്പുകളുടെ മദ്ധ്യത്തിൽ മേറെൻപാട ഗ്രാമത്തിൽ ഉപവാസ പ്രാർത്ഥന സംഘടിപ്പിച്ചു. അണ്ണ, പ്രീയങ്ക എന്നിവരുടെ വിവാഹം ക്രിസ്തീയ രീതിയിൽ പ്രശ്നങ്ങളില്ലാതെ നടത്തി. ഡോക്ടറന്മാർ ആശ കൈവിട്ട ശങ്കറിനെ കർത്താവ് പ്രാർത്ഥനയാൽ സുഖമാക്കി. രാജേന്ദ്ര മാലുസരെക്കു റേഷൻ കടയിലെ ജോലി പ്രാർത്ഥനയാൽ തിരികെ ലഭിച്ചു. രാജു തന്റെ ഭാര്യ സുനിതക്കെതിരെ വിവാഹമോചന നോട്ടിസ് നൽകിയെങ്കിലും ദൈവം അവന്റെ ജീവിതത്തിൽ സമാധാനം നൽകി ഇപ്പോൾ അവർ ഒരുമിച്ചു ജീവിക്കുന്നു. പ്രാർത്ഥനയുടെ ഫലമായി സോനാലിക്കു ശാന്തമായ മനസ്സു നൽകി. വിവാഹിതയായ അവൾ ഒരു പൈതലിനു ജന്മം നൽകുവാൻ ഒരുങ്ങുന്നു. മീര തന്റെ മച്ചി പശുവിനു വേണ്ടി പ്രാർത്ഥിച്ചതിനെ തുടർന്നു പശു ചനയായി. നടക്കുന്നതിനു ശേഷിയില്ലാതെ ദൈവാലയത്തിൽ കൊണ്ടു വന്ന അനന്യയെ ദൈവം അവളുടെ അവയവങ്ങൾക്കു ശക്തി നൽകി സൗഖ്യമാക്കി.


കുടുംബാംഗങ്ങളിൽ നിന്നു ശക്തമായ എതിർപ്പു നേരിട്ട മീന ഈസ്റ്റർ ആരാധനയിൽ സംബന്ധിക്കുകയും അവിടെ നൽകിയ സന്ദേശത്തിൽ അവൾ ഉത്സാഹിതയായി. എന്നാൽ അവൾ ഭവനത്തിൽ തിരികെ ചെന്നപ്പോൾ അവളുടെ വേദപുസ്തകവും പാട്ടു പുസ്തകവും തെരുവിലേക്കു വലിച്ചെറിഞ്ഞു വീട്ടിൽ നിന്നും ഇറക്കി വിട്ടു. ശാന്തബായിയുടെ പശു രണ്ടു തവണ പ്രസവിച്ചിട്ടും കിടാങ്ങൾ രക്ഷപ്പെട്ടില്ല. തളർവാതത്തിൽ നിന്നു തൊണ്ടെബായി, ഗർഭപാത്രത്തിൽ മുഴയുള്ള ലക്ഷ്മിബായി, രാത്രിയിൽ അപസ്മാരം ഉണ്ടാകുന്ന രാജു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുഭാഷ്, മനോഹർ, ഗാന്ധിലാൽ എന്നിവർ മദ്യാസക്തിയിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## സങ്കീർണ്ണമായ പ്രസവത്തിൽ സംരക്ഷണം

പശ്ചിമ ബംഗാളിലെ ബലുർഘാട്ട് മിഷൻ വയലിലുള്ള നമ്മുടെ വിശ്വാസി വാസന്തി മുർമ്മു ഏഴു മാസം ഗർഭിണിയായിരുന്നു. പെട്ടെന്നു അവൾക്കു പ്രസവ വേദന ഉണ്ടായതിനാൽ അവളെ ആശുപത്രിയിലേക്കു കൊണ്ടു പോയി. ഡോക്ടറന്മാരുടെ പരിശോധനയിൽ ഗർഭസ്ഥ ശിശുവിനു ചലനമില്ലെന്നും അവളുടെ അവസ്ഥ ഗുരുതരമാണെന്നും കണ്ടെത്തി. ഈ വിവരം അറിഞ്ഞ മറ്റു വിശ്വാസികൾ അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. അടുത്ത ദിവസം പ്രഭാതത്തിൽ വളർച്ചയെത്താത്ത ഒരു പൈതലിനു ജന്മം നൽകി. അഞ്ചു ദിവസത്തിനു അവൾ ഭവനത്തിലേക്കു മടങ്ങി. അമ്മയും കുഞ്ഞും സുഖമായിരിക്കുന്നു.

## 26
## ഏപ്രിൽ
### ചൊവ്വ

### ജന്മദിനാശംസകൾ

കിങ്സ്ലി ജീ,
സുഹി മലർ വിനു പി

### ഖാന്ദേഷ് റീജിയൻ

**വിനു & സുബില**

50 ഗ്രാമങ്ങളിലുള്ള 8979 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 120 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 419 പുതിയ നിയമവും 28 വേദപുസ്തകവും വിതരണം ചെയ്തു. 59 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. രണ്ടു ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. ചില വർഷങ്ങൾക്കു ശേഷം തടസ്സങ്ങളില്ലാതെ വിശ്വാസികൾക്കായി കൺവൻഷൻ നടത്തി. പുനി ബായിയുടെ ഉദരത്തിലുണ്ടായ കാൻസർ പ്രാർത്ഥനയിലൂടെ സൗഖ്യമായി.

വിവിധ തരത്തിലുള്ള ഉപദ്രവം സഹിക്കുന്ന സങ്ബാര ഗ്രാമത്തിലെ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൊയ്ത്തിന്റെ യജമാനൻ പ്രവർത്തകരില്ലാതെ വലയുന്ന ആറു മിഷൻ വയലുകളിലേക്കു വേലക്കാരെ അയക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിർമ്മാണത്തിലിരിക്കുന്ന ഏഴു ദൈവാലയങ്ങൾ, നന്ദുർബാദ് ബാലിക ഭവനം, തലോട ബാലഭവനത്തിലെ പ്രവർത്തകരുടെ താമസത്തിനായുള്ള കെട്ടിടം എന്നിവ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥനയുടെ ഫലമായി ലക്ഷ്മി ദേവിക്കും രത്നമ്മക്കും നല്ല ജോലി ലഭിച്ചു. ഇവിടെ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള സുവിശേഷകനെയും സന്നദ്ധ സുവിശേഷകനെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആടുകളെ മോഷ്ടിക്കുന്ന സ്വതന്ത്ര ദൈവവേലക്കാർ നമ്മുടെ പ്രവർത്തനത്തെ ഉപദ്രവിക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ആശ നഷ്ടപ്പെട്ടു ഭവനത്തിലേക്കു അയച്ച ഗൗരമ്മയെ ദൈവം കാൻസർ രോഗത്തിൽ നിന്നും വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തൽസാരി

**മയിൽസ്വാമി & യേശുമണി**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 530 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ഒരു വേദപുസ്തകവും ആറു പുതിയ നിയമവും വിതരണം ചെയ്തു. 82 കുട്ടികൾ വിബിഎസിൽ പങ്കെടുത്തു. ചില്ലാർ പ്രദേശത്തു സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു ധൈര്യമുള്ളവരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗം, യുവജന യോഗം, വേദപഠന പരിശീലനം, സഭാമൂപ്പന്മാരുടെ യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന ദിനം

### ബോരാടി

**ഓംപ്രകാശ് & സപ്ന**

അഞ്ചു ഗ്രാമങ്ങളിലുള്ള 697 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. മൂന്നു വേദപുസ്തകം വിതരണം ചെയ്തു. 13 ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ 397 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. രണ്ടു ഗ്രാമങ്ങളിൽ നടത്തിയ കുട്ടികളുടെ യോഗത്തിൽ 140 കുട്ടികൾ സംബന്ധിച്ചു. റുഷി ബായിയുടെ ട്രാക്ടറും ഡ്രൈവറും നിലം ഉഴുന്ന വേളയിൽ മലമുകളിൽ നിന്നും താഴേക്കു പതിക്കുവാൻ പോയ വേളയിൽ ദൈവം അത്ഭുതകരമായി രക്ഷിച്ചു.

ഉദരത്തിലുള്ള ട്യൂമറിൽ നിന്നും രാകേഷ്, വായിലുണ്ടായ കാൻസറിൽ നിന്നും മുന്ന ബായ്, ക്ഷയ രോഗത്തിൽ നിന്നും സജ്ജൈ ബായ്, മാനസിക രോഗിയായ ബുബി ബായ്, ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുന്ന രജനി എന്നിവരെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സർഗണ

**വിജയ്ബാബു & ദേവ കൃപൈ**

10 ഗ്രാമത്തിലുള്ള 450 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. 15 പുതിയ നിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. 14 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. പിന്മാറ്റത്തിലായിരുന്ന ആറു കുടുംബങ്ങൾ പ്രാർത്ഥനയുടെ ഫലമായി യഥാസ്ഥാനപ്പെട്ടു. നമ്മുടെ വിശ്വാസികൾ ലതാ ബന്നിനോടു സുവിശേഷം പങ്കുവെച്ചു അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. അനേക മന്ത്രവാദികളുടെ അടുക്കൽ പോയിട്ടും സൗഖ്യമാകാതിരുന്ന അവളുടെ ഉദര വേദനയും മറ്റു പ്രയാസങ്ങളും അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു ദൈവം സൗഖ്യമാക്കി. അവളുടെ ഭവനത്തിൽ ക്രമീകരിച്ച രാത്രി യോഗത്തിൽ 60 വ്യക്തികൾ പങ്കെടുത്തു. പ്രാർത്ഥനയുടെ ഫലമായി വനിത ബന്നിനു ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു.

അന്ധരായ കിഷൻബായ്, ഹെരുബൻ എന്നിവരുടെ ത്വക്കു രോഗം (വെള്ളപാണ്ട്) ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചെറു ബാലനായ സുനിലിന്റെ കാലുകൾ ബലപ്പെട്ടു നടക്കുന്നതിനായി പ്രാർത്ഥിക്കുക. ഉമചപ്പട ഗ്രാമത്തിലുള്ള രാകേഷ് ബായി നമ്മുടെ വിശ്വാസികളെ ഭീഷണിപ്പെടുത്തുകയും ഈയടുത്ത കാലത്തു ഒരാളെ മർദ്ദിക്കുകയും ഉണ്ടായി. സുർഗണ ജില്ലയിലെ 45 ഗ്രാമങ്ങളിൽ ഒരു ദൈവാലയമോ വിശ്വാസിയോ ഇല്ല. പിന്മാറ്റത്തിലായവർ ക്രിസ്തീയ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

**28**
**ഏപ്രിൽ**
**വ്യാഴം**

## ജന്മദിനാശംസകൾ

ജേക്കബ് പ്രദീപ്കുമാർ,
പോൾ ആൽബർട്ട്, ഏബ്രഹാം ഡി,
ഗോമ ഗോവിന്ദരാജ്

## കർണ്ണാടക

### കോളാർ റീജിയൻ

**തിമ്മേശ് & കവിത**

118 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 43 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. തെങ്ങിൽ നിന്നു താഴെ വീണ നവീന്റെ ജീവൻ ദൈവം രക്ഷിച്ചു. നമ്മുടെ പ്രാർത്ഥനയുടെ ഫലമായി ലക്ഷ്മിയമ്മക്കും രത്തിനമ്മക്കും നല്ല ജോലി ലഭിച്ചു.

ഇവിടെ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള സന്നദ്ധ സുവിശേഷകനെയോ സ്വദേശ സുവിശേഷകനെയോ ദൈവം അയക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആടുകളെ മോഷ്ടിക്കുന്ന സ്വതന്ത്ര വേലക്കാർ നമ്മുടെ പ്രവർത്തനത്തെ ശല്യപ്പെടുത്തുന്നു. കാൻസർ രോഗം നിമിത്തം പ്രതീക്ഷ നഷ്ടപ്പെട്ടു ഭവനത്തിലേക്കു മടക്കിയച്ച ഗൗരമ്മയെ ദൈവം തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗൗരിബിദനൂർ & മധുഗിരി

**ഫ്രാൻസിസ് ദുരൈസ്വാമി & ജയന്തി**

12 ഗ്രാമങ്ങളിൽ ജീപ്പ് ടീമിന്റെ സഹായത്താൽ സുവിശേഷം പ്രഘോഷിച്ചു. ഗർഭധാരണം ഗുരുതരമെന്നു ഡോക്ടറന്മാർ പറഞ്ഞെങ്കിലും നേത്ര ദൈവകൃപയാൽ സുഖപ്രസവത്തിലൂടെ ഒരു കുഞ്ഞിനു ജന്മം നൽകി. നമ്മുടെ വിശ്വാസികൾ സ്വയമായി കൊടിഗെഹള്ളി ഗ്രാമത്തിൽ സുവിശേഷം അറിയിച്ചു.

ഗർഭപാത്ര കാൻസറിൽ നിന്നും സത്യമ്മ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

## നിരപരാധികളോടൊപ്പം നീതിമാനായ ദൈവം!

ഹിമാചൽ പ്രദേശിലെ രാമ്പൂർ മിഷൻ വയലിലുള്ള നമ്മുടെ വിശ്വാസിയായ ചിന്തയുടെ ഭർത്താവ് ചന്ദ്രകാന്ത ഒരു ലോറി ഡ്രൈവറാകുന്നു. ഏപ്രിൽ ആവസാന ആഴ്ച അവൻ വാഹനം ഓടിക്കുമ്പോൾ ഒരാൾ മയക്കുമരുന്നുമായി വാഹനത്തിൽ കയറി ഒളിച്ചിരുന്നു. പിന്നീട് അവനെ മയക്കുമരുന്നു കള്ളക്കടത്തു കേസിൽ പോലീസ് പിടിച്ചു. നിരപരാധിയായ ചന്ദ്രകാന്തയെ 14 ദിവസം ജയിലിൽ ഇട്ടു. അവനു വേണ്ടി അനേകർ പ്രാർത്ഥിച്ചു. കേസ് കോടതിയിൽ വന്നപ്പോൾ അവൻ തന്റെ സത്യാവസ്ഥയും സാഹചര്യവും വിശദീകരിച്ചു. ദൈവത്തിന്റെ കരുണയാൽ പതിന്നാലാം ദിവസം അവനു ജാമ്യം ലഭിച്ചു. ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു പ്രതീക്ഷിച്ചതിനെക്കാൾ വേഗത്തിൽ ചന്ദ്രകാന്തക്കു വിടുതൽ കിട്ടി.

## 29
## ഏപ്രിൽ
## വെള്ളി

## ജന്മദിനാശംസകൾ

റോബി എ,
സുശീല മാരാക്

### മുൻഗാദ് : സുനിൽ കുമാർ & തെക്കാം സംഗീതലാലു

പത്തു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 50 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. അഞ്ചു പുതിയ നിയമം, മൂന്നു വേദപുസ്തകം എന്നിവ വിതരണം ചെയ്തു. രേശ്മയുടെ ഉദര വേദന മരുന്നിനാൽ സുഖം പ്രാപിച്ചില്ല എന്നാൽ പ്രാർത്ഥിച്ച വേളയിൽ അവൾക്കു സൗഖ്യം ലഭിച്ചു. സാമ്പത്തിക ബുദ്ധിമുട്ടു കാരണം നാഗമ്മയുടെ ഭവന നിർമ്മാണം നിലച്ചു. എന്നാൽ അവർ പ്രാർത്ഥിച്ചതിന്റെ ഫലമായി ഗവൺമെന്റ് ലോൺ ലഭിച്ചു. കഠിനമായ നെഞ്ചു വേദനയിൽ നിന്നു അഷാസിനെ കർത്താവ് സൗഖ്യമാക്കി.

ക്രിസ്തീയ യുവാവുമായി വിവാഹം നിശ്ചയിച്ചതിനാൽ ബന്ധുവായ ധാമ്മ എതിർക്കുന്നു. മുട്ടിലുണ്ടായ നീർക്കോളിൽ നിന്നും പിഷാപ്പ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സങ്കാപ്പ, അക്കാമ്മ എന്നിവരുടെ ഭവനത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ഷിഗ്ഗൗൺ : സുനിൽ കുമാർ & സംഗീത സുനിൽ

10 ഗ്രാമങ്ങളിലുള്ള 200 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. പത്തു പുതിയ നിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. രണ്ടാഴ്ചയായി ഭവനത്തിൽ നിന്നു കാണാതെ പോയ കൊച്ചു പെൺകുട്ടി പ്രാർത്ഥനയുടെ ഫലമായി ഭവനത്തിലേക്കു സുരക്ഷിതയായി തിരികെ വന്നു. ഭാരതി തന്റെ കടങ്ങൾ കൊടുത്തുവീട്ടേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു വശം പക്ഷാഘാതത്താൽ ബാധിക്കപ്പെട്ട പല്ലവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

യൗവ്വനക്കാരിയായ സുമ കാൻസർ രോഗത്തിൽ നിന്നും സവിത തളർവാതത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭിണിയായ പാർവ്വതിയുടെ രക്തത്തിലെ അളവ് സാധാരണ ഗതിയിലാകേണ്ടതിനായി പ്രാർത്ഥിക്കുക. 29 വയസ്സുള്ള മജ്ജുവിനു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗജേന്ദ്രഗട

### മജ്ജിയ നായ്ക് & രത്ന

രണ്ടു ഗ്രാമങ്ങളിലുള്ള 280 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 25 പുതിയ നിയമം അഞ്ചു വേദപുസ്തകം എന്നിവ വിതരണം ചെയ്തു. വിബിഎസിൽ 85 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പക്ഷാഘാതത്തിൽ നിന്നും ആനന്ദ് മോനിട്ടർ സുഖം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ഉമേഷ് വിടുതൽ പ്രാപിച്ചു.

ജൈബുനക്കു നല്ലൊരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹന്നമാവ്വക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രതിഭ രക്താർബുധത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൽക്കേശിനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

കെരുബേൻ പോൾ ക്രിസ്റ്റ്യൻ,
ഭാരതി മൂർത്തി,
വിക്ടർ പോൾരാജ് വി

## ആന്ധ്രപ്രദേശ്

### മാന്ദനപള്ളി

**വെങ്കിടേശൻ & ശശികല**


രണ്ടു ഗ്രാമങ്ങളിലുള്ള 68 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. നാലു ഗ്രാമങ്ങളിൽ നമ്മുടെ വിശ്വാസികൾക്കായി ശിഷ്യത്വ പരിശീലനം നൽകി.


ബൊക്കിട്ടവവാരിപള്ളി ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു കരുണാകര റെഡ്ഡി നൽകേണ്ടതിനായി പ്രാർത്ഥിക്കുക. അടപാലമല ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു എം എൽ എ അനുവാദം നൽകിയിട്ടും തഹസിൽദാർ ദൈവാലയത്തിന്റെ രൂപരേഖയും മറ്റും പിടിച്ചു വെച്ചിരിക്കുന്നു. അതു വേഗത്തിൽ പാസ്സാക്കി തരേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മാക്കളെ കുറിച്ചു അഭിനിവേശമുള്ള സുവിശേഷകൻ ഇവിടെ പ്രവർത്തിക്കുവാൻ വരേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ഗംഗാദേവി സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അമ്പുകളിൽ നിന്നും സംരക്ഷിച്ചു!

ഒടിഷയിൽ റിമുലി മിഷൻ വയലിലുള്ള മിഷനറിയും കുടുംബവും തങ്ങളുടെ താമസ സ്ഥലത്തു നിന്നും 45 കിലോമീറ്റർ ദൂരത്തുള്ള ഒരു ഗ്രാമത്തിൽ രാത്രി യോഗം നടത്തുന്നതിനായി പോയി. യോഗത്തിൽ നാലു കുടുംബം സംബന്ധിച്ചു. എന്നാൽ പ്രാർത്ഥന യോഗം ആരംഭിച്ചപ്പോൾ ഗ്രാമത്തിലുള്ളവർ യോഗത്തെ തടസ്സപ്പെടുത്തുകയും മിഷനറിയെ എതിർക്കുകയും ചെയ്തു. അവർ അമ്പുകളുമായി വന്നു മിഷനറിയെ ഭീഷണിപ്പെടുത്തി. മിഷനറിക്കും കുടുംബത്തിനും അവിടെ പാർക്കുവാൻ സാധിച്ചില്ല കാരണം സമീപ ഗ്രാമമായ കൊങ്കാണ ഗ്രാമത്തിലുള്ളവരും വന്നു മിഷനറിയെ ഉപദ്രവിച്ചു. മിഷനറിയും കുടുംബവും വിശ്വാസികളെ ഉത്സാഹിപ്പിച്ചതിനു ശേഷം അർദ്ധരാത്രിയിൽ സങ്കടത്തോടു കൂടെ കൊടുങ്കാട്ടിലൂടെ തിരികെ പോന്നു. തങ്ങളുടെ കൊച്ചു പൈതങ്ങൾക്കു ഒരു ദോഷവും വരുത്തരുതെന്നു അവർ ദൈവത്തോടു പ്രാർത്ഥിച്ചു. ആ ജനക്കൂട്ടത്തിന്റെ കരങ്ങളിൽ നിന്നും ദൈവം നമ്മുടെ മിഷനറിയെയും കുടുംബത്തെയും പരിപാലിച്ചു.

## കുഷ്ഠരോഗി സൗഖ്യമായി!

മദ്ധ്യപ്രദേശിൽ ദുൽക്കോത് മിഷൻ വയലിലെ പിപ്രി ഗ്രാമത്തിലുള്ളള ജീനു കഴഞ്ഞ അഞ്ചു വർഷമായി കുഷ്ഠരോഗത്താൽ വലയുകയായിരുന്നു. അവളുടെ കൈകാലുകൾ അഴുകി അതിൽ നിന്നു നാറ്റം വമിച്ചു കൊണ്ടിരുന്നു. അവളുടെ കുടുംബാംഗങ്ങൾ അവളുടെ സൗഖ്യത്തിനായി എല്ലാ മാർഗ്ഗവും പരീക്ഷിച്ചു. എല്ലാം പരാജയമായി. യാദൃശ്ചികമായി നമ്മുടെ മിഷനറി അവളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. ദൈവം അവൾക്കു പൂർണ്ണ സൗഖ്യം നൽകി. അതെ കുഷ്ഠരോഗിയെ സൗഖ്യമാക്കുന്ന ദൈവം ഇന്നും ജീവിക്കുന്നു! അവരെ സ്നേഹിക്കുന്നു!

**31**
**ഏപ്രിൽ**
**ഞായർ**

## ജന്മദിനാശംസകൾ

ദാനിയേൽ ഡേവിഡ് ആർ

**ദാമലചെരിവ്**

**ജോൺ ഡേവിഡ് രാജ് & ജ്ഞാനശേഖരി**

അനേക ഗ്രാമങ്ങളിൽ വിബി എസ് സംഘടിപ്പിച്ചു. നടുപാക്കയുടെ താലി നഷ്ടപ്പെട്ടപ്പോൾ അവൾ ദൈവസന്നിധിയിൽ തീരുമാനമെടുത്തു പ്രാർത്ഥിച്ചപ്പോൾ അതു കണ്ടെടുക്കുന്നതിനു ദൈവം അവളെ സഹായിച്ചു. ജമീമ തന്റെ മക്കളെ ദീർഘദൂരം നടത്തി ആരാധന യോഗത്തിൽ സംബന്ധിപ്പിക്കുന്നു. അവൾക്കു ഒരു ഇരുചക്ര വാഹനം അത്യാവശ്യമായിരുന്നു. അവൾ അതിനായി പ്രാർത്ഥിച്ചപ്പോൾ കുറഞ്ഞ വിലയിൽ അതു സ്വന്തമാക്കുന്നതിനു ദൈവം അവളെ സഹായിച്ചു. തളർവാതത്താൽ ശയ്യാവലംബയായി കഴിഞ്ഞ റെഡ്ഡിവാരിപ്പള്ളിയിലെ ലക്ഷ്മിയമ്മയെ പ്രാർത്ഥനയുടെ ഫലമായി ദൈവം സൗഖ്യമാക്കി. ഒന്നാം വർഷ നേഴ്സിങ് വിദ്യർത്ഥിനിയായ നിരോഷ പരീക്ഷകളിലെല്ലാം തോൽവിയായിരുന്നു. എന്നാൽ നേതൃത്വ പരിശീലന ക്യാമ്പിൽ സംബന്ധിച്ച അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവൾ പ്രാർത്ഥനപൂർവ്വം പരീക്ഷക്കായി തയ്യാറെടുത്തു. യൂണിവേഴ്സ്റ്റി പരീക്ഷയിൽ അവൾ 75% മാർക്കോടു കൂടി പാസ്സായി. പൈശാചിക ബന്ധനത്തിൽ നിന്നു ലക്ഷ്മി വിടുതൽ പ്രാപിച്ചു.

വിബിഎസിലൂടെ വിതെച്ച സുവിശേഷ വിത്തുകൾ വരും നാളുകളിൽ ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നും പ്രഭാകർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജ്യോതിയമ്മയുടെ ഭർത്താവ് മദ്യപാനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനും പിന്മാറ്റത്തിൽ പോയ അവളുടെ മകനും മരുമകളും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. 12 വയസ്സുള്ള ബാലൻ ചന്ദ്രുവിനെ മസ്തിഷ്ക ട്യൂമറിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഹിണി നീറ്റ് പരീക്ഷയിൽ വിജയിക്കേണ്ടതിനും അവളുടെ രക്ഷിതാക്കൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. നെഞ്ചു വേദനയിൽ നിന്നു ജ്യോതി സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോയി സുഭാഷിനി, സ്വേത എന്നിവർക്കു ദൈവഭയമുള്ള വരന്മാരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

**മെച്ചേരി**

**ആർ ആർ ധർമ്മരാജ് & മറിയ സെൽവി**

യേശുവിന്റെ നാമം ഓർത്തുകൊണ്ടിരുന്ന ഷാഹമാരനു പരിക്ഷ നല്ലവണ്ണം എഴുതുവാൻ ദൈവം സഹായിച്ചു. അനുഷിയയ്ക്കു സുഖപ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

ഗർഭപാത്ര സംബന്ധമായ പ്രയാസത്തിൽ നിന്നു സുകന്യയെ ദൈവം വിടുവിച്ചു. മണികണ്ഠൻ, രവികുമാർ, രാജ്കുമാർ, രാജീവ് ഗാന്ധി, പവിതാർ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മിഷനറി ആൽബം

373

അക്രൈസ്തവ ദമ്പതികളായ ശ്രീ. ഗുണാലന്റെയും ശ്രീമതി കൗസല്ല്യയുടെയും മകനായി 1975 ആഗസ്റ്റ് 31 ന് സഹോ. ബാലാജി ജനിച്ചു. മധുരയിലെ പശുമലൈ ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന വേളയിൽ കൂട്ടുകാരോടൊപ്പം ഒരു പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്നതിനു അവസരം ലഭിച്ചു. ആ പ്രാർത്ഥന യോഗത്തിൽ വെച്ചു യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആത്മീക സുഹൃത്തുക്കളുമായുള്ള കൂട്ടായ്മ പ്രത്യാശയുള്ള ജീവിതത്തിലേക്കു നയിക്കുന്നതിനും കർത്താവായ യേശുവിലുള്ള പരിജ്ഞാനത്തിൽ വളരുന്നതിനും സഹായകരമായി. 1993 ൽ ബാലാജിക്കു ചെന്നയിൽ ഒരു ജോലി ലഭിച്ചു. ആ സമയത്തു മിഷൻ കാഴ്ചപ്പാടുള്ള ഒരു യോഗത്തിൽ സംബന്ധിച്ചു. ആ യോഗത്തിൽ വെച്ചു പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. 2001 ൽ ഒരു സന്നദ്ധ സേവകനായി FMPB യിൽ ചേർന്നു ചെങ്കൽപേട്ട, കാഞ്ചിപുരം എന്നീ ജില്ലകളിൽ പ്രവർത്തിച്ചു. 2002 ൽ പൂർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു. ഒരു വർഷത്തെ മിഷനറി പരിശീലനത്തിനായി ഉത്തർപ്രദേശത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷനിലേക്കു അയച്ചു. പരിശീലനം പൂർത്തീകരിച്ച സഹോ. ബാലാജിയെ ജാർഖണ്ഡിലുള്ള ലാൽമട്ടിയ മിഷൻ വയലിലേക്കു അയച്ചു.

ക്രൈസ്തവ കുടുംബമായ ശ്രീ. ജോർജ്ജ് റോയൽ, ശ്രീമതി. രൂത്ത് വസന്ത എന്നിവരുടെ മകളായി 1976 മെയ് 19 ന് സഹോദരി. ജാൻസി ജനിച്ചു. മാതാപിതാക്കൾ അവളെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തി. മിഷനറിയായി കർത്താവിനെ സേവിക്കുന്നതിനുള്ള ദൈവവിളി അവൾക്കു ലഭിച്ചു. അതെ സമയം അവൾക്കു സർക്കാർ ജോലിക്കുള്ള ക്ഷണവും ലഭിച്ചു. FMPB യുടെ ക്ഷണ പ്രകാരം ഇന്റർവ്യൂവിൽ പങ്കെടുത്തു. 2001 ൽ FMPB യിൽ മിഷനറിയായി ചേർന്നു. 2003 വരെ സിൽവാസ, അഹവ എന്നീ മിഷൻ വയലുകളിലുള്ള കുക്ന ജനവിഭാഗങ്ങളുടെ മദ്ധ്യെ പ്രവർത്തിച്ചു.

2004 അഗസ്റ്റ് 18 ന് സഹോ. ബാലാജിയും സഹോദരി. ജാൻസിയും തമ്മിലുള്ള വിവാഹം നടന്നു. നവ ദമ്പതികളെ സന്താൾ ജനസമുദായത്തിന്റെ മദ്ധ്യെ പ്രവർത്തിക്കുന്നതിനായി ലാൽ മട്ടിയ മിഷൻ വയലിലേക്കു നിയമിച്ചു. 2007 ൽ അവരെ സുന്ദർ പഹാഡിയ മിഷൻ വയലിലേക്കും 2019 ൽ കാന്ദുവ മിഷൻ വയലിലേക്കും നിയോഗിച്ചു. ഇപ്പോൾ ഇവർ ജാർഖണ്ഡിലെ ധംധമിയ മിഷൻ വയലിൽ പ്രവർത്തിക്കുന്നു.

ഈ മിഷനറി ദമ്പതിമാർക്കു രണ്ടു മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. മൂത്തമകൾ ക്രിസ്റ്റി ഇവാൻജലിൻ (09.08.2005) പതിനൊന്നാം ക്ലാസ്സിലും ഇളയമകൻ യബ്ബേസ് ജപകുമാർ (22.10.2011) അഞ്ചാം ക്ലാസ്സിലും പഠിക്കുന്നു.

ഈ മിഷനറി കുടുംബത്തെ നമ്മുടെ ദിനം തോറുമുള്ള പ്രാർത്ഥനയിൽ ഓർക്കാം.



ശ്രീ. ബാലാജി യേശുദാസൻ & ശ്രീമതി. ജാൻസി കുടുംബം

We want to help you to be in touch with…
Friends Missionary Prayer Band

**KERALA COUNCIL CHAIRMAN: Very.Rev.P.O.Ninan,** Mallappally, Ph.0469 -2683034

**ZONAL ADVISOR : Bro. C.S. Isaiah,** F.M.P.B, Messiah Sadan, Thirumala P.O,
................................ Thiruvanathapuram -695006. Mob. 9447 000 899

**ZONAL OFFICE : Rev. Thomas Mathew,** Zonal Secretary, FMPB, Choorakuzhiyil House,
.................................Makkapuzha P.O, Ranni - 689 676.Mob. 9495 309 335,
.................................E - Mail. thomasmatthew@fmpb.org, sajifmpb@gmail.com

**REGION ADVISOR : Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
.................................Mavelikara - 90 110 Mob.9495 156 486; 9446 191 886
.................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
.................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
.................................Mob.8951 766 255, 8951 766 255 E- Mail. manoj@fmpb.org

**Parassala:** ................**Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Thiruvanathapuram:Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Neyyattinkara East :Mr.K. Thankappan,** Hon. Pro. secretary, FMPB, "Prabhath",
.................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram : Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**CENTER KERALA REGION : Rev. Abraham Thomas,** Regional Secretary, FMPB,
.................................Madhavanpady, Vadavathoor P.O, Kottayam - 686 010.
.................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
.................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
.................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec. FMPB, Vazhamattom House,
.................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, Ararat,
.................................Narayananasan Road, Vittila P.O- 682 019; Mob. 9847 575 416;

**Kothamangalam : Rev. Babu P,** Prom.Sec. Mob.8809 936 270

**Thripunithura :... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION : Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
.................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

# മിഷനറി ആൽബം 374

തിരുനെൽവേലി ജില്ലയിൽ അംബാസമുദ്രത്തിലുള്ള മൻജോലൈ തോട്ടത്തിലെ ക്രിസ്തീയ കുടുംബമായ ശ്രീ. മണിയുടെയും ശ്രീമതി എലിസബേത്തിന്റെയും മൂത്തമകനായി 1982 ജനുവരി 26 ന് സഹോ. ജോൺ ദിനേശ് ജനിച്ചു. വിവാഹം കഴിഞ്ഞ് അഞ്ചുവർഷമായിട്ടും മക്കൾ ജനിക്കാതിരുന്ന ഇവർ ജോണിന്റെ ജനനത്തിനു മുമ്പ് തന്നെ അവനെ പൂർണ്ണ സമയ സുവിശേഷവേലക്കായി സമർപ്പിച്ചിരുന്നു. മാതാപിതാക്കൾ അവനെ ക്രിസ്തീയ വിശ്വാസ പ്രകാരം വളർത്തി. ഒരു കമ്പനിയുടെ മാനേജർ ആകണമെന്ന ലക്ഷ്യത്താൽ ജോൺ കുമാർ B.Com., M.B.A പഠനം വിജയകരമായി പൂർത്തീകരിച്ചു. അവൻ ഒരു ജോലിക്കായി ശ്രമിച്ചു കൊണ്ടിരുന്ന വേളയിൽ യിരെമ്യാവ് 1:5 ലൂടെ ദൈവം അവനോടു സംസാരിച്ചു. "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭപാത്രത്തിൽ നിന്നു പുറത്തു വന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു." ദൈവവിളിയോടുള്ള അനുസരണമായി പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. നെല്ലൈ ജില്ലയിലെ ഷൺമുഖപുരത്തുള്ള ബോടൻപുരത്തു ഒരു സഭാ ശുശ്രൂഷകനായി ദൈവവേല ചെയ്തു. പിന്നീട് തിരുനെൽവേലി മഹായിടവകയിലെ പുരുഷ വിഭാഗത്തിന്റെ അസിസ്റ്റന്റ് ഡിറക്ടറായും വിക്രമസിംഗപുരത്തെ സഭാ ശുശ്രൂഷകനായും പ്രവർത്തിച്ചു. ഈ നാളുകളിൽ FMPB യുടെ മിഷൻ വയൽ സന്ദർശിക്കുന്നതിനുള്ള അവസരം ലഭിച്ചു. ഡോ. എമിൽ ജപസിങ് എഴുതിയ "മന്തയിൽ സേര ആടുകളെ" (കൂട്ടത്തിൽ അല്ലാത്ത ആടുകളെ) എന്ന തമിഴ് പാട്ട് അവനെ പ്രചോദിപ്പിച്ചു. അങ്ങനെ അവൻ FMPB യിൽ ചേർന്നു ആസ്ഥാന മന്ദിരത്തിലെ സാമ്പത്തീക കാര്യാലയത്തിൽ ഒരു വർഷം പ്രവർത്തിച്ചു. തുടർന്നു ജോണിനെ മിഷനറി പരിശീലനത്തിനായി ഉത്തർപ്രദേശിലുള്ള NIM ലേക്കു അയച്ചു.

ഈറോഡിലെ ടീച്ചേഴ്സ് കോളനിയിലെ പരുത്തുറയിലുള്ള ക്രിസ്തീയ മാതാപിതാക്കളായ ശ്രീ. സാമന്തരാജിന്റെയും ശ്രീമതി. രജാത്തിയുടെയും മൂത്ത മകളായി 1980 ഏപ്രിൽ എട്ടിന് സഹോദരി ബിന്നി ജ്ഞാനം ജനിച്ചു. ശൈശവ പ്രായം മുതലെ ക്രിസ്തീയ വിശ്വാസാചാര പ്രകാരം മതാപിതാക്കൾ അവളെ വളർത്തി. സേലത്തുള്ള ഡാനീഷ്പേട്ടിൽ നടക്കുന്ന FMPB യുടെ വാർഷീക യോഗത്തിൽ സംബന്ധിക്കുന്നത് അവളുടെ പതിവായിരുന്നു. ട്രിച്ചിയിലെ ബിഷപ്പ് ഹെബർ കോളജിൽ M.Sc [Chemistry] പഠിക്കുന്ന വേളയിൽ പൂർണ്ണ സമയ സുവിശേഷ വേലക്കായി ദൈവം അവളെ വിളിച്ചു. ദൈവവിളിയോടുള്ള അനുസരണത്തിന്റെ ഭാഗമായി 2003 ൽ FMPB യിൽ ചേർന്നു. ഉത്തർപ്രദേശിലുള്ള NIM ലെ ഒരു വർഷത്തെ പഠനത്തിനു ശേഷം ജാർഖണ്ഡിലെ പന്ന്മേനിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അദ്ധ്യാപികയായി നിയോഗിച്ചു.

2008 ജനുവരി 30 ഇവർ തമ്മിലുള്ള വിശുദ്ധ വിവാഹം നടന്നു. ഈ മിഷനറി ദമ്പതികളെ ഗുജറാത്തിലെ ജാവ്ടയിലെ സെന്റ്. തോമസ് ഇംഗ്ലീഷ് സ്കൂളിലേക്കു നിയോഗിച്ചു. 2009 - 2013 വരെ ജാർഖണ്ഡിലെ പന്ന്മേനി സ്കൂളിൽ പ്രവർത്തിച്ചു. പിന്നീട് അവർ ദൈവനിയോഗ പ്രകാരം സിത്തുറിയ, പത്താർക്കർ മിഷൻ വയലുകളിൽ പ്രഥമ മിഷനറിമാരായി സഭാ സ്ഥാപന ശുശ്രൂഷ ചെയ്തു. 2013 മുതൽ ജാർഖണ്ഡിലെ പുയാങ് ജനങ്ങളുടെ മദ്ധ്യെ സാഹിത്യ പ്രവർത്തനം ചെയ്യുന്നു.

ദൈവം ഈ ദമ്പതികൾക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. മൂത്ത മകൾ ജെ അഡ്‌ലിൻ ബ്ലസ്സി (28.01.2009) എട്ടാം ക്ലാസ്സിലും ഇളയ മകൾ ജെ അൽവിന (23.10.2012) നാലാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു.

ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക.



ശ്രീ. ജി. എം. ജോൺ ദിനേശ് & ശ്രീമതി. ബിന്നി ജ്ഞാനം കുടുംബം

# FINANCE DEPARTMENT




## FMPB Bank Account details for sending the offering through online transaction

A/c Name: **FRIENDS MISSIONARY PRAYER BAND**

ICICI - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

SBI - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

Indian Bank - A/c No. 406157474 - IFS Code IDIB000A599 - Branch: Venkatapuram

**Kindly contact us at: finance@fmpb.org, WhatsApp: 7904648270**

## FOR THE KIND ATTENTION OF SUBSCRIBERS AND SUPPORTERS

The Payment Gateway of State Bank of India through internet is enabled for the contributors of FMPB. You are requested to avail the facility to remit the money.

You are requested to inform the purpose for which the money you deposit through **FMPB SB COLLECT** website.

To enter the gateway, please type **'FMPB SB COLLECT Online subscription'** and provide other details to make your transaction complete. This will help us to know your identity immediately and respond quickly to send receipts and acknowledgements.




In google search type: **FMPB SB Collect**

it will show **State Bank Collect - Online SBI**

**Tick the box**

☑ (Click check box to proceed for payment)

**Proceed**

State of Corporate / Institution: Select **All India**

Type of Corporate / Institution:
Select **Religious Institutions**

**Go**

Religious Institutions Name: **Friends Missionary Prayer Band**

**Submit**

Select Payment Category: **Donations and subscriptions**

***Published by:*** S. Sutharsan Thomas Jeyaraj on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. Sutharsan Thomas Jeyaraj***